032:3xNO J2 CHITHRAREKHAKAL.

032:3x NO
J2

032:3a NO J2
C. HITHDOREKHA
L.

MUL
165329

**Madras University Library.**

DOCTRINA·VIM·PROMOVET·INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

19 JAN 1958

22 FEB 1960

13 APR 1960

8 SEP 1969

61

2

# ചിത്രരേഖകൾ

പ്രസാധകന്മാർ:
മംഗളോദയം ലിമിററഡ്,
തൃശ്ശിവപേരൂർ.

1127/1952

UNIVERSITY LIBRARY
- 8 ... 1956
MADRAS

824
1951

UNIVERSITY LIBRARY
- 8 MAR 1956
MADRAS

# 1. പെൺമക്കൾ

പ്രിയപ്പെട്ട ജന്മദേശത്തെ ഒരുകുറികൂടി അവസാനമായി കാണുവാൻ അവൾ ജന്നലിലൂടെ തല പുറത്തേയ്ക്കിട്ടു. പക്ഷേ കണ്ണീർകൊണ്ടു് ഒന്നും കാണുവാൻ കഴിഞ്ഞില്ല. ആയിരം സ്മരണകൾ അവളുടെ ഉൾക്കളത്തിൽ ഉണർന്നു. അനിശ്ചിതമായ ഒരു വിധിയിലേയ്ക്കു് ഒഴുകിപ്പോകുന്നതായി അവൾക്കു തോന്നി.

ട്രെയിൻ പാഞ്ഞുകൊണ്ടിരുന്നു. അങ്ങകലെ വൃക്ഷങ്ങൾക്കു മുകളിൽ അമ്പലത്തിൻെറ കൊടിമരം അവൾ ഉയർന്നുകണ്ടു. ലക്ഷ്മിഅമ്മാൾ പൊട്ടിക്കരഞ്ഞുപോയി. അടുത്തിരുന്ന അമ്മ ദേഷ്യപ്പെട്ടു ചോദിച്ചു: “ഇതെന്തെടീ?”

“അമ്മാ, ഇനിയും എനിക്കു്—എൻെറ സഹോദരികളുടെ—”

“മിണ്ടരുതു്.”

അവൾക്കു് ഒരക്കനുണ്ടായിരുന്നു. നല്ല സ്നേഹമുള്ള ഒരക്കൻ. ലക്ഷ്മിക്കന്നു നാലോ അഞ്ചോ വയസ്സു പ്രായമുണ്ടു്. അവൾ അസ്പഷ്ടമായി ഓർക്കുന്നു: ഒരു കറുത്തു തടിച്ച മനുഷ്യൻ അവിടെ വന്നു് അമ്മയോടു ദീർഘമായി സംസാരിക്കാറുണ്ടായിരുന്നു. ഒരു ദിവസം അക്കൻ നല്ല ചേല

കൾ ഉടുത്തു. അവർ കരയുന്നുമുണ്ടായിരുന്നു. ലക്ഷ്മി ചോദിച്ചു: "അക്കൻ എവിടെ പോകുവാ?"

അക്കൻ പറഞ്ഞ മറുപടി അവൾക്കോർമ്മയുണ്ട്: "അനുജത്തി, അതു നിനക്കും അറിയാം!"

"അക്കൻ എന്നു വരും?"

അതിന്നു് അക്കൻ എന്തോ മറുപടി പറഞ്ഞു. വളരെ ഉമ്മവെച്ചിട്ടു് അക്കൻ പോയി. പിന്നീടൊരിക്കലും വന്നില്ല. കുറച്ചുകൂടി പ്രായമായപ്പോൾ, കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിവു വന്നപ്പോൾ, ലക്ഷ്മി ആ മറുപടി ഓർക്കുവാൻ ശ്രമിച്ചു. തൻെറ അക്കൻെറ ശബ്ദം അവളുടെ ചെവിക്കുള്ളിൽ ഇന്നും മുഴങ്ങുന്നുണ്ടു്. പക്ഷേ അതു് അവ്യക്തമാണു്; ഏതോ ഒരന്യഭാഷപോലെ ഒന്നും മനസ്സിലാക്കാൻ കഴിയാത്തതാണു്. ലക്ഷ്മി വിശ്വസിച്ചു, ആ മറുപടി തൻെറ സഹോദരിയെസ്സംബന്ധിച്ച രഹസ്യം വെളിപ്പെടുത്തുമെന്നു്. അവൾ സഹോദരിയെ ഓരോ നിമിഷവും പ്രതീക്ഷിച്ചു. ഉറക്കമില്ലാത്ത പല രാത്രികളിലും സഹോദരസ്നേഹത്തിനുവേണ്ടി ദാഹിച്ചുഴറുന്ന ലക്ഷ്മിയുടെ ആത്മാവു തൻെറ കൊച്ചുലോകത്തിൻെറ മുക്കിലും മൂലയിലും അക്കനെ തേടി അലഞ്ഞുനടന്നു. ആ ശബ്ദം അപ്പോഴും ചെവിക്കുള്ളിൽ മുഴങ്ങുന്നുണ്ടായിരുന്നു.

അവളുടെ ജന്മഭൂമി അവളേയും മറക്കും; അതിന്നു് അവളുമായുള്ള ഇടപാടുകളെല്ലാം തീൎന്നു. ഒരു നഷ്ടവും ആർക്കും അവിടെ ഉണ്ടാകാനുമില്ല.

ആ സുദീർഘയാത്രയിൽ അമ്മയും മകളും ഒന്നും മിണ്ടിയില്ല. അവർ കടവിൽ ഒരു ദൂരദിക്കിൽ ചെന്നുചേൎന്നു.

അമ്മ ചോദിച്ചു: "കരഞ്ഞുകരഞ്ഞു നിൻെറ മുഖം ശകുനം കാണാൻകൂടി കൊള്ളിക്കരുതു്."

ലക്ഷ്മി ദയനീയസ്വരത്തിൽ അപേക്ഷിച്ചു: "അമ്മാ, എനിക്കു പേടിയാകുന്നു. നമുക്കു തിരിച്ചുപോകാം. ഞാൻ കുലത്തിനു മാനക്കേടു വരുത്തുകയില്ല. ഞാൻ ഇങ്ങിനെ ഇരുന്നുകൊള്ളാം, അമ്മാ. കല്യാണം വേണ്ടാ. ഈ ഭ്രന്യനാട്ടിൽ എനിക്കു മേലാ."

വിധവ അവളെ വളരെ ചീത്തപറഞ്ഞു.

അതു് ഒരു പട്ടണമാണ്. ആളുകൾ മനസ്സിലാകാത്ത ഭാഷ പറയുന്നു. രൂപത്തിലും പ്രകൃതിയിലും അവർ അവൾക്കു പരിചയമുള്ളവരെക്കാളേറെ വിഭിന്നരായിരുന്നു.

ലക്ഷ്മി അമ്പരന്നുപോയി.

"അമ്മാ!"

"എന്തെടീ?"

"നമുക്കു തിരിച്ചുപാം, ഞാൻ—" അപ്പോൾ ഒരു തടിച്ച മനുഷ്യൻ അവരെ സമീപിച്ചു. അയാൾ അവൾക്കറിയാവുന്ന ഭാഷയിൽ ചോദിച്ചു: "തിരുവിതാംകൂറിൽ നിന്നു്?"

"അതേ." വിധവ പറഞ്ഞു.

അയാൾ ലക്ഷ്മിയെ സൂക്ഷിച്ചുനോക്കി. അവൾ തല കുനിച്ചു കുഞ്ഞിനെപ്പോലെ അമ്മയോടു ചേർന്നുനിന്നു.

"അമ്മാ—!"

വിധവ പല്ലുകടിച്ചുകൊണ്ടു് അവളെ ഒന്നു രൂക്ഷമായി നോക്കി.

"കാറുണ്ട്." അയാൾ പറഞ്ഞു.

അവർ പോർട്ടിക്കോവിൽക്കിടന്ന ഒരു കാറിൽ കയറി. വിധവ ലക്ഷ്മിയെ വലിച്ചിഴച്ചു കാറിൽ കയറേണ്ടതായിവന്നു.

ആ വാഹനം ഒരു ഹോട്ടലിൻെറ മുന്നിൽ ചെന്നുനിന്നു. ലക്ഷ്മി അശ്രുക്കൾ നിറഞ്ഞ കണ്ണുകളോടുകൂടി അമ്മയോടു ചോദിച്ചു: "ആരുണ്ടമ്മാ, അമ്മയ്ക്കു്?"

വിധവ അതു കേട്ടതായി ഭാവിച്ചില്ല.

ഒരു പ്രായമേറിയ സ്ത്രീ വാതില്ക്കൽ വന്നു. ഒരു മന്ദഹാസം തൂകിയെങ്കിലും ആ സ്ത്രീയുടെ മുഖത്തു ക്രൂരതയോ മുശടത്തമോ ഒക്കെ പ്രതിഫലിച്ചിരുന്നു. അവർ ലക്ഷ്മിയെ സൂക്ഷിച്ചുനോക്കിയിട്ടു്, പിന്നിൽ നിന്ന ഒരു സ്ത്രീയോടു് എന്തോ ലക്ഷ്മിക്കു് അറിഞ്ഞുകൂടാത്ത ഭാഷയിൽ പറഞ്ഞു. ആ സ്ത്രീ എന്തോ ചോദിച്ചു. അങ്ങിനെ മൂന്നുനാലു വാക്കുകൾ അവർ കൈമാറി.

മൂന്നുനാലു സ്ത്രീകൾ നില്പുള്ള ഒരു മുറിയിലേയ്ക്കു് അവരെ ആ പ്രായമുള്ള സ്ത്രീ ആനയിച്ചു. ആ പെണ്ണുങ്ങളും അവളെ തുറിച്ചുനോക്കി.

അവിടെ ആകപ്പാടെ ഒരസാധാരണത്വം ലക്ഷ്മി കണ്ടു. അവരുടെ നോട്ടവും വത്തമാനവും—അതു മനസ്സിലായില്ലെങ്കിലും—എല്ലാം പ്രത്യേകമായിരുന്നു. ആ പെണ്ണുങ്ങളുടെ കണ്ണുകൾക്കു ജീവനില്ല. കവിൾ വല്ലാതെ തുടുത്തിരിക്കുന്നു. ഒന്നിൻേറയും പ്രായം തീത്തു പറഞ്ഞുകൂടാ. വിലപിടിച്ച വേഷങ്ങളും ആഭരണങ്ങളും അണിഞ്ഞിരുന്നു. അവരുടെ കളിയും ചിരിയും ഭാവവും പ്രായവും ആ

ക്കെള്ളടി ഒരു പൊരുത്തവുമില്ല. അവളുടെ അമ്മ അടുത്ത മുറിയിലേയ്ക്കു പോയി.

ഒരു പുരുഷൻ ആ മുറിക്കകത്തു വന്നു. അയാൾ ഒരു പൂമാല കഴുത്തിൽ ഇട്ടിരുന്നു. കറുത്ത നിറം. അയാളുടെ ചുണ്ടുകൾ വരണ്ടും കണ്ണുകൾ താണു നിർജ്ജീവങ്ങളായുമിരുന്നു. അയാളുടെ ഉച്ഛ്വാസം ലക്ഷ്മിയുടെ ഭുജത്തിന്മേൽ തട്ടി. മദ്യം മണക്കുന്നു! ആ പ്രായംകൂടിയ സ്ത്രീ എന്തോ ചോദിച്ചു. അതിന്നയാൾ ഉത്തരവും പറഞ്ഞു.

അമ്മ തിരിച്ചു വന്നപ്പോൾ, അവരുടെ കണ്ണുകൾക്ക് ഒരു നനവുണ്ടായിരുന്നു. എങ്കിലും ഒരാശ്വാസം അവരിൽ കണ്ടു. എല്ലാവരും അടുത്ത മുറിയിലേയ്ക്കു പോയി. അമ്മയും മകളും മാത്രം ആ മുറിയിൽ ശേഷിച്ചു. അതു് അത്ഥവത്തായിരുന്നു. അമ്മ പറഞ്ഞു: "എന്റെ ഓമന മുണ്ടു മാറു്."

"എന്നെ എന്തിനു കളയുന്നു, അമ്മേ?"

"കളയുന്നോ!"

"അതേ, അമ്മേ. ഇതു നല്ലതിനല്ല. എല്ലാം പിശകായിട്ടാണു് കാണുന്നതു്. ഞാൻ കല്യാണം കണ്ടിട്ടുണ്ടു്. ഒരിടത്തും ഇങ്ങിനെയല്ല."

"ആചാരങ്ങൾ ഓരോ സ്ഥലത്തും ഓരോന്നാണു്, കുഞ്ഞേ!"

ലക്ഷ്മി നിഷേധഭാവത്തിൽ തലകുലുക്കി. അമ്മ അവളെ ചേർത്തുപിടിച്ചു നിറുകയിൽ ചുംബിച്ചു.

അവൾ തുടന്നു: "നമുക്കു തിരിച്ചുപോകാം. ഇതു നരകമാണമ്മേ! ഞാൻ ഒരിക്കലും അമ്മയ്ക്കു് ഒരു ഭാരമായി

രിക്കയില്ല. നമ്മുടെ നാട്ടിൽ സ്വത്തുള്ളവരുണ്ട്. അവിടെ ഞാൻ വിടുവേല ചെയ്തുകൊള്ളാം. എൻെറ അമ്മ എന്നെ ഇങ്ങിനെ കൈവെടിയരുത്. എനിക്കു മേലാ."

ഒരു നിമിഷം കഴിഞ്ഞ്, വിധവ പറഞ്ഞു: "എൻെറ ഓമന അങ്ങിനെ പറയാതെ. അമ്മയെങ്ങിനെ സ്ത്രീധനമുണ്ടാക്കും? അമ്മ ഒരുപാടു ശ്രമിച്ചു. പണമില്ലാതെ നാട്ടിലാരും കല്യാണം കഴിക്കുകയില്ല. എൻെറ വിധിയാണ്, മകളേ! എൻെറ കുഞ്ഞുങ്ങളാരും അടുത്തില്ലാതെ മരിക്കാം. പാവങ്ങളായിപ്പോയില്ലേ നമ്മൾ!"

വിധവ ദീൎഘമായി നിശ്വസിച്ചു.

ലക്ഷ്മിക്കതറിയാം. അമ്മ വളരെ ശ്രമിച്ചു. അവൾ വളൎന്നുവരുന്തോറും പെണ്ണുങ്ങൾ പരസ്പരം മന്ത്രിച്ചുതുടങ്ങി. ആ മാതാവിൻെറ ഉൽക്കണ്ഠകളുടെ ബഹിഃപ്രകടനം കണ്ടു മകളുടെ ഉള്ളലിഞ്ഞു. പക്ഷേ അവൾ പറഞ്ഞു: "അമ്മാ, ഇങ്ങിനെയിരുന്നു മരിക്കാം."

"ശ്ശ്, പാപമാണ്, മകളേ!"

"ഇതു കഷ്ടമാണ്."

"ആയിരിക്കാം. പക്ഷേ അനുസരിക്കു, കുഞ്ഞേ! ദൈവം എന്നും ഒരു വിധവയോടു ദയവില്ലാതെ ഇരിക്കയില്ല. ഇതുകൊണ്ടു നന്മ വരും. നീ സുഖമായിരിക്കുമ്പോൾ അമ്മയെ ഓൎത്താൽ മതി. ഈശ്വരനെ സേവിക്കു, കുഞ്ഞേ! അദ്ദേഹത്തിൻെറ കരുണ ഉണ്ടാകും."

"പക്ഷേ—പക്ഷേ—അമ്മേ, അക്കൻ എവിടെ? അമ്മ അവൾക്കു നന്മ വരുമെന്നാശിച്ചു."

വിധവ ഒന്നു നടുങ്ങി. അവർ കരച്ചിലമൎത്താൻ പ

ല്ല കടിച്ചമർത്തി. അമ്മ വേദനപ്പെടുന്നതു മകൾ സൂക്ഷി ച്ചുകണ്ടു. അവൾ അമ്മയെ കെട്ടിപ്പിടിച്ചു: "അമ്മാ, ക്ഷ മിക്കണം അമ്മാ!"

"എൻെറ മകളേ, അമ്മ വളരെ സഹിച്ചു. അമ്മ യുടെ ഉള്ളു തഴമ്പിച്ചുപോയി."

അല്പസമയംകൂടികഴിഞ്ഞ്, വിധവ തുടർന്നു: "നി ൻെറ അക്കന വളരെ സുഖമാണ്. അവളുടെ ഭർത്താവു സമ്പത്തുകാരനാണ്. അവൾ ഹൈദ്രാബാദിലാണ്, കു ഞ്ഞേ! പക്ഷേ അവൾ അവളുടെ അമ്മയെ മറന്നു. പോ കാൻനേരത്ത് അവൾ എന്നെ ശപിച്ചു. താൻ മരിച്ച തായി വിചാരിക്കാൻ എന്നോടു പറഞ്ഞു.

അവൾക്കു സ്നേഹമില്ല, കുഞ്ഞേ. പക്ഷേ നിനക്ക് അങ്ങിനെയൊരനുഭവം വരാതിരിക്കട്ടേ!"

വിധവയുടെ കണ്ണുകൾ മുകളിലേയ്ക്കുയർന്നു. അടുത്ത മുറിയിൽനിന്ന് ആരോ ചോദിച്ചു: "കഴിഞ്ഞോ?"

"ഒരു നിമിഷംകൂടി." വിധവ പറഞ്ഞു.

"അതെന്താണമ്മാ?" ലക്ഷ്മി ചോദിച്ചു.

"നമുക്കു പിരിയണം."

"എന്നെന്നേയ്ക്കും—"

"നീ നിൻെറ അക്കനെപ്പോലെയാണെങ്കിൽ?"

അമ്മയുടെ മുഖത്തു ലക്ഷ്മി തുറിച്ചുനോക്കി. അതെ ന്തു മുഖമാണ്!

"അമ്മാ, അമ്മ കരയാത്തതെന്ത്?"

വിധവ ഒരു കസേരയിൽ ശിരസ്സു കുനിച്ചു കുമ്പിട്ടി രുന്നു. പക്ഷേ അവർ കരയുകയല്ല. ലക്ഷ്മിയുടെ കണ്ണുക

ളും തോന്നു. ഒരു നിമിഷം ഒരു നേത്ത മന്ദഹാസം അവ ളുടെ ചുണ്ടുകളിൽ കളിയാടി.

"ഇതു നല്ലതിനോ അമ്മാ?"

"അതേ, മകളേ!"

അല്പസമയം കഴിഞ്ഞു്, അവൾ ചോദിച്ചു: "കല്യാ ണകമ്മമില്ലേ, അമ്മാ?"

"ഉണ്ടു്."

ലക്ഷ്മിയും മുഖം തുടച്ചുകൊണ്ടു പറഞ്ഞു: "അമ്മാ, എൻെറ തല പിന്നിക്കേ!"

"നീ—നീ പോകാൻ തീച്ചപ്പെടുത്തിയോ?"

"വേണ്ടേ?"

ഒരു നിമിഷം കഴിഞ്ഞു് അമ്മ പറഞ്ഞു: "വേണം."

കുറച്ചു സമയംകൊണ്ടു ലക്ഷ്മി വേഷം പൂത്തിയാക്കി കണ്ണാടിയുടെ മുന്നിൽ ചെന്നുനിന്നപ്പോൾ അവൾക്കു് ഒ ന്നുകൂടി നീളംവെച്ചു. സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ പോകുന്ന ലഘുചിത്തയായ വധു! അമ്മയുടെ ചേലയുടെ ഞൊറികൾക്കിടയിൽ ഒളിക്കുന്ന ലജ്ജാധീനയായ, ഭയ പ്പെട്ട, ഒരു കുട്ടിയല്ല അവൾ!

കമ്മം കഴിഞ്ഞു. ആ മാലക്കാരനാണു് വരൻ. സ ത്രീയും ആ ഹോട്ടലിലായിരുന്നു. അമ്മയും റയിൽവേസ്റ്റേ ഷനിൽ വന്നവനും തമ്മിൽ കണക്കു പറഞ്ഞു. ഭാര്യയും ഭത്താവും കാറിൽ കയറി.

"അമ്മാ, കാണാം" അവൾ പറഞ്ഞു. അപ്പോ

ഴേക്കും കാറങ്ങു പോയി. ആ വിധവ ഒരക്ഷരം മിണ്ടാൻ കഴിയാതെ ശിലാപ്രതിമപോലെ വാതില്ക്കൽ നിന്നു.

അങ്ങിനെ ആ തകൎന്ന ജീവിതവീണയുടെ അവസാനത്തെ കമ്പിയും പൊട്ടി. അവസാനഗായകൻ പോയി. അവർ ഒരമ്മയാണോ? ഒരു ശൂന്യതയെ ആ സ്ത്രീ തുറിച്ചു നോക്കി. ഒരു നിമിഷത്തേയ്ക്കു് അവൾക്കു കണ്ണു കണ്ടുകൂടായിരുന്നു; ചെവി കേട്ടുകൂടായിരുന്നു. ആ വയററിൽ ആണു കാൎയ്യിട്ടില്ലെന്നേയുള്ളു. അവർ വന്ധ്യയല്ല. എന്നാൽ പ്രസവിച്ചതുകൊണ്ടുമാത്രം ആ വിധവ വന്ധ്യയെക്കാളേറെ നിൎഭാഗ്യയാണു്.

എവിടെനിന്നോ ഒരു പിച്ചക്കാരി മുമ്പിൽ ആവിൎഭവിച്ചു. അവൾ വിധവയെ തുറിച്ചുനോക്കി—ഒരു നിമിഷം. വിധവയ്ക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. വിധവയ്ക്കു ശ്വാസം മുട്ടി.

"നീ—നീ—" വിധവ വിക്കിവിക്കി ശബ്ദിച്ചു. പിച്ചക്കാരി ഒരു ലോകവിദ്വേഷിയെപ്പോലെ ചിരിച്ചു. അവൾ ചോദിച്ചു: "ഇളയതിനേയും കഴിച്ചു, ഇല്ലേ? ഭേഷ്! നല്ല കച്ചവടമായിരുന്നോ? എന്തു കിട്ടി?"

"നീ—നീ—"

"അതേ, മൂത്ത മകൾ. വളരെ ഉപയോഗിച്ചു ചീത്തയായ ഒരു മകളെ വേശ്യാലയത്തിൽനിന്നു തള്ളിയപ്പോൾ, മറെറാന്നിനെ, കുറച്ചുകൂടി നല്ലതിനെ, അവിടെക്കൊടുക്കാനുണ്ടായി. പക്ഷേ അതും പഴയതാകും. പിന്നെയോ?"

"നിന്റെ വിധി അതോ?" വിധവ ദുസ്സഹമായ വേദനയോടെ ചോദിച്ചു.

"ഞങ്ങളുടെ."

"എന്റെ ഈശ്വരാ!"

"ഓ, സാരമില്ല." പിച്ചക്കാരി തിരിഞ്ഞു നടന്നു.

"എന്റെ മകൾ—" വിധവ നിലത്തു വീണു.

—തകഴി

UNIVERSITY MADRAS

# 2. സഖി

"ഞാനിവിടെയുള്ളപ്പോഠം ഈവക തോന്ന്യാസങ്ങളൊന്നും നടത്താൻ സമ്മതിക്കില്ല. ഇതെന്തൊരു കൂത്താണു്! ആ പുലയിപ്പെണ്ണുമായുള്ള സംസർഗ്ഗം മതിയാക്കവാൻ നിങ്ങഠംതന്നെ മകളോടുപദേശിക്കണം. അമ്മയില്ലാത്ത കുട്ടിയെന്നും പറഞ്ഞു്, അവളുടെ ദുശ്ശീലത്തിന്നും ദുശ്ശാഠ്യത്തിന്നും വളംവെച്ചുകൊടുക്കുന്നതു നിങ്ങളാണു്. ഞാൻ വല്ലതും പറഞ്ഞുപോയാൽ—ഓ! പെററമ്മയല്ലാത്ത ഒരു കുററം എനിക്കുണ്ടല്ലോ. അതാ, ആ പാടത്തേയ്ക്കൊന്നു നോക്കു, ആ പെണ്ണു വരുന്ന വരവു്! ആ കുരുത്തംകെട്ട കാളിപ്പെണ്ണിൻെറ ചുമലിൽ കയ്യുംവെച്ചു കുഴഞ്ഞാടിക്കൊണ്ടു വരുന്നതു്, ഇവിടെ നിന്നു നോക്കി രസിച്ചോളൂ......."

അത്രയും പറഞ്ഞു്, കഴുത്തൊന്നു വെട്ടിച്ചു മാധവിയമ്മ അടുക്കളയിലേയ്ക്കു പോയി.

'ഭഗവൽഗീത' വായിച്ചുകൊണ്ടിരുന്ന ഗോവിന്ദമേനോൻ പുസ്തകത്തിൽനിന്നു കണ്ണെടുത്തു തൻെറ കണ്ണടക്കൂടിൻെറ മുകളിലൂടെ മുൻഭാഗത്തെ പാടത്തേയ്ക്കു തുറിച്ചുനോക്കി. പുസ്തകക്കെട്ടുകഠം മാറോടടുപ്പിച്ചുപിടിച്ചുകൊണ്ടു പ്രഭയും കാളിയും സ്കൂഠംവിട്ടു വരികയാണു്. പോക്കുവെയിൽ അവരുടെ മുഖത്തു മനയോല പൂശുന്നുണ്ടു്. അവർ ആ പാടത്തിലെ മുക്കൂട്ടപ്പെരുവഴിയിൽവെച്ചു പിരിയാനുള്ള ഭാവമാണു്. കാളി പ്രഭയെ കിക്കിളിയാക്കിക്കൊണ്ടു തിരിഞ്ഞോരോട്ടം—പ്രഭ പകരം വീട്ടാൻ അവളുടെ പിന്നാലെ കുറച്ചുദൂരം ഓടിയെങ്കിലും, ആ സ്ഥൂല

ശരീരത്തെ അധികദൂരം കൊണ്ടുപോവാൻ അവൾക്കു ക
ഴിഞ്ഞില്ല. അവളുടെ ഇംഗ്ലീഷ് പ്രെമറിൻെറ ഒരേട് പാ
ടത്തേയ്ക്കു പറന്നുപോയി. അവളുടെ ഇടതുകാലിലെ പാ
ദസ്സരം അഴിഞ്ഞു ചളിയിൽ വീണു. അവൾ പാടത്തേ
യ്ക്കിറങ്ങി, കാൽമുട്ടുവരെ ചളിയിൽ പൂണ്ടുപോയി. അവൾ
നിസ്സഹായയായി കാളിയെ വിളിച്ചു.

കാളി ഓടിവന്ന് അവളെ ചളിയിൽനിന്നു വലിച്ചു
കയററി, കാലിലെ ചളിയെല്ലാം തേച്ചു കഴുകിക്കൊടുത്തു.

നേരം വൈകിയിരുന്നതുകൊണ്ട്, പിന്നീടു വികൃതി
കളിക്കാനൊന്നും അവർ നിന്നില്ല. "ഇനി നാളെ" എന്നു
പറഞ്ഞു പ്രഭ തിരിഞ്ഞു നടന്നു.

ഗോവിന്ദമേനോൻ അതെല്ലാം നോക്കിക്കണ്ടു. മറെറാ
രവസരത്തിലായിരുന്നുവെങ്കിൽ, അദ്ദേഹം ആ നിർമ്മല
ബാലികമാരുടെ കളികൾ കണ്ടു രസിച്ചേനേ. പക്ഷേ മാധ
വിയമ്മ മുൻകൂട്ടിത്തന്നെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ
ചില നീചവിചാരബീജങ്ങൾ വിതച്ചിരുന്നതുകൊണ്ട്,
പ്രഭയുടേയും കാളിയുടേയും ആ പിള്ളർകളി അദ്ദേഹത്തെ
ക്രോധാവിഷ്ടനാക്കി. അദ്ദേഹം ഒരു ചൂരൽവടി കയ്യിലെ
ടുത്തു പരുഷസ്വരത്തിൽ, "പ്രഭേ, ഇവിടെ വാ" എന്നു
വിളിച്ചു.

അവൾ ഭയപ്പെട്ട ഒരു മാൻകുഞ്ഞിനെപ്പോലെ ആ
കറുത്ത നേത്രങ്ങൾ വിരുത്തിക്കൊണ്ടു പതുക്കെപ്പതുക്കെ
പിതാവിൻെറ സമീപത്തേയ്ക്കു ചെന്നു. ഗോവിന്ദമേനോൻ
അവളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അദ്ദേഹത്തി
ൻെറ മുഖത്തു പെട്ടെന്ന് ഒരു ഭാവഭേദമുണ്ടായി. പ്രഭയു

ടെ നനഞ്ഞുവരുന്ന നീലനയനങ്ങളിൽ അവളുടെ മരിച്ചുപോയ മാതാവിൻെറ മുഖം അദ്ദേഹം ദശിച്ചു. അദ്ദേഹത്തിൻെറ നയനങ്ങളിലും കണ്ണുനീർ കിനിഞ്ഞു. മുഖം തിരിച്ച്, രണ്ടുമൂന്നുപ്രാവശ്യം ഇമയനക്കി നനവു മറയ്ക്കാൻ ശ്രമിച്ചതിനുശേഷം, ചൂരൽ താഴേ വെച്ച്, അദ്ദേഹം പ്രഭയുടെ കൈ പിടിച്ചുകൊണ്ട് ഒരു മിനിട്ടു നിശ്ശബ്ദനായി നിന്നു. പിന്നെ, പതുക്കെ, പതറുന്ന പദങ്ങളോടേ അദ്ദേഹം പറഞ്ഞു:

"പ്രഭേ, നീ അനുസരണമുള്ള കുട്ടിയായിരിക്കില്ലേ?"

പ്രഭ പൊട്ടിക്കരഞ്ഞുപോയി. അവൾ ചോദിച്ചു: "അച്ഛാ, ഞാനെന്തു കുററം ചെയ്തു?"

ഗോവിന്ദമേനോൻ മകളെ മാറോടണച്ച് ആലിംഗനംചെയ്തുകൊണ്ടു പറഞ്ഞു: "ആ ചെറുമിപ്പെണ്ണുമായുള്ള കൂട്ടുകെട്ടു നിനക്കു നന്നല്ല. നീ അവളെ തൊട്ടുകളിക്കുന്നതു വല്ലോരും കണ്ടാൽ നമുക്കു കുറച്ചിലാണ്."

അവൾ പിതാവിൻെറ രോമശമായ മാറിടത്തെ തടവിക്കൊണ്ടു കുറെനേരം നിശ്ശബ്ദയായി നിന്നു. പിന്നെ മെല്ലെ ആ ശാന്തനയനങ്ങൾ ഉയർത്തിക്കൊണ്ടു ചോദിച്ചു: "ആരും കാണാതെ എനിക്കു കാളിയുടെ കൂടെ കളിച്ചു കൂടേ?"

ഗോവിന്ദമേനോൻ മകളോടു പിന്നീടൊന്നും പറഞ്ഞില്ല.

## 2

കാളിക്ക് ഒമ്പതു വയസ്സായിരുന്നു. അവളുടെ അച്ഛൻ വയനാട്ടിൽ റോഡ്കൂലിക്കാരുടെ മേസ്തിരിയാണ്.

കണ്ണൻകുട്ടിക്ക പതിനൊന്നുറുപ്പിക മാസപ്പടിയുണ്ട്. മാ സത്തിലൊരിക്കലേ അവൻ ചാളയിൽ വരാറുള്ളു. കാളി അവൻെറ ഏകപുത്രിയാണ്. കണ്ണൻകുട്ടി കുറഞ്ഞൊരു പരിഷ്കാരിയായതുകൊണ്ടാണ് മകളെ സ്കൂളിലയയ്ക്കുവാനൊരുങ്ങിയത്. അവൻ വയനാട്ടിലേയ്ക്കു പോയാൽപ്പിന്നെ കാളിയും തള്ള 'തനിയായി'യും മാത്രമാണ് ചാളയിൽ.

പ്രഭയും കാളിയും ഒരേ ക്ലാസ്സിലാണ്. അവരിരുവരും തമ്മിൽ ഉയിരുരുമ്മി സ്നേഹിച്ചു. പഠിപ്പിൽ നല്ല ശുഷ്കാന്തികാട്ടുന്ന സമത്ഥയാണ് കാളി. അവൾ വാചാലയല്ല. അസാധാരണമായ ഒരൊതുക്കവും ചിന്താദ്യോതകമായ ഒരു ഗൌരവഭാവവും ആ ചെറുമിപ്പെണ്ണിൽ ചെറുപ്പന്നേ കാണപ്പെട്ടു. അവളുടെ കറുത്തു മെലിഞ്ഞു വടിവൊത്ത ദേഹവും സമത്ഥമല്ലാത്ത ചുരുണ്ട തലമുടിയും കറുത്തു വിരിഞ്ഞ കണ്ണുകളും നീണ്ട മൂക്കും തിളങ്ങുന്ന പല്ലുകളും എല്ലാംകൂടി അവൾക്ക് കുലീനത്വം കൂടിച്ചേന്ന ഒരാകഷകത്വമുണ്ടാക്കി.

പ്രഭയ്ക്കു കാളിയെക്കാൾ ഒരു വയസ്സു കുറയുമെങ്കിലും കാഴ്ചയിൽ അവളെക്കാൾ വലിപ്പം തോന്നും. അവളുടെ ദേഹം മാംസളവും ഒതുക്കമില്ലാത്തതുമാണ്. വണ്ണം തനി ത്തങ്കത്തിനു തുല്യം. ഇടുങ്ങിയ ചെറിയ നീലക്കണ്ണുകളും നേരിയ മഷിവരയിട്ടതുപോലുള്ള വളഞ്ഞ പുരികക്കൊടികളും ചെറിയ മൂക്കും മാംസളങ്ങളായ കവിളുകളും അവളുടെ ശാന്തവദനത്തിന് ഒരുജാതി ജപ്പാൻസൌന്ദര്യ്യമാണുണ്ടാക്കിയത്. സദാ സംസാരിച്ചുകൊണ്ടിരിക്കണം. എ

ന്നു കേട്ടാലും ചിരിക്കണം—ചിരിക്കുമ്പോൾ അവളുടെ കണ്ണുകൾ ചുരുങ്ങും; കവിളിൽ നുണക്കുഴി വീഴും; പവിഴം പോലുള്ള നൊണ്ണിൻെറ ഒരു ഭാഗം കാണപ്പെടും—വികൃതികളിക്കാനറിഞ്ഞുകൂടെങ്കിലും, ചില വികൃതികളെല്ലാം കാട്ടിനോക്കണം. ദുഃഖത്തിൻേറയോ അനുകമ്പയുടേയോ ശങ്കമാത്രം മതി അവളുടെ കൊച്ചുകണ്ണുകളെ നനച്ചു മൂക്കാൻ. എന്തും ക്ഷണം മറക്കുന്ന ഒരു മന്ദബുദ്ധിയാണ് ആ പാവം. സ്നേഹിക്കുവാനല്ലാതെ മററൊന്നും അവൾക്കറിഞ്ഞുകൂടാ.

അവളുടെ കൊഴുത്തുമിനുത്ത തലമുടി, അഴിച്ചിട്ടാൽ അവളെ മുഴുവൻ മൂടുവാൻതക്കവണ്ണം, തഴച്ചുനിന്നു. ഇളനീലമാണ് അതിൻെറ സാധാരണവണ്ണം. എണ്ണ പുരണ്ടാൽ അതു തനിക്കറുപ്പായി മാറും. അല്പം വരണ്ടു പാറിയാൽ ലേശം കനകപ്പൊടി വിതറിയപോലുള്ള ഒരു താമ്രവണ്ണം കലൻകാണുകയും ചെയ്യും. ആ മുടി അഴിച്ചിട്ട് അവൾ ഓടിക്കളിക്കുന്നതു കണ്ടാൽ അതൊരു മനുഷ്യബാലികയാണെന്ന് ആരും വിശ്വസിക്കയില്ല. ഒരു ചുവന്ന പട്ടുഫ്റോക്കു ധരിച്ച് ഇളവെയിലിൽ പാടത്തിലെ വരമ്പത്തുടെ കുലുങ്ങിക്കുണുങ്ങിക്കൊണ്ടുപോകുന്ന ആ പെൺകിടാവിനെ നോക്കിനിന്ന് ആളുകൾ പറയും: "എന്തൊരു തങ്കക്കുടം—ദേവിയമ്മയുടെ തനിപ്പകപ്പു്!"

പ്രഭയുടെ പിതാവായ ഗോവിന്ദമേനോൻ ഒരു പെൻഷൻററ് രജിസ്ട്രാറാണ്. സമുദായത്തിൽ വന്നുചേരുന്ന പരിവത്തനങ്ങൾക്ക് അദ്ദേഹം വിരോധിയല്ലെന്നു പറയും. പക്ഷേ തൻെറ ഈശ്വരഭക്തിയും ജാതിവിശ്വാസ

വും മാമൂൽപ്രീതിയും കൈവിടാൻ അദ്ദേഹത്തിനു വൈമനസ്യമാണ്. സമുദായപരിഷ്കർത്താക്കളോട് അദ്ദേഹത്തിന്ന് എപ്പോഴും ഒരു സമാധാനമുണ്ട്: "നിങ്ങളുടെ വാദമെല്ലാം ശരിതന്നെ. പക്ഷേ ഇതു് എൻെറ വിശ്വാസമാണ്."

അങ്ങിനെയുള്ളവരെ അധികം ഉപദ്രവിക്കാതെ സമാധാനത്തോടെ മരിക്കാൻ വിടുന്നതാണ് നല്ലതു് എന്നു വിവേകമുള്ളവർ വിചാരിച്ചു.

പ്രഭയുടെ അമ്മ—ദേവകിയമ്മ—അവളുടെ അഞ്ചാംവയസ്സിൽ മരിച്ചുപോയി. ഗോവിന്ദമേനോൻ അയാളുടെ ജീവദശയിൽ ചെയ്ത ഏററവും വലിയ വിഡ്ഢിത്തം വയസ്സുകാലത്തു് ഒരു ചെറുപ്പക്കാരിയെ വീണ്ടും വിവാഹം കഴിച്ചതാണ്. രണ്ടാമത്തെ ഭാൎയ്യയായ മാധവിയമ്മയ്ക്കു് ഇരുപതുവയസ്സേ ആയിരുന്നുള്ളു. പ്രഭ മാധവിയമ്മയെ 'അമ്മ' എന്നുതന്നെയാണ് വിളിച്ചുവന്നതു്.

## 3

ജൂൺമാസമാദ്യത്തോടെ വൎഷക്കാലവും വിദ്യാലയങ്ങളിലെ നവവൎഷവും ആരംഭിച്ചു.

പ്രഭയും കാളിയും നാലാംതരം പാസ്സായി അഞ്ചാംതരത്തിൽ ഇരുന്നു.

സ്കൂളിലെ നവവൎഷാരംഭം! കുട്ടികൾ ആനന്ദത്തോടും ഉത്സാഹത്തോടുംകൂടി അതിനെ എതിരേററു. പുതിയ ക്ലാസ്; പുതിയ അദ്ധ്യാപകൻ; പുതിയ പുസ്തകങ്ങൾ; പുതിയ പാഠ്യവിഷയങ്ങൾ—ആകപ്പാടെ ഒരുത്തേജകമായ

മംഗളവേള! ഒരു പരിവത്തനത്തിൻെറ പുലരി; ഒരു പുതുമയുടെ ലഹരി.

അദ്ധ്യാപകൻ മററു കുട്ടികൾക്കു കൊടുത്തതുപോലെ പ്രഭയ്ക്കും പുതിയ പുസ്തകങ്ങളുടെ ഒരു പട്ടിക തയാറാക്കി ക്കൊടുത്തു.

പിറേറന്നു പ്രഭാതത്തിൽ അവൾ ആ പുതിയ പുസ്തകങ്ങളുടെ ഒരു കെട്ടും ചുമന്നുകൊണ്ടു കാളിയുടെ ചാളയിലേയ്ക്കു കടന്നുചെന്നു.

"ഈ ബുക്കുകളെല്ലാം ഭംഗിയായി പൊതിഞ്ഞു പുറത്തു 'കെ. പ്രഭാവതി, അഞ്ചാംക്ലാസ്' എന്നു നല്ല അച്ചടിപോലെ എഴുയിത്തരണം, കാളീ" എന്ന് അവൾ സഖിയോടപേക്ഷിച്ചു.

പ്രഭയുടെ പുതിയ പുസ്തകങ്ങൾ ഓരോന്നായി തുറന്നു മറിച്ചുനോക്കി, അവയെ ഘ്രാണിച്ചുകൊണ്ടു കാളി പറഞ്ഞു: "ഹാ! എന്തൊരു വാസന!"

കടലാസ്സിൻെറ ആമോദകസൌരഭം നുകന്നു തെല്ലൊരു നൈരാശ്യത്തോടെ അവൾ ഒരു നെടുവീപ്പിട്ടു. പുതിയ പുതിയ പുസ്തകങ്ങൾ വാങ്ങാൻ കാളിക്കു കഴിവില്ല. അവൾ അഞ്ചാംതരം പാസ്സായിപ്പോയ ഒരു വിദ്യാത്ഥിയുടെ പഴയ ക്ലാസ്സുപുസ്തകങ്ങളെല്ലാം ഒന്നായി എട്ടണയ്ക്കു വാങ്ങുകയാണുണ്ടായതു്. ആ വിഴപ്പുപുസ്തകങ്ങൾക്കു മനംപുരട്ടുന്ന ഒരു മണമേ ഉള്ളു.

ചാളയുടെ കോലായിൽ ഒരു കൈതോലപ്പായ നിവത്തിയിട്ടു്, അതിൽ കാൽ മടക്കിയിരുന്നുകൊണ്ടു കാളി പുസ്തകങ്ങൾ പൊതിയുവാൻ തുടങ്ങി. താഴ്ന്ന ഇറയുടെ

നിഴൽ ആ കൈതോലപ്പായയ്ക്കു് ഒരു കറുപ്പുകരയിട്ടുകൊടുത്തു.

കാളി പ്രഭയുടെ പുസ്തകങ്ങൾ മുഴവൻ പൊതിഞ്ഞു പുറമേ ഭംഗിയിൽ പേരെഴുതി ഒരുക്കിവെച്ചു. പ്രതിഫലമായി പ്രഭ അവൾക്കു് രണ്ടു മയില്പീലി കൊടുത്തു. 'ഇതു വരുംകൊല്ലത്തേയ്ക്കു പെററുപെരുകി നൂറെണ്ണമായിത്തീരട്ടെ' എന്നൊരനുഗ്രഹവും അവൾ സഖിക്കു നല്കി. മയില്പീലിയുടെ രോമം പുസ്തകത്തിൽനിന്നു പെററു വദ്ധിക്കുമെന്നാണല്ലോ ഇവരുടെ വിശ്വാസം.

പക്ഷേ കാളിക്കു താൻ പ്രഭയുടെ സ്ഥിതിയിൽനിന്നു് എത്രയോ താഴെയാണെന്നു പലപ്പോഴും അനുഭവപ്പെട്ടിരുന്നു. പ്രഭയ്ക്കു് അവളുടെ അച്ഛൻ ഒരു പുതിയ പട്ടുകുട വാങ്ങിക്കൊടുത്തു. കാളിക്കു് ഒരു കാലുമുറിഞ്ഞ ഓലക്കുടയുംകൊണ്ടു സ്കൂളിലേയ്ക്കു പോകേണ്ടിവന്നു. പ്രഭയ്ക്കു പുതിയ സിൽക്ക് ഫ്റോക്ക്; കാളിക്കു മുട്ടുമറയാത്ത ഒരു തോത്തുമുണ്ടും ഒരു പുള്ളിബ്ലൌസ്സും മാത്രം. പ്രഭയ്ക്കു കഴുത്തിലും കയ്യിലും കാതിലും എല്ലാം കല്ലുവെച്ച സ്വർണ്ണാഭരണങ്ങൾ; കാളിക്കു വെറും ഓട്ടുവളകൾമാത്രം. ആഭരണങ്ങളും വിലയേറിയ വസ്ത്രങ്ങളും അണിഞ്ഞുകൊണ്ടുവരുന്ന പ്രഭയെ നോക്കി അസൂയപ്പെടും: "പ്രഭ എത്ര ഭാഗ്യവതി!"

പക്ഷേ പ്രഭയ്ക്കു് ആ സ്വർണ്ണാഭരണങ്ങളിലോ മററലങ്കാരങ്ങളിലോ ആഗ്രഹമില്ല. തൻെറ അമ്മയെ പേടിച്ചിട്ടാണു്; അല്ലെങ്കിൽ തൻെറ ആഭരണങ്ങൾ മുഴവൻ കാളിക്കു നല്കുവാൻ അവൾ തയാറായിരുന്നു. പ്രഭയ്ക്കു പുഷ്പങ്ങൾമാത്രം കിട്ടിയാൽ മതി. പുഷ്പങ്ങൾ അവളുടെ ജീവ

നാണ്. കാളി അവൾക്കു പലേടത്തുനിന്നും പൂക്കൾ ശേഖരിച്ചു കൊണ്ടുവന്നു കൊടുക്കും. അപ്പോഴൊക്കെ പ്രഭ വിചാരിക്കും: "ഞാൻ കാളിയുടെ അനിയത്തിയായി ജനിച്ചില്ലല്ലോ."

തിരുവോണത്തിൻനാൾതന്നെയാണ്, പ്രഭയുടെ പിറന്നാൾ. അന്ന് അവൾക്ക് ഒമ്പതുവയസ്സു തികയുന്ന ജന്മദിനമായിരുന്നു. അന്ന് ഓണപ്പുടവ കൊടുക്കുന്ന കൂട്ടത്തിൽ അച്ഛൻ അവൾക്ക് ഒരു നല്ല പാവുമുണ്ടു കൊടുത്തു. അങ്ങിനെ പ്രഭ അന്നു നടാടെ മുണ്ടുടുത്തു.

അന്നു വൈകുന്നേരം, പ്രഭയുടെ അമ്മ കൈകൊട്ടിക്കളിക്ക് അടുത്ത വീട്ടിലേയ്ക്കു പോയ തരം നോക്കി പ്രഭ പണിക്കാരത്തിയെ സ്വാധീനത്തിലാക്കി, ഒരു പാത്രത്തിൽ കുറെ ചോറും ഉപ്പേരിയും മററു വിഭവങ്ങളും പൊതിഞ്ഞു കെട്ടി, ഒരിലക്കുമ്പിളിൽ കുറച്ചു പ്രഥമനും എടുത്ത്, കാളിയുടെ ചാളയിലേയ്ക്കു നടന്നു.

"കാളീ, കാളീ" അവൾ ചാളയുടെ പടിയ്ക്കൽ നിന്നു വിളി തുടങ്ങി: തനിയായി ഓടിവന്നു. പ്രഭ പടിയ്ക്കൽ വലിയ വിഷമസ്ഥിതിയിൽ നില്ക്കുകയായിരുന്നു. മടിക്കുത്ത് അഴിയുന്നതിനെ ഒരു കൈകൊണ്ടു പിടിച്ചമർത്തി, മറേറക്കയ്യിൽ ഒതുക്കിപ്പിടിച്ച സാധനങ്ങൾ താഴേ വീഴാതിരിപ്പാൻവേണ്ടി അവൾ വല്ലാതെ പാടുപെടുന്നുണ്ടായിരുന്നു. ആ കാഴ്ച കണ്ട പുലയക്കിഴവിയുടെ നരച്ച കണ്ണിൽ വെള്ളം നിറഞ്ഞുപോയി.

കാളി രണ്ടുമൂന്നു ദിവസം തീരെ സ്കൂളിൽ വന്നില്ല. പ്രഭ വളരെ വ്യസനിച്ചു. കാളിക്കു പനിയാണെന്ന് അ

വൾ അറിഞ്ഞു. ഒരു ദിവസം അവൾ ആരും കാണാതെ കാളിയുടെ ചാളയിലേയ്ക്കു ചെന്നു. സ്കൂളിലെ വത്തമാനവും വേറെ പല തമാശകളും പറഞ്ഞ് അവൾ അവിടെ വളരെ നേരം കഴിച്ചുകൂട്ടി.

ആ വത്തമാനം മാധവിയമ്മ എങ്ങിനെയോ അറിഞ്ഞു. അവർ പ്രഭയെ ഒരുപാട ശകാരിച്ചു.

പ്രഭ ചോദിച്ചു: "എന്താ, കാളി എന്നെപ്പോലെയല്ലേ?"

മാധവിയമ്മയ്ക്കു ശുണ്ഠികയറി. "എന്തെടീ പറഞ്ഞത്! എലിപോലത്തെ നീ മലപോലത്തെ ഞായം പറയാൻ തുടങ്ങിയോ?" അവർ പ്രഭയുടെ രണ്ടു കവിളിലും പിടിച്ചു നുള്ളി. "ഇനി നീ ആ ചാളയിൽ പോയെന്നു കേട്ടാൽ, നിന്നെ ചാണകവെള്ളത്തിൽ കുളിപ്പിക്കും. നോക്കിക്കോ."

ഗോവിന്ദമേനോനും അന്നു പ്രഭയെ ഒരുപാട ശകാരിച്ചു. അന്നു മുഴുവൻ അവൾ കരഞ്ഞു. നാലു ദിവസം പിന്നേയും കഴിഞ്ഞു. കാളിയുടെ ദീനം അധികമാണെന്ന് അവൾ കേട്ടു. സഖിയുടെ സ്ഥിതിയോത്തു പ്രഭ തനിയേ ഇരുന്നു കരയും......

നേരം കോഴികൂകി കുറച്ചു കഴിഞ്ഞിട്ടുണ്ടാകും, നേരിയ നിലാവുണ്ട്. പാടത്തിൻെറ അരികിലെ വൃക്ഷച്ഛായകളിലൂടെ ഒരു പെൺകുട്ടി പതുങ്ങിപ്പതുങ്ങി പോകുന്നുണ്ട്......അവൾ കാളിയുടെ ചാളയുടെ പടികയറി.

കാളി കണ്ണു തുറന്നപ്പോൾ കണ്ടതു പ്രഭയെയാണ്,

പക്ഷേ അവളുടെ മുഖത്തു പതിവുപോലെയുള്ള ആ പു ഞ്ചിരി കണ്ടില്ല.

"കാളീ, ഇതു വാങ്ങു."

അവൾ കാളിയുടെ കയ്യിലേയ്ക്കു് ഒരു ചെറിയ കട ലാസ്സുപൊതി നീട്ടി.

കാളി അതു തുറന്നുനോക്കുന്നതിനു മുമ്പുതന്നെ "ഇനി പിന്നെ കാണാം. ഞാൻ വന്നതു് ആരോടും മിണ്ടരുതേ" എന്നു പറഞ്ഞു പ്രഭ ബദ്ധപ്പെട്ടു പുറത്തേയ്ക്കു കടന്നു.

കാളി പൊതിയഴിച്ചുനോക്കി. അണയും കാലണ യും കാശും അവൾ എണ്ണിനോക്കി—പതിമ്മൂന്നണയും അഞ്ചു പൈയും ആകെക്കൂടി.

പ്രഭയുടെ ആറുമാസത്തെ സമ്പാദ്യമാണതു്. കാളി ക്കുവേണ്ടി അവൾ തലേദ്ദിവസം രാത്രി തൻെറ തുളപ്പെട്ടി കുത്തിപ്പൊളിച്ചു! മഞ്ഞുമൂടിയ പാടത്തിലൂടെ അവൾ ബ ദ്ധപ്പെട്ടു നടന്നു ഗൃഹത്തിലെത്തി ആരുമറിയാതെ കിട ക്കയിൽ ക്കേറിക്കിടന്നു. അതിൻെറ പിറേറന്നു് ഒരു തലവേ ദനയോടുകൂടിയാണു് പ്രഭ സ്കൂളിൽനിന്നു മടങ്ങിവന്നതു്. ഗോവിന്ദമേനോൻ അവളുടെ നെററി തൊട്ടുനോക്കി കി ടക്കയിൽപ്പോയി കിടക്കാൻ പറഞ്ഞു.

അന്നു രാത്രി അവൾക്കു നേരിയ പനിയുണ്ടായി. പി റേറന്നു പനികൊണ്ടു് അവൾക്കു കിടക്കയിൽനിന്നെഴുന്നേ ല്ക്കാൻ കഴിഞ്ഞില്ല.

ഡോക്ടർ വന്നു നോക്കിയതിൽ 'സാരമില്ല' എന്നഭി പ്രായപ്പെട്ടു.

പക്ഷേ രണ്ടാഴ്ച കഴിഞ്ഞിട്ടും പ്രഭയുടെ ദീനം സുഖ

പ്പെട്ടില്ല. ജ്വരം ഏറാതേയും കുറയാതേയും അങ്ങിനെതന്നെ നിന്നു. ഗോവിന്ദമേനോൻ ഡോക്ടരെ മാററി.

ഒരാഴ്ച പിന്നേയും കഴിഞ്ഞു. രോഗം അങ്ങിനെതന്നെ. പ്രഭയെ ചികിത്സിക്കുവാൻ അച്ഛൻ ഒരു നാട്ടുവൈദ്യനെ വരുത്തി.

ഈ ദിവസങ്ങൾകൊണ്ടു പ്രഭയുടെ പ്രകൃതിക്ക് ഒരു പരിവൎത്തനം വന്നു. അവൾ ഏററവും പരവശയായി. തടിയെല്ലാം പോയി. മുഖത്തെ ശോണിമ തേഞ്ഞുമാഞ്ഞു ചന്ദ്രനെപ്പോലെ വിളറി. കേശത്തിൻെറ നീലിമ തനി താമ്രവൎണ്ണമായിത്തീൎന്നു. അധരത്തിലെ തുടുപ്പു മാഞ്ഞ് ഒരു ഊതനിറം പാഞ്ഞു.

അവളുടെ തലമുടി ശയ്യ മുഴുവൻ മൂടിക്കിടന്നിരുന്നു. അതിൻെറ നടുവിൽ അവളുടെ ദേഹം ഒരു പൊൻവാളം പോലെ കിടന്നു തിളങ്ങി.

കട്ടിലിന്നരികത്തുള്ള ജാലകത്തിലൂടെ വിശാലമായ വയലിലേയ്ക്കു നോക്കിക്കൊണ്ട് അവൾ അനങ്ങാതെ കിടക്കും. കന്നിക്കൊയ്ത്തിന്നു കതിരിട്ടുവരുന്ന നെല്ലും അവിടെ പാറിക്കളിക്കുന്ന കൊക്കുകളും അവളുടെ ശ്രദ്ധയെ ആകൎഷിക്കും. പാടത്തിൻെറ മറുകരയിലുള്ള തൻെറ വിദ്യാലയത്തിൻെറ ഒരു ഭാഗം അവൾക്കു കാണാം. നാലു മണിക്കു സ്കൂൾവിട്ട് ആഹ്ലാദിച്ചു മദിച്ചുകൊണ്ടുപോകുന്ന വിദ്യാൎത്ഥികളുടെ അവ്യക്തരൂപങ്ങൾ കാണുമ്പോൾ, ഭാവനകൊണ്ട് അവിടെ നടക്കുന്ന സംഭവങ്ങളെല്ലാം അവൾ ദൎശിക്കും. സുന്ദരങ്ങളായ വിദ്യാലയസ്മരണകൾ അവളുടെ ചിന്തകൾക്കു നിറം പിടിപ്പിക്കും.

ഒരു ദിവസം, അമ്മ അരികത്തില്ലാത്ത അവസരം നോക്കി അവൾ അച്ഛന്റെ മുഖത്തു നോക്കി എന്തോ പറവാനുള്ളതുപോലെ ഭാവിച്ചു.

"പ്രഭേ, നിനക്കെന്തു വേണം?" മകളുടെ നെററി തലോടിക്കൊണ്ടു ഗോവിന്ദമേനോൻ ചോദിച്ചു.

"അച്ഛാ, എനിക്കു കാളിയെ ഒന്നു കാണണം. എത്ര ദിവസമായി ഞാൻ അവളെ കണ്ടിട്ട്!"

ഗോവിന്ദമേനോൻ ആലോചനാമഗ്നനായിരുന്നു. ഒരു പുലയിപ്പെണ്ണ് അവരുടെ ഗൃഹാന്തർഭാഗത്തേയ്ക്കു കടന്നു വരികയോ?

ഒടുവിൽ പുത്രീവാത്സല്യം വിജയിച്ചു. ഗോവിന്ദമേനോൻ ഭൃത്യനെ വിളിച്ചുപറഞ്ഞു: "നീ, പ്രഭ പഠിക്കുന്ന സ്കൂളിൽ പോയി കണ്ണൻകുട്ടിയുടെ ചെറുമിപ്പെണ്ണിനോട് ചാളയിലേയ്ക്കു പോകുന്നവഴിക്ക് ഇവിടെയൊന്നു വരാൻ പറയണം."

അന്നു വൈകുന്നേരം കാളി വന്നു പടിക്കൽ നിന്നു. അടുത്തെങ്ങും അവൾ ആരേയും കണ്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ മാധവിയമ്മ പശുവിനെ കറക്കുവാൻ ആലയിലേയ്ക്കു വന്നു.

കാളി അല്പം പരിഭ്രമത്തോടെ അവരോടു ചോദിച്ചു: "പ്രഭയുടെ ദീനം എങ്ങിനെയിരിക്കുന്നു?"

"പ്രഭയോ?" മാധവിയമ്മ കാളിയെ ദഹിപ്പിക്കുമാറ് ഒന്നു നോക്കി: "എന്തെടീ പറഞ്ഞു, പ്രഭയോ? മോളേ എന്നു വിളിച്ചോടീ. നീയൊരു ചെറുമിപ്പെണ്ണല്ലേടീ? കു

ത്തിച്ചുടാനെപ്പോലെയുള്ള നീ ഇത്ര അഹമ്മതികൊണ്ടു നടന്നാലോ—ഫോ അവിടുന്നു്."

ആ അവിചാരിതമായ ശകാരം കേട്ടു വ്രണിതഹൃദയയായ കാളി അവിടെ പിന്നീടു നില്ക്കാതെ വേഗം ചാളയിലേയ്ക്കു നടന്നു.

അന്നു വൈകുന്നേരം കാളിയെ കാണാഞ്ഞതുകൊണ്ടു പ്രഭ വളരെ നിരാശതപ്പെട്ടു. പിറേറദിവസം കാളിയെ കൂടെ കൂട്ടിക്കൊണ്ടുവരാൻതന്നെ ഗോവിന്ദമേനോൻ ഭൃത്യനെ ഏല്പിച്ചു.

കാളി ഭൃത്യൻെറ കൂടെ വന്നു മുററത്തു നിന്നു. ആ വെണ്ണക്കൽ പതിച്ച പ്രാന്തയിലേയ്ക്കു കയറുവാൻ അവൾക്കു ധൈര്യംവന്നില്ല.

ഭൃത്യൻ അവളെ കൈപിടിച്ചു കോലായിലേയ്ക്കു കയററി.

അവൾ തളത്തിൽ പ്രവേശിച്ചു നാലുപാടും മിഴിച്ചു നോക്കി.

ഗോവിന്ദമേനോൻ അവളെ അകത്തുനിന്നു വിളിച്ചു.

അടുക്കളയുടെ ജാലകത്തിലൂടെ അതെല്ലാം നോക്കിക്കൊണ്ടു മാധവിയമ്മ മുരണ്ടു: "പനിപിടിച്ചു പിച്ചും പേയും പറയുന്ന ഒരു പെണ്ണിൻെറ വാക്കു കേട്ടു ഈ മനുഷ്യൻ എന്തൊക്കെയാണവോ ചെയ്യാൻപോകുന്നതു്? ഒരു ചെറുമിപ്പെണ്ണിനെ അകത്തേയ്ക്കു വിളിച്ചുകൊണ്ടുവരികയോ! എന്തൊരു ഭ്രാന്താണിതു്!"

* * * *

ആ രണ്ടു കൊച്ചുസ്നേഹിതകൾ തമ്മിലുള്ള കൂടിക്കാഴ്ച ഏററവും ഹൃദയസ്പൃക്കമായിരുന്നു.

വളരെ ദിവസങ്ങൾക്കുശേഷം, ആദ്യമായി പ്രഭ ഒന്നു ചിരിച്ചു. അവൾ കാളിയുടെ നേൎക്കു കൈനീട്ടി.

എന്നാൽ കാളിയുടെ ഭയവും പരിഭ്രമവും തീരെ തീൎന്നിട്ടില്ല. അവൾ ചകിതയായി ചുററുപാടും നോക്കി.

പ്രഭ അവളുടെ കൈ പിടിച്ചു, പതുക്കെ ഒന്നമൎത്തിക്കൊണ്ടു് അവളോടു കിടക്കമേൽ ഇരിക്കുവാൻ അപേക്ഷിച്ചു.

കാളി കൂട്ടാക്കിയില്ല. "വേണ്ടാ—നിങ്ങളുടെ അമ്മ കണ്ടാൽ......"

"അമ്മ ഇങ്ങോട്ടു വരില്ല—ഇരിക്കൂ" ഗോവിന്ദമേനോൻ ആ സ്നേഹിതകളെ തനിച്ചുവിട്ടു പുറത്തേക്കു പോയി. പ്രഭ കാളിയുടെ രണ്ടു കയ്യും കൂട്ടിപ്പിടിച്ചു ചോദിച്ചു: "കാളീ, നീയെന്നെ മറന്നു, ഇല്ലേ?"

പ്രഭയുടെ കണ്ണുകൾ നനഞ്ഞു. കാളിയും കരയാനുള്ള ഒരു ഭാവത്തോടെ പറഞ്ഞു: "പ്രഭേ, ഞാൻ എന്നും നിങ്ങളെ വിചാരിക്കാറുണ്ടു്. ഇന്നലെ ഞാൻ ഇവിടത്തെ പടിക്കൽ വന്നു. നിങ്ങളുടെ അമ്മ എന്നെ ചീത്തപറഞ്ഞു."

രണ്ടുമിനിട്ടിനകം അവർ വീണ്ടും പണ്ടത്തെ നിലയിലായി. കാളി ബാലിശങ്ങളായ ഓരോ ഫലിതങ്ങൾ പൊട്ടിക്കുവാനും പ്രഭ പൊട്ടിച്ചിരിക്കുവാനും തുടങ്ങി. അവൾക്കു വളരെ ദിവസത്തെ സ്കൂൾവൎത്തമാനവും നാട്ടുവൎത്തമാനവും പറയുവാനുണ്ടു്. ക്ലാസിൽ പുതുതായി വന്ന ഒരു കോ

കണ്ണൻ പണിക്കർമാസ്റ്ററുടെ പാഠമെടുക്കലിനെ കാളി അഭിനയിച്ചതു കണ്ടു പ്രഭ വല്ലാതെ ചിരിച്ചുപോയി. കാളി പറഞ്ഞു: “പെൺകുട്ടികൾക്കു തുന്നല്പണി പഠിപ്പിക്കുവാൻ സ്നേഹം എന്നു് ഒരു പുതിയ മിസ്റ്റ്റസ് വന്നിട്ടുണ്ടു്. ആ ടീച്ചൎക്കു ഞങ്ങളോടൊക്കെ എന്തൊരിഷ്ടമാണെന്നോ!”

പ്രഭയ്ക്കു സ്നേഹംടീച്ചരുടെ വയസ്സു കേൾക്കണം. നിറം എന്താണെന്നറിയണം—തടിച്ചിട്ടാണോ? എന്തുമാതിരി ചേലയാണു് ചുററിവരുന്നതു് എന്നു കേൾക്കണം.

കാളി എല്ലാം വിവരിച്ചു പറഞ്ഞുകൊടുത്തു. “സ്നേഹംടീച്ചർ ഓരോ ദിവസം വരുമ്പോഴും ഓരോതരത്തിലുള്ള ചേലയാണു് ചുററിവരുന്നതു്” എന്നു കേട്ടപ്പോൾ പ്രഭ പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു: “ടീച്ചർ കുട്ടികൾക്കു ചേല ചുററുന്നതും പഠിപ്പിക്കുന്നുണ്ടോ?”

ക്ലാസിലെ അച്യുതൻെറ തലയ്ക്കു് ഏറുകൊണ്ടതു്, നാരായണൻമാസ്റ്ററുടെ കൺപോളമേൽ ഒരു കുരുവന്നതു്,—അതു് കളവു പറഞ്ഞിട്ടാണെന്നു പ്രഭ അഭിപ്രായപ്പെട്ടു—കമലയും ജാനുവും തമ്മിൽ പിണങ്ങിയതു്, ശാരദയുടെ ഏട്ടത്തിയുടെ കല്യാണം, ക്ലാസ്സിലേയ്ക്കു് ഒരു ഭ്രാന്തൻനായ കേറിവന്നതും കേളപ്പൻ അതിനെ അടിച്ചുകൊന്നതും—ഈവക പല വർത്തമാനവും പറഞ്ഞതിനുശേഷം കാളി ക്ലാസ്സിലെടുത്ത പുതിയ കവിത ചൊല്ലി കേൾപ്പിച്ചു.

പ്രഭ നെടുവീൎപ്പിട്ടുകൊണ്ടു പറഞ്ഞു: “ഇനി എന്നാണീശ്വരാ, ഞാനതെല്ലാം പഠിക്കുന്നതു്?”

കാളി അവളെ സമാധാനിപ്പിച്ചു: "നിങ്ങളുടെ ദീനം രണ്ടുദിവസത്തിനുള്ളിൽ സുഖമാകും."

പ്രഭ പറഞ്ഞു: "എൻെറ ദീനം മാറിയാൽ എനിക്കു ഒരു ഹാർമ്മോണിയം വാങ്ങിത്തരാമെന്നു് അച്ഛൻ പറഞ്ഞിട്ടുണ്ടു്. സ്നേഹംടീച്ചർക്കു ഹാർമ്മോണിയം വായിക്കാനറിയാമോ?"

"എന്തോ, പാട്ടറിയാം."

പ്രഭ കാളിയുടെ തുടമേൽ തൻെറ കൈവിരലുകൊണ്ടു ഹാർമ്മോണിയം വായിക്കുന്നതുപോലെ കുറേ നേരം അഭിനയിച്ചു.

ഗോവിന്ദമേനോൻ മുറിയിലേയ്ക്കു വന്നു. മകളുടെ മുഖത്തെ രക്തപ്രകാശം കണ്ടു് അദ്ദേഹം സന്തോഷിച്ചു.

## 5

പ്രഭയ്ക്കു പനി തുടങ്ങിയിട്ടു രണ്ടുമാസം കഴിഞ്ഞു. അവൾ ആകെ ശോഷിച്ചു വിളറി.

ആ ഗൃഹവും പരിസരവും പ്രകൃത്യാ ശാന്തമാണു്. ആ ശാന്തിയെ അവൾ ഇഷ്ടപ്പെട്ടു. അവൾ വാതായനത്തിലൂടെ വിശാലനീലമായ വാനിടത്തിലേയ്ക്കു നിർന്നിമേഷം നോക്കിക്കിടക്കും. ആ നീലിമയുടെ കയത്തിലേയ്ക്കു മീനുകളെപ്പോലെ അവളുടെ കണ്ണുകൾ ഊളിയിട്ടു പായും. ഉയരത്തിൽ പറക്കുന്ന ഒരു പരുന്തോ അതിലുമുയരത്തിലായി ആ അപാരതയെ തരണംചെയ്യാൻ ശ്രമിക്കുന്ന ഒരു മേഘശകലമോ അവളുടെ ഏകാഗ്രതയെ ചിലപ്പോൾ അപഹരിച്ചുകളയും. സന്ധ്യാസമയത്തു് ആകാശം ശബളാഭമായിച്ചമയുന്നതും ആ പടിഞ്ഞാറൻകുന്നി

ൻെറ ഭണ്ഡാരപ്പെട്ടിയിലേയ്ക്ക്, ഒരു വലിയ സുവൎണ്ണനാണ്യംപോലെ, മാൎത്താണ്ഡബിംബം താണുമറയുന്നതും എല്ലാം അവൾ കൌതുകത്തോടെ വീക്ഷിച്ചു കിടക്കും. പെട്ടെന്ന് അന്തിമേഘങ്ങളെല്ലാം കനകരഥങ്ങളായും അംബരം ഒരു നവനഗരിയായും മാറും. അവൾ ആ അപാരതയിലേയ്ക്കു സാവധാനം ഉയൎന്നുയൎന്നുപോകും. അതോടൊപ്പം ആ നെൽവയലുകളും അവയുടെ നടുവിലുള്ള അവളുടെ ഗൃഹവും അവളുടെ അച്ഛനും കാളിയും ഭൂലോകവും എല്ലാം അകന്നകന്നുപോകും. താൻ ഭൂലോകത്തിൽനിന്നു് വിട്ട്, ഏതോ ഒരന്യലോകത്തിൻേറതായിത്തീരുന്നുവെന്ന ഒരു നേരിയ ബോധം അവളിൽ അങ്കുരിക്കും. അകാരണമായ ഒരു ഭീതിയും ഏകാന്തതയും അവളെ ആക്രമിക്കും—അനുഭവിക്കുവാൻ കഴിയുന്ന ഒരു മറവി, കാണ്മാൻ കഴിയുന്ന ഒരു നിദ്ര, അവളെ വന്നു പൊതിയും. ചിരിക്കുവാനോ കരയുവാനോ സംസാരിക്കുവാനോ കഴിയാതെ, ഒരു മരവിച്ച വികാരത്തോടെ അവൾ ശൂന്യതയിലേയ്ക്കു തുറിച്ചുനോക്കും.

മകളുടെ മുഖത്തെ ഭാവഭേദം സൂക്ഷിക്കുന്ന ഗോവിന്ദമേനോൻ പരിഭ്രമത്തോടെ അവളെ പതുക്കെ കുലുക്കി വിളിക്കുമ്പോൾ, അതേ വികാരത്തോടുകൂടിത്തന്നെ അവൾ അച്ഛൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കും.

... ... ... ... ...

അന്നു രാവിലെ പ്രഭ അച്ഛനോടു പറഞ്ഞു: "എനിക്ക് എൻെറ പണ്ടങ്ങളെല്ലാം കെട്ടി കിടക്കണം."

ഗോവിന്ദമേനോൻ പെട്ടി തുറന്ന് അവളുടെ പണ്ട ങ്ങളെല്ലാം എടുത്തുകൊണ്ടുവന്ന് അവളെ അണിയിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: "അച്ഛാ! എൻെറ കുപ്പായങ്ങളെല്ലാം എൻെറ അരികെ കൊണ്ടു വെയ്ക്കണം."

പ്രഭയുടെ സ്വരത്തിന്ന് അസാധാരണമായ ഒരു ദൃഢതയുണ്ടായിരുന്നു; ആ മുഖത്തിൽ അപൂർവ്വമായ ഒരു ഗൌരവഭാവവും.

അവളുടെ ഉടുപ്പുകളൊക്കെയും അരികെ മേശമേൽ കൊണ്ടുവന്നു വെച്ചതിനുശേഷം ഗോവിന്ദമേനോൻ ചോദിച്ചു: "മോളേ, എന്തിനാണ് ഇതെല്ലാം കൊണ്ടുവരാൻ പറഞ്ഞത്?"

പ്രഭ ഉത്തരമൊന്നും പറഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: "അച്ഛാ, എനിക്കു വിശക്കുന്നു."

"കഞ്ഞി കൊണ്ടുവരട്ടെ?"

"ഉം."

മാധവിയമ്മ കഞ്ഞി കൊണ്ടുവന്നു.

അവൾ തനിയേ കിടയ്ക്കയിൽ എണീററിരുന്നു. ആ വെള്ളപ്പിഞ്ഞാണത്തിലെ കഞ്ഞി മുഴുവൻ മുക്കിക്കുടിച്ചു.

"അമ്മേ, നാരങ്ങയില്ലേ?"

മാധവിയമ്മ ഉപ്പിലിട്ട നാരങ്ങയെടുത്ത് അവളുടെ വായിലിട്ടുകൊടുത്തു.

"അച്ഛൻ എൻെറ അരികെനിന്നു പോകരുത്."

"മോളേ, ഞാൻ ഒരിടത്തേയ്ക്കും പോകുന്നില്ലല്ലോ."

പന്തിരണ്ടു മണിക്ക് ഒരു ഡോക്ടർ വന്ന് അവളെ നോക്കി. ദീനത്തിനു വളരെ ഭേദം കാണുന്നുണ്ടെന്നു ഗോ

വിന്ദമേനോൻ സന്തോഷത്തോടെ ഡാക്ടരെ അറിയിച്ചു. തൃപ്തികരമാണെന്നു ഡോക്ടരും സമ്മതിച്ചു.

മാധവിയമ്മ ഇടയ്ക്കിടെ വളരെ വാത്സല്യത്തോടെ അവളുടെ അരികെ വന്നുപോയ്ക്കൊണ്ടിരുന്നു.

ഉച്ചതിരിഞ്ഞു മൂന്നുമണിയായി. "ഇനി, എനിക്ക് കാളിയെ ഒന്നു കാണണം."

പ്രഭ ഒരാജ്ഞാസ്വരത്തിൽ പറഞ്ഞു.

കാളിയെ കൂട്ടിക്കൊണ്ടുവരാൻ ഗോവിന്ദമേനോൻ ആളയച്ചു.

സർവ്വാഭരണഭൂഷിതയായി മെത്തയിൽ ശയിക്കുന്ന പ്രഭയെ കണ്ടു കാളിയൊന്നമ്പരന്നു. പതിവുപോലെയുള്ള പുഞ്ചിരിയോടുകൂടിയല്ല പ്രഭ സഖിയെ സ്വീകരിച്ചതു്.

"കാളി, ഇവിടെ വന്നിരിക്കു" പ്രഭ അവളെ കിടയ്ക്കയിലിരിക്കാൻ ക്ഷണിച്ചു.

"കാളി, ഇനി നീ കുപ്പിവളകൾ ധരിക്കേണ്ട. ഇതാ എന്റെ പൊൻവളകൾ."

പ്രഭ തന്റെ കനകകങ്കണങ്ങൾ ഊരി കാളിയുടെ കരവല്ലികളിൽ അണിയിച്ചു.

കാളി ഭയത്തോടെ ഗോവിന്ദമേനോന്റെ മുഖത്തേയ്ക്കു നോക്കി.

"നീ അച്ഛന്റെ മുഖത്തേയ്ക്കു നോക്കണ്ട. പണ്ടങ്ങളൊക്കെ എന്റേതാണ്. അച്ഛൻ ഒന്നും പറയില്ല." തന്റെ കഴുത്തിലെ സ്വർണ്ണമാല കാളിയുടെ കഴുത്തിൽ ഇട്ടുവിച്ചുകൊണ്ടു് അവൾ പറഞ്ഞു. അങ്ങിനെ തന്റെ ആഭരണങ്ങൾ ഓരോന്നായി അവൾ കാളിയെ ധരിപ്പിച്ചു.

കാളി, അമ്പലത്തിലെ ശിലാപ്രതിമപോലെ, നിന്നുകൊടുത്തു.

"കാളി, എനിക്കിനി പണ്ടങ്ങളൊന്നും വേണ്ട. ഞാൻ പോവുകയാണ്. ഇതാ, എൻെറ ഉടുപ്പുകളും എടുത്തോളു."

പ്രഭ വസ്ത്രങ്ങളെല്ലാം വാരിയെടുത്തു കാളിയുടെ കൈത്തണ്ടമേൽ വെച്ചുകൊടുത്തു.

ഗോവിന്ദമേനോൻ എല്ലാം നോക്കിക്കൊണ്ടു മിഴിച്ചിരുന്നു.

പിന്നീട് അവൾ മേശ തുറന്നു പുസ്തകങ്ങളും തൻെറ കടലാസ്സുപെട്ടിയും എടുത്തുകൊണ്ടുവരാൻ അച്ഛനോടു പറഞ്ഞു.

ആ നല്ല വാസനയുള്ള പുതിയ പുസ്തകങ്ങളെല്ലാം അവൾ കാളിക്കു സമ്മാനിച്ചു. പിന്നീട് അവൾ ആ കടലാസ്സുപെട്ടി കയ്യിലെടുത്തു. ആ ബാലിക ഏററവും വിലമതിച്ച തൻെറ ജീവിതസമ്പാദ്യമായിരുന്നു, ആ പെട്ടിക്കകത്ത്. ഒരു നിധി തുറക്കുംപോലെ, അവൾ ആ പഴയ 'വിനോളിയാ വൈററ്റോസ്സ്' പെട്ടി തുറന്നു കാട്ടി.

മുടി കെട്ടുവാനുപയോഗിക്കുന്ന പല വണ്ണത്തിലുള്ള മൂന്നുനാലു പട്ടുനാടകൾ; ഉടഞ്ഞ കുപ്പിവളകൾ; പിണ്ടുമുറിഞ്ഞ ഒരു ചെറിയ കത്രിക; പുതിയ ദോത്തിമുണ്ടുകളിൽ നിന്നു പൊളിച്ചെടുത്ത ചില നേതാക്കന്മാരുടെ പടങ്ങൾ; ഒന്നുരണ്ടു ചായക്കട്ടകൾ; ഒരു കഷണം കാർബൺ പേപ്പർ; കത്തിത്തീൎന്ന രണ്ടു് ഇലക്ട്രിക്കു ബൾബ്; പകുതിയെഴുതിയ ഒരു ചെറിയ പഴയ പോക്കററുഡയറി; കറെ

സിനിമാപോസ്റ്ററുകൾ; ഒരു ജപ്പാൻ മുത്തുമാല; ഒരു ചെറിയ സെൻറുകുപ്പി; ഒരു ഫൌണ്ടൻപേനയുടെ ടോപ്പ്; കുറച്ച് മയിൽപ്പീലിരോമം; തുന്നൽക്കാരുടെ അടുത്തുനിന്നു ശേഖരിച്ച കുറെ വർണ്ണത്തുണിക്കഷണങ്ങൾ; ശലഭാകൃതിയിലുള്ള ഒരു മുടിപ്പിൻ—ഇത്രമാത്രം സാമാനങ്ങൾ അതിൽ അടുക്കിവെച്ചിരുന്നു. "കാളീ, ഇതും നിനക്കുള്ളതാണ്."

തൻെറ വമ്പിച്ച കലാശേഖരത്തെ സഖിക്കു നല്കിക്കൊണ്ട് അവൾ കിടയ്ക്കയിലേയ്ക്കു വീണു. പിന്നെ ചാരിതാർത്ഥ്യത്തോടെ അവൾ കാളിയുടെ മുഖത്തേയ്ക്കു നോക്കി. "ഞാൻ തന്ന പണ്ടങ്ങളേക്കാളും വസ്ത്രങ്ങളേക്കാളും വിലയേറിയതല്ലേ ഇതു്?" എന്ന ചോദ്യമാണ് ആ കടാക്ഷത്തിൽ സ്ഫുരിച്ചതു്.

പക്ഷേ കാളിയുടെ മുഖത്തു് അതേ മരവിച്ച വികാരംതന്നെ. ആ മുറി മുഴുവൻ ചൂടുള്ള പുക നിറഞ്ഞതുപോലെ അവൾക്കു തോന്നി. യാതൊന്നും ഓൎമ്മിക്കുവാനോ അവിടെ നടക്കുന്നതു് എന്താണെന്നു മനസ്സിലാക്കുവാനോ അവൾക്കു കഴിഞ്ഞില്ല. എത്ര നേരം അവളങ്ങിനെ തരിച്ചുനിന്നുവെന്നറിഞ്ഞുകൂടാ. അവൾ ഒരു നിലവിളി കേട്ടു. ഒരുപാടാളുകൾ മുറിയിൽനിന്നു നീങ്ങിക്കൊണ്ടിരിക്കുന്നതു നിഴലുപോലെ അവൾ കണ്ടു. "അയ്യോ, എൻെറ കുട്ടി എന്നെ ചതിച്ചു—മാറിനില്പിൻ! കാററു വരട്ടെ, ഒന്നും പേടിക്കേണ്ട, ഗോവിന്ദമേനോനെ പിടിച്ചോളിൻ......" ഇങ്ങിനെ ചില സംഭാഷണങ്ങളും അവൾ കേട്ടു.

പെട്ടെന്നു് ആരോ വന്നു് അവളെ പിടിച്ചു കുലുക്കിക്കൊണ്ടു് അലറി: "പോടീ പുറത്തു്!"

അവൾ ഞെട്ടിപ്പോയി. കുറച്ചൊരു തൻേറടം അവൾക്കു തിരികെ കിട്ടി. ആ തിരക്കിന്നുള്ളിലൂടെ ഒരു സ്വപ്നാടനക്കാരിയെപ്പോലെ അവൾ പുറത്തേയ്ക്കു നടന്നു.

അവളുടെ കണ്ണിൽ ഒരു പുക നിറഞ്ഞു; തലച്ചോറിൽ ഒരു കൊടുങ്കാററും. അവൾ കോലായിലെത്തി. നിലവിളി കേട്ട്, അവളുടെ അമ്മ അടുത്ത പറമ്പിലെ വേലിക്കൽ വന്നു നിന്നിരുന്നു. തനിയായിയെക്കണ്ടപ്പോൾ, കാളി ചുട്ട താളുപോലെ തളൎന്നുപോയി. അവളുടെ കയ്യിലെ സാമാനങ്ങൾ താഴെ പതിച്ചു. അവളുണ്ടു പൊട്ടിക്കരഞ്ഞുപോയി. പരിഭ്രമത്തോടെ അവൾ തള്ളയുടെ അടുക്കലേയ്ക്കു പാഞ്ഞു. പക്ഷേ ഒരടി മുന്നോട്ടു വെയ്ക്കുന്നതിന്നു മുമ്പ് അവൾ കമിഴ്ന്നടിച്ചു വീണുപോയി!...

ഗോവിന്ദമേനോൻ അശ്രുപൂൎണ്ണങ്ങളായ നയനങ്ങളോടെ അവളുടെ അരികിലേയ്ക്കു ചെന്നു. അദ്ദേഹം അവളെ പിടിച്ചെഴുന്നേല്പിച്ചു താഴെ വീണ സാമാനങ്ങളെല്ലാം പെറുക്കിയെടുത്ത് അവളുടെ കയ്യിൽ വെച്ചുകൊടുത്തു. പിന്നെ അവളെ വാരിയെടുത്തു മററംവരെ കൊണ്ടുപോയി, അവിടെവെച്ചു. മറെറന്തോ വിചാരിച്ചുകൊണ്ട് അവളുടെ കവിൾത്തടത്തിൽ ചുംബിച്ചു. അവളെ താഴെ ഇറക്കിവെച്ചു വാത്സല്യപുരസ്സരം അവളുടെ ചുമലിൽ തട്ടിക്കൊണ്ടു പറഞ്ഞു: “കരയരുത്, പോയ്ക്കോളൂ.”

* * *

## 6

കാളി ഇന്ന് ഒരു സ്കൂൾമിസ്റ്റ്റസ്സാണ്. പതിനഞ്ചു

കൊല്ലം മുമ്പു നടന്ന ആ സംഭവം അവൾ ഇന്നും നല്ല പോലെ ഓൎക്കുന്നുണ്ടു്. ആ വിജനമായ പറമ്പിൽ സ്ഥിതിചെയ്യുന്ന പ്രഭയുടെ ശവകുടീരത്തിന്മേൽ അശ്രുപൂൎണ്ണങ്ങളായ നയനങ്ങളോടെ ഒരു പുഷ്പഹാരമൎപ്പിക്കുവാൻ ഇപ്പോഴും മാസത്തിലൊരിക്കലെങ്കിലും അവൾ അവിടെ പോകാതിരിക്കയില്ല.

—എസ്സ്. കെ. പൊറ്റെക്കാട്ടു്.

# 3. കടയുടെ താക്കോൽ

വറുഗീസും കോശിയും പങ്കുകച്ചവടം തുടങ്ങി. വള രെ നേരത്തെമുതൽ ആ സ്നേഹിതന്മാരെ ആ ചിന്ത അലട്ടുന്നുണ്ടായിരുന്നു. താമസിക്കുന്ന പുരയിടങ്ങളിലെ ആദായംകൊണ്ടു് ഇരച്ചുകയറുന്ന വീട്ടുചെലവുകൾ താങ്ങാൻ അവക്കു രണ്ടുപേക്കും കഴിവില്ല. "പണംകൊണ്ടെറിഞ്ഞെങ്കിലേ പണത്തെ കൊള്ളൂ," വറുഗീസ് പറഞ്ഞു. താമസിക്കുന്ന പുരയിടം പണയപ്പെടുത്തി കോശി എഴുനൂററമ്പതു ഉറുപ്പിക വാങ്ങി. വറുഗീസും ഉണ്ടാക്കി അത്രയും. ഒരു പലചരക്കുകടയാണു് അവർ തുടങ്ങിയതു്. ഭാഗ്യത്തിനു കുറെ റേഷൻകാർഡു് അവക്കു സമ്പാദിക്കാൻ കഴിഞ്ഞു. നല്ല ഒരു 'കൈമടക്കു'കൂടിയായപ്പോൾ അതു് ഒന്നാംതരം റേഷൻകടയായി.

കടയിലിരിക്കാൻ പററിയ ആളല്ല കോശി. അവരുമിവരും വന്നു് ഓരോ ഇല്ല-വല്ലായ്മ പറയുമ്പോൾ അയാൾ അതൊക്കെയങ്ങു നേരു വിശ്വസിക്കും. ആദ്യം ആളുകളെ നിരുപാധികം വിശ്വസിക്കുക—അതായിരുന്നു കോശിയുടെ മണ്ടത്തരം. വറുഗീസ് അങ്ങിനെയല്ല. അങ്ങിനെ വിശ്വസിക്കാൻ അയാൾ തയാറില്ല. ആദ്യം അവിശ്വസിക്കും, വേണമെങ്കിൽ പിന്നീടു വിശ്വസിക്കും—അതായിരുന്നു വറുഗീസ്. തന്നെയല്ല, മററുള്ളവരുടെ അടവുകളൊന്നും വറുഗീസിൻെറയടുക്കൽ നടപ്പില്ല. കടയിലെ മുതൽ പലക്കായി വീതിച്ചുകൊടുക്കാൻ

അയാൾ ആളല്ല. അതുകൊണ്ടു കടംകൊടുക്കുന്ന കാര്യ ത്തിൽ അയാൾ മിടുക്കു കാണിക്കാറില്ല. ഒരു പൈപോ ലും കടം കൊടുക്കരുതെന്നു് അയാൾക്കു നിർബ്ബന്ധമുണ്ടു്. 'കടം അപകടം' 'ദയവുചെയ്തു് ആരും കടം ചോദിക്ക രുതു്'—ഇങ്ങിനെയുള്ള വ്യാപാരമുദ്രാവാക്യങ്ങൾ പലതും അയാൾ കടയുടെ തുലാങ്ങളിലും ചട്ടപ്പലകകളിലുമൊ ക്കെ എഴുതിപ്പിടിപ്പിച്ചിരുന്നു. "കടം കൊടുത്തില്ലെങ്കിൽ അന്നേരത്തെ മുഷിച്ചിലേ ഉള്ളൂ; കൊടുത്തുപോയാൽ എ ന്നത്തേയ്ക്കും—" ഇതായിരുന്നു വറുഗീസിന്റെ വ്യാപാരമ നശ്ശാസ്ത്രം.

പീടികയിൽ ഇരിക്കുന്നതു വറുഗീസുതന്നെ; റേഷൻ കൊണ്ടുവരുന്നതിനുള്ള യാത്രയും മററും കോശിയും. അ ത്തരം യാത്രയുടെ ന്യായമായ ചെലവു വ്യക്തമായി എ ഴുതി അപ്പഴപ്പോൾ കോശി വറുഗീസിനെ ഏല്പിക്കും. "ഓ, ഇതൊക്കെയെന്തിനു് ഇങ്ങനെ വിസ്തരിച്ചെഴുതുന്നു? ഇത്രയെന്നു പറഞ്ഞാൽ പോരേ?" കോശിയോടു വറുഗീസ് ചോദിക്കാറുണ്ടു്. എന്നാൽ ഒരു പൈയുടെ കാര്യത്തിൽ പ്പോലും സ്നേഹിതനു് അന്യഥാ ശങ്കയുണ്ടാകരുതെന്നു കോശിക്കു നിർബ്ബന്ധമാണു്.

ആ കടയെ സംബന്ധിച്ചേടത്തോളം അവർക്കു തുല്യ മാണു് അവകാശമെങ്കിലും "വറുഗീസിന്റെ കട," "വറു ഗീസിന്റെ കട" എന്നാണു് ആളുകൾ പറയുക. അ തൊന്നും അത്ര വകവെയ്ക്കാറില്ല കോശി. പക്ഷേ കോശി യുടെ ഭാര്യയ്ക്കു് അതത്ര ഇഷ്ടമല്ല. അതിലെ ഭംഗിയില്ലാ യ്മയെപ്പററി ആ സ്ത്രീ ഭർത്താവിനോടു ചിലപ്പോഴൊക്കെ പ്രസ്താവിക്കാറുണ്ടു്.

"അതൊന്നും അങ്ങനെ വകവെയ്ക്കണ്ടാ. ആളുകൾ എളുപ്പത്തിനു പറയുന്നു എന്നേയുള്ളു," കോശി ഭാര്യയെ സമാധാനിപ്പിച്ചു.

"എങ്കിൽ കോശിയെന്നു പറയുന്നതല്ലേ കുറേക്കൂടെ എളുപ്പം?" ആ സ്ത്രീ ചോദിക്കയായി.

സ്നേഹിതന്നെതിരായി ഭാര്യ കൊണ്ടുവരുന്ന അത്തരം ന്യായങ്ങളുടെ മുമ്പിൽ ശാന്തശീലനായ കോശി കണ്ണടച്ചുകളയും. ഒരു സംശയത്തേക്കാൾ എത്ര വലുതാണു് ഒരു സ്നേഹിതൻ! വറുഗീസിനെപ്പററി കോശിക്കു് അത്ര മാത്രം വിശ്വാസവുമുണ്ടു്. വറുഗീസാണെങ്കിൽ തന്നെക്കാൾ എത്രയോ കൂടുതലായി കടയ്ക്കുവേണ്ടി ബുദ്ധിമുട്ടുന്നു. എല്ലാററിനും വ്യക്തമായ കണക്കെഴുതുന്ന കാര്യത്തിൽ വറുഗീസിനെ ആരും ഒന്നും പഠിപ്പിക്കാനുമില്ല. കോശി ചിന്തിച്ചു: "ഞാനാണെങ്കിൽ ബീഡിയെങ്കിലും വലിക്കും. വറുഗീസിനു അതുപോലും വേണ്ടാ."

ഇഷ്ടനു് അങ്ങിനെ ആരോടും വലിയ കളിയും ചിരിയുമൊന്നുമില്ല. ബിസിനസ്സ്, ഗൌരവം, കണക്കു്—അങ്ങിനെയാണു് വറുഗീസ്. പററുവരവുകാരോടിടപെടുന്നതിലും മററും കോശിയുടെ ഇരട്ടി സാമർത്ഥ്യമുണ്ടായിരുന്നു അയാൾക്കു്. ഒരിക്കൽ വറുഗീസും കോശിയുംകൂടി കടയിൽ ഇരിക്കയായിരുന്നു. ആ പ്രാവശ്യത്തെ റേഷൻസാമാനങ്ങളുടെ കൂട്ടത്തിൽ ഒന്നിനും കൊള്ളാത്ത കുറേ പൊടിയും കിട്ടിയിട്ടുണ്ടായിരുന്നു. "ഇതെങ്ങനെ മനുഷ്യർക്കു കൊടുക്കും? ഇതു നമുക്കു കുന്നുകാലിക്കു കൊടുക്കാം," കോശി അഭിപ്രായപ്പെട്ടു.

"മനുഷ്യരു കഴിച്ചിട്ടല്ലേ കന്നുകാലി?" വറുഗീസ് തുടന്നു: "മനുഷ്യക്കു കൊള്ളുകയില്ലെങ്കിൽ ഇതു ഗവൺമെൻറ് തന്നയയ്ക്കുമായിരുന്നോ? തന്നെയല്ല, റേഷനിംഗ് ആഫീസർ വന്ന് ഇതിൻെറ കണക്കു നോക്കുമ്പോൾ എന്തു ചെയ്യും?" അവിടെ കേട്ടിരുന്നവരൊക്കെ വറുഗീസിൻെറ അഭിപ്രായമാണ് ആദരിച്ചതു്. കോശി വായടച്ചു.

ഒരാൾ കാൽറാത്താൽ ഉള്ളി ചോദിച്ചു. വറുഗീസിൻെറ കൈയ്ക്കു് ഒഴിവില്ലായിരുന്നു. നല്ലതും ചീത്തയുമായ രണ്ടുതരം അരി കുടഞ്ഞിട്ടു കൂട്ടിയിളക്കിക്കൊണ്ടിരിക്കയായിരുന്നു അയാൾ. ആ നല്ലയരി വേറെ ഇരുന്നാൽ സകലമനുഷ്യർക്കും അതേ വേണ്ടു. ഉള്ളി തൂക്കാൻ കോശി ത്രാസിനോടടുത്തു. വറുഗീസ് ത്രാസ്സിലേയ്ക്കു നോക്കി. ത്രാസ്സിൻെറ ഒരു തട്ടിലെ തുടലിൻെറ മുകളിലുള്ള കൊളുത്തിൽ ഒന്നിൽ ഒരു ഉള്ളിക്കഷണം കുത്തിപ്പിടിപ്പിക്കണമായിരുന്നു. ആ ഭാരംകൂടി ഉണ്ടെങ്കിലേ ത്രാസ്സു ശരിയാകൂ. അക്കാര്യമാണ് വറുഗീസ് നോക്കിയതു്. ഉള്ളിക്കഷണം മുകളിൽ കാണ്മാനില്ല. എന്നാലും അയാൾ മിണ്ടാതിരുന്നേനെ. ആ തട്ടിൽത്തന്നെയാണ് കോശി ഉള്ളി വാരിയിട്ടിരിക്കുന്നതു്. അങ്ങിനെ തൂക്കിയാൽ നാലു കഷണം ഉള്ളിയെങ്കിലും കൂടുതൽ കൊടുക്കേണ്ടിവരും. "വരട്ടെ, വരട്ടെ; ആ തുടലിൻെറ മുകളിൽ ഒരു ഉള്ളി കുത്തിപ്പിടിപ്പിക്ക്." വറുഗീസ് നിർദ്ദേശം നല്കി. വിയപ്പിൻെറ ആധിക്യത്താൽ എഴുന്നേററുനിന്നു വറുഗീസ് ഷർട്ട് ഊരി. ആ ഷർട്ടിൻെറ കീശയിൽ കിടന്ന താക്കോലുകൾ 'ക്ലിൻ' ശബ്ദത്തോടുകൂടെ താഴെ വീണു.

## II

ആ പ്രാവശ്യം റേഷനെടുക്കാൻ പോയതു വറുഗീസാണ്. റേഷൻ എടുക്കുന്നേടത്തും മററും പല തന്ത്രങ്ങളുമുണ്ട്. 'നേരേ വാ, നേരേ പോ'മട്ടുകാരനായ ,കോശിക്ക് അവിടെയെങ്ങും വലിയ മിടുക്കില്ല. കോശി കടയിൽ ചെന്നപ്പോൾ അതു് അടച്ചിട്ടിരിക്കുന്നു. താക്കോൽ വറുഗീസിൻെറ കൈയിലും!

അതിലൊന്നും വലിയ അത്ഥമില്ലായിരുന്നു. കോശിയെ ബുദ്ധിമുട്ടിക്കേണ്ടായെന്നു വിചാരിച്ചു റേഷനു പോയപ്പോൾ വറുഗീസ് കടയടച്ചിട്ടു എന്നു മാത്രം. ആ പ്രാവശ്യം ഒൻപതു ചാക്കു പുഴക്കലരിയുണ്ടായിരുന്നു. അതിൽ ആറു ചാക്ക് അവിടെവെച്ചുതന്നെ വറുഗീസ് കൈമാറി. രൂപാ ഇരുനൂററിനാല്പതു ലാഭം. വിയത്തില്ല, അളന്നില്ല, കൈയിൽ പൊടി പററിയതുമില്ല. നാട്ടുകാരു യൂണിററളന്നപ്പോൾ അരി കുറവായതിനെപ്പററി വറുഗീസ് സമാധാനം പറഞ്ഞു: "ഈ കോങ്ഗ്രസ്സുകാരു ഭരിക്കാൻ തൊടങ്ങിയേപ്പിന്നെ മുടിവാ."

റേഷൻകട ഭംഗിയായി പോകുന്നുണ്ട്. അതിലെ ആദായംകൊണ്ടു് ഒരു ചെറിയ കരുതൽധനം ഉണ്ടാകുവാൻ കോശി ആശിച്ചു. അയാൾ ആയിരം ഉറുപ്പികയ്ക്കു് ഒരു ഇൻഷ്വറൻസുകാര്യം വറുഗീസിനെ അറിയിച്ചു. വറുഗീസ് കോശിക്കു താക്കീതു കൊടുത്തു: "ഒരു രണ്ടു കൊല്ലംകൂടെ റേഷൻകട അങ്ങനെ പോകട്ടെ. ഉള്ളതു പലതിനായി വീതിച്ചാൽ കട മുടങ്ങിപ്പോകും. പണം കൊണ്ടെറിഞ്ഞാലേ പണത്തെ കൊള്ളൂ." ശരിയായിരുന്നു.

വളരെ കരുതലോടുകൂടി വറുഗീസ് പെരുമാറുന്നതുകൊണ്ടാണ് കടയിൽനിന്നു പത്തു രൂപാ എടുക്കാൻ സാധിക്കുന്നതു്. രണ്ടു കൊല്ലംകൂടി കഴിഞ്ഞിട്ടു മതി ആദായം വീതിക്കലെന്നു കോശിയും സമ്മതിച്ചു.

കോശിയുടെ ഭാര്യ അരിക്കും മണ്ണെണ്ണയ്ക്കും വേണ്ടി കടയിലേയ്ക്കു് ആളിനെ അയച്ചു. അന്നു വളരെ താമസിച്ചാണ് വേലക്കാരൻ അതു കൊണ്ടുചെന്നതു്. കുപിതയായ മറിയക്കുട്ടി താമസത്തിന്റെ കാരണം അന്വേഷിച്ചു. ഇപ്പോഴാണ് കിട്ടിയതെന്നു വേലക്കാരൻ സമാധാനം പറഞ്ഞു: "അയാൾ അത്ര വലിയ മുതലാളിയായെങ്കിൽ നിനക്ക് ഇങ്ങോട്ടു പോരാൻ പാടില്ലായിരുന്നോ?" ആ ചെറുപ്പക്കാരി കയർത്തു.

മറെറാരു ദിവസവും ആ വേലക്കാരൻ കുറെ കാത്തുനില്ക്കേണ്ടതുണ്ടായി. റൊക്കം പണം കൊണ്ടുചെന്നിരിക്കുന്ന പററുവരവുകാൎക്കു സാമാനങ്ങൾ വറുഗീസ് ആദ്യമാദ്യം കൊടുത്തുകൊണ്ടിരിക്കയായിരുന്നു. ആ വേലക്കാരനു മടുത്തു. ഇത്രയധികം താമസിച്ചാലോ! വേലക്കാരനു പേടിയായി. കൊച്ചമ്മയുടെ വിശ്വരൂപം എന്താണെന്നു് അവനു നിശ്ചയമുണ്ടു്. അവൻ ആ ആൾത്തിരക്കിന്നിടയിലൂടെ വീട്ടിലേയ്ക്കു മടങ്ങി. അന്നു കോശിയുടെ ഭാൎയ്യ ഭംഗിയായി ഒരു ചൊല്ലിയാട്ടം നടത്തി.

"എന്തെങ്കിലും കാരണം വേറെ കാണും. വേലക്കാരൻ പറയുന്നതുമാത്രം വിശ്വസിക്കരുതു്. പീടിക നമ്മുടേതു്. സാമാനവും നമ്മുടേതു്. മററു പററുവരവുകാരുള്ളപ്പോൾ നമ്മൾ വേണ്ടേ അല്പം ക്ഷമിക്കാൻ?" കോശി ഭാൎയ്യയോടു ചോദിച്ചു.

"ഓ, അങ്ങനെ 'ഷമി'ക്കുന്നില്ല. ഇതു് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഒരുവക ഓശാരംചെയ്യുന്നപോലെയാണു് അയാടെ സമ്പ്രദായം." മറിയക്കുട്ടി അവരുടെ നില വ്യക്തമാക്കി.

ശരിയായിരുന്നു; കോശിയുടെ അഭ്യൂഹം തെററല്ലായിരുന്നു. "അവൻ സാമാനത്തിനു വന്നു നില്ക്കുന്നതു ഞാൻ കാണാതിരുന്നില്ല. റേഷൻകടയല്ലേ; എന്തൊരു ബഹളമായിരുന്നു! ഒടുവിൽ ഞാൻ നോക്കുമ്പോൾ അവൻ വീടു പററി. അത്ര തിടുക്കമായിരുന്നെങ്കിൽ കുറച്ചു സാമാനങ്ങൾ അളന്നെടുത്തു കൊണ്ടുപോയാൽപ്പോരായിരുന്നോ? ഞാനെന്താ, കൈയ്യു കടന്നു പിടിക്കുമോ?" വറുഗീസ് പങ്കുകാരനോടു ചോദിച്ചു. അരിസാമാനങ്ങൾ മറെറാരാൾ വശം വറുഗീസ് കോശിയുടെ വീട്ടിലേയ്ക്കു കൊടുത്തയച്ചു. പാവം! ആ പങ്കുകാരനു വരുന്ന പാടു്: അയാൾ ഭാര്യയുടെ ശകാരം കേൾക്കണം; പങ്കുകാരൻെറ പരിഭവം കാണണം; അയാളുടെ ഭാര്യയുടെ പരാതി സഹിക്കണം; ആളുകളുടെ സംസാരം ക്ഷമിക്കണം; കട നടത്തുകയും വേണം!

"ഒന്നുകിൽ നിങ്ങൾ, അല്ലെങ്കിൽ നിങ്ങളുടെ ഒരാളിനെയെങ്കിലും അവിടെ ഇരുത്തണം." കോശിയുടെ ഭാര്യ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ സൌകര്യമുള്ളപ്പോൾമാത്രം കോശി പീടികയിൽ ചെല്ലും. റേഷൻ കൊണ്ടുവരാൻ പോകുന്നതുപോലും വറുഗീസായി. അപ്പോൾ കട അടച്ചിടുന്നതിനെപ്പററിയും താക്കോൽ കൊണ്ടുപോകുന്നതിനെപ്പററിയുമായിരുന്നു കോശിയുടെ ഭാര്യ

ക്കു് ഏററവും വലിയ പരാതി. പക്ഷേ അവർ പറകയ ല്ലാതെ എന്തു ചെയ്യും?

ഭാൎയ്യയുടെ പൂക്കാറുനിമിത്തം കുറേ ദിവസം അടപ്പിച്ചു കോശി കടയിൽ ചെന്നു. അവിടെ ചെന്നാൽ പങ്കു കാരനെക്കൊണ്ടു ജോലി ചെയ്യിക്കയും താൻ വെറുതെ ഇരിക്കയും ചെയ്യുന്നതു് അയാൾക്കു വിഷമം. വല്ലതും ചെയ്യാമെന്നുവെച്ചാൽ അതിനൊക്കെ വറുഗീസിനു് ഒരു ചിട്ടയും മുൻവിധിയുമുണ്ടായിരുന്നു. അതൊന്നും കോശിക്കു വശമില്ല. ഒരു റേഷൻകാർഡുകാരൻ കോശിയുടെ അടുക്കൽ പഞ്ചസാരയ്ക്കു ചെന്നു. രണ്ടു റാത്തൽ പഞ്ചസാരയ്ക്കു് അവകാശിയാണു് അയാൾ. കോശി കാർഡു നോക്കി പഞ്ചസാര തൂക്കാൻ കടലാസ്സെടുത്തു. തന്റെ പങ്കുകാരനെ കബളിപ്പിക്കാൻ തുടങ്ങുന്ന ആ പഞ്ചസാരക്കാരനോടു വറുഗീസിനു വെറുപ്പുണ്ടായി. അയാൾ ചോദിച്ചു: "എന്തെടോ, തനിക്കു പഞ്ചസാര കൂടാതെ ഒന്നും ഇറങ്ങത്തില്ല, അല്ലേ? പിന്നേ! അപ്പനപ്പൂപ്പന്മാരുടെ കാലംമുതലേ പഞ്ചസാര കൂട്ടിയല്ലായിരുന്നോ ഇവരുടെയൊക്കെ 'ബക്ഷണം'? പോടോ, പോയി വല്ലതും ജോലി നോക്കു്; വേലയിറക്കുന്നു! എനിക്കറിയാമല്ലോടോ തനിക്കിപ്പോൾ പഞ്ചസാരയ്ക്കു് ആവശ്യമില്ലെന്നു്. വല്ല മരുന്നോ പൊടിയോ കഴിക്കാനാണെങ്കിൽ അന്നേരം ഇങ്ങോട്ടു വന്നാൽപ്പോരേ? തനിക്കു് ഒരു നല്ല പഞ്ചസാര തരാൻ ഇവിടെ പണം വേണോ?" വറുഗീസ് ആ പഞ്ചസാരക്കാരനെ ഭംഗിയായി പറഞ്ഞയച്ചു. കോശിയായിരുന്നെങ്കിൽ രണ്ടു റാത്തൽ പഞ്ചസാര വെറുതേ കളയും. ആളും തരവും നോക്കി പെരുമാറുന്ന

തിലായിരുന്നു വറുഗീസിൻെറ മിടുക്ക്. കോശിക്കു മററെന്തൊക്കെയുണ്ടെങ്കിലും ഇല്ലാത്തതു് അതാണ്. പ്രവൃത്തിയാരുടെ വീട്ടിൽനിന്നു റേഷൻ വാങ്ങാൻ ആൾ വന്നു. യൂണിററളന്നശേഷം പണത്തിനു കോശി കൈ നീട്ടി. വറുഗീസ് തിരുത്തി: "വേണ്ടാ, വേണ്ടാ. അങ്ങുന്നിൻെറ പേക്കാണ്." ആ പണം വാങ്ങിക്കുന്നതപകടമാണെന്നു വറുഗീസിന്നറിയാം. നീക്കോലി കടിച്ചാൽ അത്താഴമെങ്കിലും മുടങ്ങും.

ചുരുക്കിപ്പറഞ്ഞാൽ പീടികക്കാര്യത്തിനു കോശി കൊള്ളുകില്ല. പേരേട്-നാൾവഴി ശരിപ്പെടുത്താനാണെങ്കിൽ അതും അയാൾക്കറിഞ്ഞുകൂടാ. പിന്നെ താനെന്തിനു കടയിലിരിക്കണം—കോശി ചിന്തിച്ചു. സ്നേഹിതനെ പരിശോധിക്കാനിരിക്കയെന്നതു എത്ര കഷ്ടം! കട തനിക്കു പററിയതല്ല എന്നു് അയാൾ നിശ്ചയിച്ചു.

വല്ലതുമൊക്കെ കണ്ടിക്കാനും പാക്കുവെട്ടാനുമൊക്കെയായി ആ കടയിൽ ഒരു പേനാക്കത്തിയുണ്ടു്—മാട്ടം വാസ്തുലയും ഒരുപോലിരിക്കുന്ന ഒരു സാധനം. വാസ്തുലയിലാണെങ്കിൽ അഞ്ചാറു സ്ഥലത്തു മടയും വീണിട്ടുണ്ടു്. അതിൻെറ ചുവട്ടിലെ കുഴയിൽ ചരടുകെട്ടി വറുഗീസ് അതു മേശക്കാലിൽ കെട്ടിയിട്ടിരിക്കുന്നു. "ഇവിടെ വരുന്നവരെയൊക്കെ നാം അവിശ്വസിക്കുന്നു എന്നല്ലേ ഇതിൻെറ അത്ഥം?" പേനാക്കത്തി ചരടോടുകൂടി എടുത്തുകൊടുത്തു കോശി ചോദിച്ചു.

"അതേ, വരുന്നവരെയൊക്കെ വിശ്വസിപ്പിക്കാൻ ഇതു പള്ളിയുമൊന്നുമല്ലല്ലോ. എങ്കിൽ ഈ തെങ്ങിനുമൊ

ക്കെ പൊത്തു കെട്ടണോ? വലിയ വലിയ റെസ്റ്റോറൻറില മൊക്കെ തീപ്പെട്ടിക്കോൽ പ്രത്യേകമെടുത്തു സിഗററുടി ന്നിലാക്കി സൂക്ഷിച്ച് ആവശ്യക്കാക്ക് ഓരോന്നെടുത്തുകൊ ടുക്കുന്നതെന്തിന്? ഈ ബാങ്കിലുമൊക്കെ പെൻസിലും പേനയും എന്തിനു കെട്ടിയിട്ടിരിക്കുന്നു? ഈ കടയ്ക്കുതന്നെ എന്തിനു പൂട്ട്? എന്തിനു താക്കോൽ?" വറുഗീസ് ചോ ദിച്ചു. "ആദ്യം എല്ലാരേയും അവിശ്വസിക്കുന്നതാണ് ബു ദ്ധി."

"ക്ലിൻ" അവിശ്വാസത്തിൻെറ പ്രമാണം പറ ഞ്ഞുകൊണ്ട് എഴുന്നേററ വറുഗീസിൻെറ എളിയിൽനി ന്നു താക്കോൽ താഴെ വീണു. ഒരു ദിവസം അയാറം കട യിൽ ചെന്നപ്പോളാണ് കുളിക്കടവിൽവെച്ചു മറന്ന താ ക്കോലിൻെറ കാര്യം ഓത്തത്. കക്കുസിനു പോകുമ്പോറം പ്പോലും ആ താക്കോലിൻെറ കാര്യത്തിൽ വറുഗീസിനു മറവി പററാറില്ല.

## III

അന്ന് അവിടത്തെ പള്ളിയിലെ പെരുന്നാളായി രുന്നു. വറുഗീസിൻെറയും കോശിയുടെയും വീട്ടുകാർ പ ള്ളിയിൽ എത്തിയിട്ടുണ്ട്. അച്ചൻ ബൈബിളിലെ കല്ലാ യ മൊഴികളൊക്കെ ഉദ്ധരിച്ചു പ്രസംഗിക്കുന്നു. എന്നാൽ കോശിയുടെ ഭാര്യയുടെ നോട്ടം മുഴുവൻ വറുഗീസിൻെറ ഭാര്യയുടെ പുതിയ മാലയിലും മോതിരത്തിലുമൊക്കെയാ ണ്. ആ യുവതിയുടെ മനസ്സാകുന്ന പശു ആ മൈതാന ങ്ങളിൽ നിന്നുനിന്ന് അയവിറക്കി. തൻെറ ഭത്താവു ക ടയിൽ ചെല്ലാത്തതിൻെറ ഫലം ആ മാലയിൽനിന്നും

മോതിരത്തിൽനിന്നുമൊക്കെ കോശിയുടെ ഭാര്യ മനസ്സി ലാക്കി. വറുഗീസിൻെറ കുട്ടികൾ ഇട്ടിരിക്കുന്ന ഉടുപ്പുകൾ തന്നെ എത്ര വിലപിടിപ്പുള്ളതു്! മറിയക്കുട്ടിക്കു ക്ഷമയി ല്ലാതായി. ആ സ്ത്രീയുടെ ഉള്ളിൽ വെറുപ്പും കോപവും നിറഞ്ഞു. പള്ളിയിലെ ചടങ്ങുകൾ തീരുന്നതിനുമുമ്പുത ന്നെ ഒരു പെൺകടുവായെപ്പോലെ അവർ വീട്ടിലേയ്ക്കു മടങ്ങി.

ഒരിക്കൽ ഒരു കല്യാണവീട്ടിൽ വെച്ചും കോശിയുടെ യും വറുഗീസിൻെറയും ഭാര്യമാർ അവിചാരിതമായി കൂട്ടി മുട്ടി. ഒരു സ്ത്രീ തൻെറ കമിതാവിനുവേണ്ടിയോ മോക്ഷ ത്തിനുവേണ്ടിയോ എന്തും സഹിക്കും. എന്നാൽ അവൾക്ക് ഒരു ദഹനക്കേടുണ്ടു്: മററാരു സ്ത്രീയുടെ ലാവണ്യപ്പൊലി മ. യൂണിററുകൾക്കൊന്നിനും കുറവില്ലായിരുന്നെങ്കിലും മ റിയക്കുട്ടിയോളം അഴകും യൌവനപുഷ്ടിയും ഉള്ളവളായി രുന്നില്ല വറുഗീസിൻെറ ഭാര്യ. അതുകൊണ്ടു വേഷഭൂഷാദി കളിലെങ്കിലും ഒരു മേന്മ തട്ടിയെടുക്കണമെന്നു് ആ സ്ത്രീ ക്കു നിർബ്ബന്ധമുണ്ടു്. ആ പശ്ചാത്തലത്തിലാണു് അവർ കല്യാണവീട്ടിൽ എത്തിയിരിക്കുന്നതു്. അവർ പാമ്പി ൻെറ തോൽ പൊതിഞ്ഞ രണ്ടു ചെരിപ്പു് അണിഞ്ഞിരി ക്കുന്നു.

മദ്ധ്യപ്രായം കഴിഞ്ഞവൾ, ശരീരം തടിച്ചവൾ, ചെരിപ്പണിഞ്ഞു ശീലിച്ചിട്ടില്ലാത്തവൾ—ഇങ്ങിനെ ഒരു സ്ത്രീ പുത്തനായി ചെരിപ്പിട്ടുനടക്കുന്നതു കാണുന്ന തും, അലക്കിത്തേച്ച ഷർട്ടിനുള്ളിൽ പതിയിരുന്നു് ഉറു മ്പുകൾ കൂടെക്കൂടെ കടിക്കുന്നതും ഒരുപോലെ അസുഖമു

ണ്ടാക്കാറുണ്ട്. സ്ത്രീകൾക്കു സൌന്ദര്യമുണ്ടെങ്കിൽ അതു് അനുഭവിക്കാം. എന്നാൽ സൌന്ദര്യത്തെപ്പററിയുള്ള അവരുടെ തെററിദ്ധാരണയാണു് അസഹനീയം. വറുഗീസിൻെറ വനദേവത കാണിക്കുന്ന പ്രകടനങ്ങളിൽ മറിയക്കുട്ടിയെപ്പോലുള്ള യുവതികൾ ഒന്നു ചിരിച്ചുപോകുന്നതു് അത്ഭുതമല്ല. ആ സ്ത്രീയുടെ സാരിയിലും ചെയിനിലും ബ്രോച്ചിലുമൊക്കെ കരിവണ്ടുകളെപ്പോലെ മറിയക്കുട്ടിയുടെ മിഴികൾ പറന്നുപററി. ആ സാരിയുടെ വിലയോ ചെയിനിൻെറ പണിക്കൂലിയോ സ്ത്രീകളിൽ ആരെങ്കിലും ഒന്നു ചോദിച്ചിരുന്നെങ്കിൽ!! ചോദിക്കാതെയെങ്ങിനെയാണു് കടന്നു കയറിപ്പറയുക! അവയുടെ മേന്മയെപ്പററി സ്ത്രീകളുടെ ഒരു പ്രശംസ കിട്ടുന്നില്ലെങ്കിൽ വറുഗീസിൻെറ ഭാര്യയ്ക്കു് അന്നു് ഉറക്കംപോലും സുഖമാകയില്ല. കൊച്ചുപെണ്ണു ചമഞ്ഞു് എത്തിയിരിക്കുന്ന വറുഗീസിൻെറ പ്രേമമൂലധനത്തിൻെറ കുണുങ്ങലും തലയെടുപ്പുമൊക്കെക്കണ്ടു് മറിയക്കുട്ടി കൂട്ടുകാരുടെ പല്ലുഞെരിച്ചു.

ഭാഗ്യത്തിനു വറുഗീസിൻെറ ഭാര്യയ്ക്കു തൻെറ അവസരം കിട്ടി. രണ്ടു മൂന്നു സ്ത്രീകൾ കൂടിനിന്നു് ആ ചെരിപ്പിൻെറയും ബ്രോച്ചിൻെറയുമൊക്കെ ചരിത്രം അന്വേഷിച്ചു. അവരുടെ അടുക്കൽ മറെറാരു യുവതിയുമായി സംസാരിച്ചുനില്ക്കയായിരുന്നു കോശിയുടെ ഭാര്യ. ആ പരിഹാസനിപുണ അന്യാപദേശമട്ടിൽ ഓരോന്നു പറയുന്നുണ്ടായിരുന്നു. അത്രയൊക്കെ കണ്ടുമുട്ടിയിട്ടും ആ പങ്കുകച്ചവടക്കാരുടെ ഭാര്യമാർ പരസ്പരം സംസാരിക്കാൻ ഒരുങ്ങിയില്ല. വറുഗീസിൻെറ ഭാര്യ ചെരിപ്പിൻെറയുമൊക്കെ

വില പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ മറിയക്കുട്ടി സ്നേഹിതയോടായി പറഞ്ഞു: "നായക്കു കണ്ടംകൃഷിയുണ്ടെങ്കിൽ അച്ചിക്കു പൊലികടമുണ്ടാകും. എനിക്കു് ഒരു കരിമന്തിയെ കിട്ടിയിരുന്നെങ്കിൽ! നല്ല ഒരു ഉടുപ്പുമൊക്കെ ഇടുവിക്കാമായിരുന്നു."

അത്തരം കുത്തുവാക്കുകൾ വറുഗീസിൻെറ ഭാര്യ കുറേനേരമായി കേട്ടുകൊണ്ടിരിക്കയായിരുന്നു. ആ സ്ത്രീയുടെ ക്ഷമ കെട്ടു. അവർ പറഞ്ഞു: "എടീ, മന്തിയെ എന്തിനു വേറെ അന്വേഷിക്കുന്നു? നിൻെറ വീട്ടിൽത്തന്നെയുണ്ടല്ലോ. എടീ, കണ്ണുകടിക്കു മരുന്നില്ലെടീ, അവരവരുടെ ആമ്പെറന്നോമ്മാരു് അങ്ങനെയാ. പെണ്ണുങ്ങൾക്കു് ഓരോന്നൊക്കെ മേടിച്ചു കൊടുക്കും. നീ ചെന്നിരുന്നു്........."

വാക്കുകൾകൊണ്ടു് അവിടെ ഒരു സമരം നടന്നു. വിവരമുള്ള കുറേ സ്ത്രീകൾ സമീപിച്ചു് ആ ശണ്ഠയൊതുക്കി.

## IV

ജൂലൈമാസം മുപ്പതാംതീയതി ആയിരം രൂപാ വറുഗീസ് കോശിക്കു കൊടുത്തു. "ആയിരം രൂപാവീതം" അയാൾ പറഞ്ഞു: "നമുക്കു പിൻവലിക്കാമെന്നു തോന്നുന്നു. അഞ്ചെട്ടുമാസമായി റേഷൻകൊണ്ടു് അങ്ങനെ വലിയ ഗുണമൊന്നുമില്ല; എങ്കിലും പത്തോ രണ്ടായിരമോ എടുക്കുന്നതുകൊണ്ടു് അങ്ങനെ ക്ഷീണം വരാൻ പോകുന്നില്ല. ഇനി എനിക്കു കോശിയോടു് ഒരു കാര്യം പറയാനുണ്ടു്: നമ്മുടെ പെണ്ണുങ്ങൾ കണ്ടമാനം വർത്തമാനം പറ

യുന്നു. വല്ല മനുഷ്യരും കേട്ടാൽ എന്തു കുറച്ചില്! നമ്മ ളല്ലാതെ മററു വല്ലവരുമാണോ ഇതൊക്കെ തടയേണ്ടതു്? ഉറക്കത്തിൽപ്പോലും ഞാൻ കോശിയോടു് ഒരു വിശ്വാ സവഞ്ചന ചെയ്തിട്ടില്ല; ചെയ്യാൻ നിശ്ചയിച്ചിട്ടുമില്ല. എ ന്നാൽ കോശിയുടെ വീട്ടുകാരി എന്തൊക്കെയാണു് പറയു ന്നതു്!! എല്ലാവർക്കുമില്ലേ ഭാര്യമാർ? ഇതു വളരെ നേരെ ത്തെത്തന്നെ നിറുത്തേണ്ടതായിരുന്നു.” കവിളിലെ നീരി ൻെറ അസഹനീയതയോടുകൂടി കൈപ്പത്തി വലത്തെ ക വിളിൽ അമർത്തിക്കൊണ്ടു വറുഗീസ് തുടന്നു: “എന്തെ ല്ലാം കൊള്ളരുതായ്മയാണു് കോശിയുടെ ഭാര്യ എന്നെപ്പ ററി പറയുന്നതു്! ഞാൻ അതിനു വേലചെയ്യുന്നില്ല.” അയാളുടെ സ്വരം വികലമായി. അച്ചടക്കബോധമുള്ള ആ സ്നേഹിതനു് അത്രയും പറയേണ്ടിവന്നു.

ഉത്തമനായ ആ സ്നേഹിതൻെറ മുമ്പിൽ കോശി തലകുനിച്ചു. തൻെറ ഭാര്യയുടെ ആരോപണങ്ങളെപ്പ ററി അയാൾ ലജ്ജിച്ചു. പടവാളിനെക്കാൾ ഹിംസാശ ക്തി നിറഞ്ഞ സ്ത്രീയുടെ നാക്കിനെപ്പററി അയാൾ ചി ന്തിച്ചു. “ഞാൻ വറുഗീസിന്നെതിരായി മനസ്സിൽപ്പോ ലും ഒന്നും കരുതിയിട്ടില്ല. പെണ്ണുങ്ങൾ വല്ലതും പറയു ന്നുണ്ടായിരിക്കും. അതു കാര്യമാക്കേണ്ടാ.” കോശി പ റഞ്ഞു.

എഴുനൂററമ്പതല്ലാതെ മുടക്കിയോ? വീട്ടിൽ ചെന്നി രുന്നു കോശി ചിന്തിച്ചു—സാമാനം പററുതന്നെ ഇ പ്പോൾ പത്തായിരം ആയിക്കാണും. ആയിരം രൂപാ റൊ ക്കം കിട്ടുകയും ചെയ്തു. അയാളെപ്പററി നിർദ്ദയം ഒന്നും പ

റഞ്ഞുകൂടാ. അന്നു കോശി ഭാര്യയെ പതിവില്ലാതെ കുറെ ശകാരിച്ചു. വറുഗീസിന്നെതിരായി സംസാരിക്കുന്നതിൽ ശക്തിയേറിയ താക്കീതുകളും നല്കി.

കോശിയുടെ ഭാര്യ ചോദിച്ചു: "ഞാൻ പറയുന്നതി ലേ വിഷമമുള്ളോ? ആരെല്ലാമെന്തെല്ലാം പറയുന്നു! നി ങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ അതു പറയണമെന്ന് എനിക്കിനി നിർബ്ബന്ധമില്ല. ആയിരം കുടത്തിൻെറ വായ് മൂടിക്കെട്ടാം. എന്നാൽ മനുഷ്യൻെറതു സാധിക്കുമോ?"

"എടീ, കുടത്തിൻെറയല്ല, നിൻെറ വായ് ഇങ്ങനെ തുറന്നിടരുതെന്നേ പറയാനുള്ളൂ." കോശിക്കു വെറുപ്പിള കി. ശരിയാണ്, ചിലരൊക്കെ വറുഗീസിനെപ്പററി അതു മിതും പറയുന്നുണ്ടായിരുന്നു: "കോശി പാവമാണ്, അയാ ളെ പററിക്കും." "'പുറക്കാടൻ' ചക്കരയ്ക്കും പങ്കു കൂടരു തു്. ഉള്ളതു് അച്ചനോൻതന്നെ ചെയ്യുന്നതാണ് നല്ലതു്."

പൊതുജനങ്ങളുടെ ഇത്തരം ആരോപണങ്ങളുടെ മ നശ്ശാസ്ത്രത്തെപ്പററി വറുഗീസിനു നിശ്ചയമുണ്ടായിരുന്നു. അന്യർക്കു തൻെറയടുക്കൽ വേലയിറക്കാൻ സാധിക്കാത്ത പരാജയബോധമാണ് ആ പരാതികളിൽ അധികഭാഗ ത്തിനും കാരണമെന്നു വറുഗീസിനറിയാം. ചോരെങ്കിൽ വെള്ളത്തിനു മീതെ പൊങ്ങിക്കിടക്കുന്ന പൊങ്ങുതടിയാ ണ് പൊതുജനാഭിപ്രായമെന്നും അയാൾ പഠിച്ചിട്ടുണ്ട്.

വറുഗീസിൻെറ പിതാവിൻെറ ശ്രാദ്ധമടുത്തു. ഈ റേഷൻകടയുള്ളപ്പോളെങ്കിലും പത്തു വയർ ചോറു കൊ ടുത്തില്ലെങ്കിലോ എന്ന് അയാൾ ഓർത്തു. ആ അവസ രം അയാൾ പാഴാക്കിയില്ല. നാട്ടുകാരിൽ പലരേയും വി

ളിച്ച് അയാഠം കെങ്കേമൻ ഒരു സദ്യ കൊടുത്തു. അയാഠംക്ക് ഒരു നേച്ചക്കടവുമുണ്ടായിരുന്നു. ഒരു സുഖക്കേട വന്നപ്പോഠം അയാഠം നേൻതാണത്രേ. ഇടവകയിലെ പള്ളിക്ക് അയാഠം ഒരു കുരിശുപള്ളി പണിയിച്ചുകൊടുത്തു. അതിൻെറ വെഞ്ചരിപ്പുകമ്മത്തിനു് മൂന്നു മെത്രാന്മാരും നാല്പതോളം കത്തനാർമാരും സംബന്ധിക്കയുണ്ടായി.

ആ റേഷൻകട ഭംഗിയായിത്തന്നെ നടന്നുകൊണ്ടിരുന്നു. എന്നാൽ വറുഗീസിനു് ഒരു ചികിത്സ ആവശ്യമായിത്തീന്നു. അഞ്ചെട്ടു മാസം മുമ്പു് അയാഠംക്കു് ഒരു പല്ലുവേദന തുടങ്ങി. കവിളിൽ ഒരു നീരു വിട്ടുമാറാതെ അയാളെ പിന്തുടരുന്നു. അതു കാൻസറാണെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു. വറുഗീസ് ഞെട്ടിപ്പോയി. ശസ്ത്രക്രിയ കൂടാതിരിക്കാൻ നാട്ടുവൈദ്യമാണു് വറുഗീസ് തുടന്നുകൊണ്ടിരുന്നതു്. പത്ഥ്യംകൊണ്ടു ശരീരം നന്നെ മെലിഞ്ഞു. രോഗം കണ്ടമാനം വദ്ധിക്കയും ചെയ്തിരുന്നു.

"ഇനി സൂചിയൊന്നു പരീക്ഷിച്ചു നോക്കിയാലറിയാം. ഏതായാലും തിരുവനന്തപുരത്തേയ്ക്കു പോവുക. ഞാൻ ഒരെഴുത്തു തരാം." ഡോക്ടർ പറഞ്ഞു.

പെട്ടെന്നു് അതു് ഇത്രമാത്രം ആപല്ക്കരമായിത്തീരുമെന്നു വറുഗീസ് കരുതിയിരുന്നില്ല. മററു മാർഗ്ഗങ്ങഠം ഒന്നുംതന്നെ ഇല്ലാതായി. വറുഗീസ് തിരുവനന്തപുരത്തേയ്ക്കു യാത്രയായി. കോശിയും കൂട്ടത്തിൽ പോയി.

"കച്ചവടത്തിൽ പങ്കുണ്ടു്. അതുപോലെ ആ സുഖക്കേടിൻെറയും പങ്കു വാങ്ങിക്കണോ?" ;കോശിയുടെ ഭായ്യ ചോദിച്ചു.

"കുറെ ദിവസം ഇവിടെ താമസിക്കട്ടെ, എനിക്ക വലിയ ആശയൊന്നുമില്ല." ഡോക്ടർ അറിയിച്ചു. ആ അഭിപ്രായം അറിഞ്ഞപ്പോൾത്തന്നെ വറുഗീസ് തകൻുകഴിഞ്ഞു.

കടയിൽ ചെന്നു റേഷൻ കൊടുത്തില്ലെങ്കിൽ ആളുകൾ ബഹളമുണ്ടാക്കും. കോശി നാട്ടിലേയ്ക്കു മടങ്ങാൻ തീരുമാനിച്ചു. വറുഗീസിന്നും അതു സമ്മതിക്കേണ്ടിവന്നു രോഗിയുടെ സംരക്ഷണകാര്യത്തിൽ കോശി വേണ്ട മുൻകരുതലുകൾ ചെയ്കയുണ്ടായി.

നാട്ടിലേയ്ക്കു മടങ്ങാൻ സ്നേഹിതനോടു യാത്ര ചോദിച്ച കോശിയുടെ കൈ കവൻുകൊണ്ടു വറുഗീസ് കണ്ണുനീരു തൂടച്ചു. അതു വല്ലാത്ത ഒരു രംഗമായിരുന്നു. കണ്ണുനീർ തൂകുന്നില്ലെങ്കിലും കോശിയുടെ ഹൃദയം എരിഞ്ഞു. തൻെറ ആ സ്നേഹിതനുവേണ്ടി ജീവിതത്തിൻെറ ഏതു സേവനത്തിനും കോശി തയ്യാറായിരുന്നു.

"ബുദ്ധിയില്ലാത്തവരെപ്പോലെ തുടങ്ങരുത്. അങ്ങനെ പേടിക്കണമെന്നില്ല. ഏതു് അനുഭവത്തേയും നാം നേരിടണമല്ലോ." കോശി സമാധാനം പറഞ്ഞു.

"ഞാൻ കോശിയോട്"—ഇടറിയ കണ്ഠത്തോടുകൂടി വറുഗീസ് പറഞ്ഞു: "പല തെററുകളും ചെയ്തുപോയി. ദൈവത്തെയോർത്തു് എന്നോടു ക്ഷമിക്കണം. എൻെറ കുഞ്ഞുങ്ങളെ ഉപദ്രവിക്കരുതു്."

"എന്തു തെററു്!" ആ നല്ല മനുഷ്യൻ അങ്ങനെ എന്തെങ്കിലും തെററു ചെയ്തതായി കോശിക്കറിവില്ല.

കോശി നാട്ടിലേയ്ക്കു തിരിച്ചു. പീടിക കണ്ടപ്പോളാണു് അതിന്റെ താക്കോലിന്റെ കാര്യം കോശി ഓർത്തതു്. ആ താക്കോൽക്കൂട്ടം വറുഗീസിന്റെ കൈയിലായിരുന്നു. ആ ഹൃദയഭേദകമായ അവസരത്തിൽ നിസ്സാരമായ താക്കോൽക്കാര്യം കോശി മറന്നുപോയി. വറുഗീസും അതു മറന്നിരിക്കണം. കട കൊല്ലനെ വിളിപ്പിച്ചു തുറപ്പിക്കുകയേ നിവൃത്തിയുണ്ടായിരുന്നു. കോശി നല്ലതുപോലെ ചിന്തിച്ചു. വരട്ടെ, ഏതായാലും കുത്തിത്തുറക്കാൻ വരട്ടെ എന്നു് അയാൾ തീരുമാനിച്ചു. വിഷമിച്ചു കുറെ പണമുണ്ടാക്കി ഒരുതരത്തിൽ അയാൾ റേഷൻസാമാനങ്ങൾ കൊണ്ടുവന്നു. ആ കടയുടെ വരാന്തയിൽവെച്ചുതന്നെ അവ വിതരണം ചെയ്തു. കട തുറക്കുന്നതിൽ എന്താണു് ഔചിത്യഭംഗമെന്നു പലരും കോശിയോടു ചോദിച്ചു. കോശി മൌനംകൊണ്ടതേയുള്ളു. ഔചിത്യക്കുറവില്ല, എങ്കിലും അതു കുത്തിത്തുറക്കണമല്ലോ എന്നായിരുന്നു കോശിയുടെ ചിന്ത.

കുറേ ദിവസം കഴിഞ്ഞപ്പോൾ കോശിക്കു തിരുവനന്തപുരത്തുനിന്നു് ഡോക്ടരുടെ ഒരു കമ്പി കിട്ടി. അയാൾ തിടുക്കത്തിൽ തിരുവനന്തപുരത്തേയ്ക്കു തിരിച്ചു. കോശിയുടെ കൂട്ടത്തിൽ വറുഗീസിന്റെ ദുഃഖിതയായ ഭാര്യയുമുണ്ടായിരുന്നു.

സൂചിക്കൊന്നും കഴിവുണ്ടായിരുന്നില്ല. ആസന്നമരണനായ വറുഗീസിന്റെ അടുക്കലേയ്ക്കാണു് അവർ ചെന്നതു്.

വറുഗീസിന്റെ ഭാര്യ പൊട്ടിക്കരഞ്ഞു. സ്നേഹിത

നെ കണ്ടു വറുഗീസും കണ്ണുനീർ തുടച്ചു. അപ്പോൾ ചികിത്സകൾക്കൊക്കെ അതീതനായിരുന്നു വറുഗീസ്.

"വേഗം കൊണ്ടുപോയ്ക്കൊള്ളൂ." ഡോക്ടർ നിർദ്ദേശിച്ചു.

ഒരു കാർ പിടിച്ചു കോശി തൻെറ സ്നേഹിതനെ നാട്ടിലേയ്ക്കു കൊണ്ടുവന്നു. വീട്ടിൽ വന്നതിൻെറ പിറേറ ദിവസം വറുഗീസ് തൻെറ റേഷൻകടയോടും സ്നേഹിതനോടും കുടുംബത്തോടും അന്ത്യയാത്ര പറഞ്ഞു.

സംസ്കാരകർമ്മം ഭംഗിയായി നടന്നു. ഏതാണ്ട് ഒന്നര മണിക്കൂർ നേരത്തോളം വൈദികൻ പരേതൻെറ ഗുണഗണങ്ങളെ വർണ്ണിച്ചു ചരമപ്രസംഗം നടത്തി. ആ കുരിശുപള്ളി പണിയിച്ച ഗുണവാനെപ്പററി ആ വൈദികന് അത്രമാത്രം ആദരവുണ്ടായിരുന്നു.

തനിക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിച്ച സ്നേഹിതൻെറ വേർപാടിൽ കോശിയുടെ ഹൃദയത്തിന് എന്തെന്നില്ലാത്ത വേദനയുണ്ടായി. അയാളുടെ വിധവയായ ഭാര്യയോട് അയാൾ കൂടുതൽ ബഹുമാനമുള്ളവനായിത്തീർന്നു. പിതാവു നഷ്ടപ്പെട്ട ആ കുട്ടികളോടും അയാൾ കൂടുതൽ വാത്സല്യം കാണിച്ചു. ലോകത്തിൽ ഒരു സ്നേഹിതനെക്കാൾ വലുതല്ല ഒന്നുമെന്നു കോശിക്കറിയാം.

റേഷൻകടയുടെ താക്കോൽ വറുഗീസിൻെറ തണുത്തു മരവിച്ച മൃതശരീരത്തിൽനിന്നാണ് എടുത്തതു്.

കോശി തൻെറ മുഴുവൻ സമയവും ആ റേഷൻകടയ്ക്കായി നല്കിത്തുടങ്ങി. കണക്കുബുക്കുകൾ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. സാധാരണ കണക്കെഴുതിക്കൊണ്ടി

രുന്നതു വറുഗീസാണ്. അയാൾ അതു മിക്കവാറും രാത്രികാലത്തു വീട്ടിലിരുന്നാണ് സാധിക്കുക. അതുകൊണ്ടു് ആ കണക്കുബുക്കുകൾ വറുഗീസിൻെറ വീട്ടിലായിരുന്നു.

വറുഗീസിൻെറ ഭാൎയ്യ ഒരു രക്ഷാകൎത്താവിനെപ്പോലെ കോശിയെ ബഹുമാനിച്ചു. കോശിയോടല്ല, അയാളുടെ ഭാൎയ്യയോടായിരുന്നു ആ സ്ത്രീക്ക് എന്തെങ്കിലും പരാതിയുണ്ടായിരുന്നതു്.

അന്നു് ഒരു ഞായറാഴ്ചയായിരുന്നു. പള്ളിയിൽ പോയശേഷം കോശി വറുഗീസിൻെറ കുഴിമാടത്തിനടുക്കൽച്ചെന്നു കുറേനേരം മൂകനായി നിന്നു. അയാളുടെ കണ്ണിൽനിന്നു് ഒന്നുരണ്ടു തുള്ളി കണ്ണുനീർ അടൎന്നു് ആ കുഴിമാടത്തിലേയ്ക്കു വീണു. ആ ഉണങ്ങിയ മണ്ണു് അവ കൊതിയോടുകൂടി കുടിച്ചു. "കോശിയോടു ഞാൻ പല തെററുകളും ചെയ്തുപോയി. ദൈവത്തെയോൎത്തു് എന്നോടു ക്ഷമിക്കണം. എൻെറ കുഞ്ഞുങ്ങളെ ഉപദ്രവിക്കരുതു്." ആ അന്ത്യാപേക്ഷകൾ കോശിയുടെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു. എന്താണ് വറുഗീസ് ചെയ്തുപോയ തെററു്? ഒന്നുമില്ല. നന്മയുടെ ആധിക്യംകൊണ്ടു് അയാൾ പറഞ്ഞതായിരുന്നു.

കണക്കുബുക്കുകൾ കോശിക്കു് ആവശ്യമായിത്തീൎന്നു. എത്രനാളാണ് കണക്കുകൾ തുണ്ടുകടലാസ്സിൽ കുത്തിക്കുറിക്കുക? പീടികയിൽ പണം തരാനുള്ളവർ പണം കൊണ്ടുവരുമ്പോഴൊക്കെ കണക്കുബുക്കു കൊണ്ടുവരാത്ത ബുദ്ധിമുട്ടു കോശിക്കനുഭവപ്പെടാറുണ്ടു്. ഓ, നാളെയാകട്ടെ, നാളെയാകട്ടെ എന്നു വിചാരിച്ചു് അയാൾ ദിവസങ്ങൾ

തള്ളിവിട്ടു. വറുഗീസിൻെറ വീട്ടിലേയ്ക്കു കണക്കുബുക്കിനു കോശി ആളയച്ചു. ഒരു ചുമട്ടുകാരനു് ഞെരുങ്ങി എടുക്കത്തക്കവണ്ണം കുറേ തടിയൻബുക്കുകൾ പീടികയിൽ കൊണ്ടുവന്നു. എന്തിനു് ഇത്രയധികം ബുക്കുകളെന്നു കോശി അത്ഭുതപ്പെട്ടു. ആകപ്പാടെ ഒന്നു പഠിക്കാൻ കോശി ആ ബുക്കുകൾ വീട്ടിലേയ്ക്കു കൊണ്ടുപോയി.

രാത്രികാലത്തു് ഉറക്കമൊഴിഞ്ഞിരുന്നു കോശി ആ ബുക്കുകളിൽ പരിശോധന തുടങ്ങി. ആ ഓരോ താളിലും കോശിയുടെ ഹൃദയം നൊന്തുനൊന്തു് ഇഴഞ്ഞു. വിളക്കിനു മുമ്പിലിരുന്നു താളുകൾ പരിശോധിക്കുന്ന ഭർത്താവിനെക്കണ്ടു കോശിയുടെ ഭാര്യ ചിരിച്ചു. ആ സ്ത്രീ ആ ബുക്കുകൾ എടുത്തു് ഒന്നു നിവർത്തിയാലുടനെ കോശി ദേഷ്യപ്പെടുകയായി. പക്ഷേ ആ ബുക്കിൽനിന്നു് എന്തൊക്കെയോ രഹസ്യങ്ങൾ തൻെറ ഭർത്താവിനു മനസ്സിലാകുന്നുണ്ടെന്നറിഞ്ഞു് അവർ സമാധാനപ്പെട്ടു.

"കോശിയോടു താൻ പല തെററുകളും ചെയ്തുപോയി. ദൈവത്തെയോർത്തു് എന്നോടു ക്ഷമിക്കണം. എൻെറ കുഞ്ഞുങ്ങളെ ഉപദ്രവിക്കരുതു്"—ആ വാക്യങ്ങൾ!!

ചില കച്ചവടക്കാർക്കു് രണ്ടുണ്ടു കണക്കു്: ഒന്നു ശരിയായുള്ളതു്, മറേറതു് ആദായനികുതിയിൽനിന്നു് രക്ഷപ്പെടാൻ ഗവണ്മെൻറിനെ വഞ്ചിക്കുന്നതു്. എന്നാൽ വറുഗീസിനു മൂന്നുണ്ടായിരുന്നു കണക്കു്: ഒന്നു ഗവണ്മെൻറിനെ കബളിപ്പിക്കുന്നതിനു്, മററൊന്നു പങ്കുകാരനെ വഞ്ചിക്കുന്നതിനു്, മൂന്നാമത്തേതു ശരിയായിട്ടുള്ളതു്.

കോശിയുടെ തല പുകഞ്ഞു. താൻ ജീവിച്ചിരിക്കുന്ന

തുതന്നെ യഥാൎത്ഥമാണോ എന്നു് അയാൾ സംശയിച്ചു പോയി. ലോകത്തിൽ സൎവ്വത്ര ഇരുട്ടു കറങ്ങുന്നതായും അവിടെ ഒരിടത്തു നിശ്ചലനായി താൻ ഇരുന്നുപോകുന്നതായും അയാൾക്കു തോന്നി. വറുഗീസ് കച്ചവടപ്പീടികയിലെ മുതലിൽനിന്നു 4000 രൂപായുടെ ഒരു ചിട്ടി നടത്തിയിരിക്കുന്നു. അയാളുടെ ഭാൎയ്യയുടെ റൊക്കം പററായി 6000 രൂപാ എഴുതിയിരിക്കുന്നു. ഇതു വറുഗീസ് ഭാൎയ്യയെ സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്ന പണമാണെന്നുള്ള കാൎയ്യത്തിൽ കോശിക്കു സംശയമുണ്ടായിരുന്നില്ല. ആദ്യമുടക്കു തന്നെ വറുഗീസിൻേറതു് അഞ്ഞൂറു ഉറുപ്പികയേയുള്ളു. കോശി വീട്ടിലെ ആവശ്യത്തിനു സാമാനം പററിയതും മററുമായി മൂവായിരത്തിൻെറ കണക്കു കാണുന്നു.

## V

വിശാലമായ ആകാശത്തിൻെറ ഹൃദയമെന്നപോലെ ഇരുട്ടിൽനിന്നു ചന്ദ്രൻ ഉദിച്ചുയൎന്നു. ഉറക്കം വരാതെ കൈകാലുകൾ കിടയ്ക്കയിൽ തല്ലിക്കൊണ്ടു കോശി കിടക്കയായിരുന്നു.

"പിന്നേ—എന്താ നിങ്ങൾ ഉറങ്ങാത്തതു്?" കോശിയുടെ ഭാൎയ്യ ചോദിച്ചു.

"ങ്ഉൗ"

"എന്താ ഉറങ്ങാത്തതെന്നു്?"

"ഉറങ്ങാത്തതോ?"

"ആ."

"ഉറക്കം വരാത്തതുകൊണ്ടു്."

"അങ്ങനെ ഉറക്കം വരാതിരിക്കാൻ കാര്യമൊന്നുമി ല്ലല്ലോ."

"ഓാരോന്ന് ഓാക്കയാണ്."

"എന്താ ഇത്രയധികം ഓാക്കാൻ? പെണ്ണിനെ കെട്ടി ക്കാൻ പണമില്ലേ? അതോ, കടക്കാർ നിറുത്തുന്നില്ലേ?" ഭാര്യയുടെ ആ ചോദ്യത്തിനു മുമ്പിൽ കോശി ചൂളിപ്പോ യി. അയാൾ കുറേ നേരം മിണ്ടാതെ കിടന്നശേഷം പ റഞ്ഞു:

"എടീ! നീ പറഞ്ഞതെല്ലാം ശരിയാ."

"എന്തോ പറഞ്ഞത്?"

"വറുഗീസിനെപ്പററി."

"ശരിയാണോ?"

"അതേ."

"എനിക്ക് അതു കേട്ടാൽ മതി. ഇപ്പോൾ എങ്ങ നെയിരിക്കുന്നു? ഏഴു വയസ്സുവരെ മുലപ്പാലു കുടിച്ചു വള ന്നവളാ ഞാൻ. ഇപ്പോൾ വിശ്വാസം വന്നോ?"

"വന്നു."

"എന്നാൽ ഇതു കുറച്ചു നേരത്തെ പാടില്ലായിരു ന്നോ?"

"നേരത്തെയോ?"

"ആ, നേരത്തെ."

വീണ്ടും കുറേനേരം മൌനമായി കിടന്നശേഷം അ യാൾ പറഞ്ഞു: "അതു പാടില്ലായിരുന്നു. എനിക്കതു വ യ്യാ. ആദ്യം വിശ്വസിക്കണം."

"എന്നിട്ട് കൂട്ടുകാരനില്ലായിരുന്നല്ലോ, അയാൾക്ക്. എല്ലാവരേയും അവിശ്വാസമായിരുന്നല്ലോ."

"അതേ, അതു് അവൻ പഠിച്ച മര്യാദ."

"മരണംമുതൽ ആയിരിക്കും അയാൾ ഇനി വിശ്വസിക്കാൻ പോകുന്നതു്, അല്ലേ?" ആ യുവതി ചിരിച്ചു. കോശിക്ക് ആ ചിരി സഹിച്ചുകൂടായിരുന്നു.

പിറേറദിവസം വളരെ താമസിച്ചാണ് കോശി എഴുന്നേററതു്. തപാൽശിപായി അയാളുടെ അടുക്കലേയ്ക്കു ചെന്നു. ഇൻഷ്വറൻസ് കമ്പിനിയുടെ കവർ. രണ്ടായിരം രൂപായ്ക്കു വറുഗീസ് തൻെറ ഇളയ കുട്ടിയുടെ പേക്ക് ഒരു പോളിസി എടുത്തിട്ടുണ്ടായിരുന്നു.

കോശി വറുഗീസിൻെറ ഭാര്യയ്ക്കു് ആളയച്ചു. ആ വീട്ടിലേയ്ക്കു ചെല്ലുന്ന കാര്യം അവൾക്ക് ഒട്ടുംതന്നെ ഇഷ്ടമുള്ളതായിരുന്നില്ല. എങ്കിലും ആ വിധവ തൻെറ രക്ഷാകത്താവിൻെറ അടുക്കൽ എങ്ങിനെ ചെല്ലാതിരിക്കും?

"കോശിയോടു ഞാൻ പല തെററുകളും ചെയ്തുപോയി. ദൈവത്തെയോത്തു് എന്നോടു ക്ഷമിക്കണം. എൻെറ കുഞ്ഞുങ്ങളെ ഉപദ്രവിക്കരുതു്." ആ വാക്യങ്ങൾ കോശിയുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. കോശിയുടേയും അയാളുടെ ഭാര്യയുടേയും മുമ്പിൽ ആ ദുഃഖിതയായ വിധവ തല കുനിച്ചു. അവരുടെ നേക്ക് കൈ നീട്ടിക്കൊണ്ടു കോശി പറഞ്ഞു: "ഇതാ, കടയുടെ താക്കോൽ. കട ഇന്നുമുതൽ നിങ്ങളുടേതാണ്. എനിക്ക് ഇനി അതു വേണമെന്നില്ല. കാരണമൊന്നും ചോദിക്കണ്ട. ഇതാ, കട നടത്തുകയോ നടത്താതിരിക്കയോ ചെയ്യാം. ഇന്നു കൊണ്ടു ഞാൻ സകലബന്ധങ്ങളും ഉപേക്ഷിച്ചിരിക്കുന്നു."

ആ സ്ത്രീ താക്കോൽ വാങ്ങാൻ മടിച്ചു. കോശി അതു് അവരുടെ മുമ്പിലേയ്ക്കു് എറിഞ്ഞശേഷം വെളിയിലേയ്ക്കിറങ്ങി. ആകാശതലത്തിൽ ഒരു മഴക്കാർ പതുങ്ങിനിന്നിരുന്നു. അതു നീങ്ങി; കോശിയുടെ ഹൃദയത്തിൽനിന്നു് ഒരു ഭാരവും.

---

165329
38257
032:3xN0
J2
UNIVERSITY LIBRARY
- 8 MAR 1956
MUL
165329

# 4. അന്നത്തെ നാടകം

പഴയോലയും കപ്പത്തണ്ടുംകൊണ്ടു് ആ കുട്ടികൾ ഒരു പുരവെച്ചു—ഒരു മുറിയും ഒരു അടുക്കളയും.

വർഗ്ഗീസ് ഗൃഹനാഥനായി—അതിൽ തക്കമുണ്ടായില്ല. പിന്നെ ഒരു ഗൃഹനായിക വേണം. അക്കാര്യത്തിലാണ് തക്കം.

ഗൃഹനായികയായാൽ മാത്രം പോരാ, ഗൃഹനായിക പ്രസവിച്ചുകിടക്കുകയും വേണം. ഏലിയാമ്മ പറഞ്ഞു: "പെററുകെടക്കുന്നതു ഞാൻ."

റോസക്കുട്ടി സമ്മതിക്കുമോ? അവൾ എതിർത്തു: "പിന്നേടി! ഞാനാ പെററുകെടക്കുന്നേ."

ഏലിയാമ്മ വിട്ടില്ല: "ആദ്യം പറഞ്ഞതു ഞാനാ."

റോസക്കുട്ടി കയർത്തു: "ഓ! ഒടുവിപ്പറയുന്നവരാ ജയിക്കുന്നേ. ഏലിയാമ്മ തോററു. പെററുകെടക്കുന്നതു ഞാനാ."

ഏലിയാമ്മ അപേക്ഷാഭാവത്തിൽ വർഗ്ഗീസിനെ നോക്കി. അവൻ ഇതികർത്തവ്യതാമൂഢനായി, മൌനമായി നിന്നതേയുള്ളു. ഇനിയെന്താ മാർഗ്ഗം? അവൾ സന്ധിക്ക് ആലോചനയായി: "എന്നാ ആദ്യം ഞാൻ പെററുകെടക്കാം. റോസക്കുട്ടി പിന്നെ പെററുകെടന്നോ."

റോസക്കുട്ടി സന്ധിക്കു തയ്യാറില്ല. അവൾ ശഠിച്ചു: "ആദ്യോം ഒടുക്കോം എല്ലാം ഞാൻ മതി."

ഏലിയാമ്മ നിരാശതയോടുകൂടി ചോദിച്ചു: "അപ്പം ഇനിക്കു പെററുകെടക്കണ്ടായോ?"

"നീ പേറുനോക്കാൻ."

റോസക്കുട്ടി ഏലിയാമ്മയ്ക്കു കൊടുത്ത ജോലി അതാണ്.

ഏലിയാമ്മയ്ക്കു ശുണ്ഠിവന്നു: "ഇനിക്കു മനസ്സില്ലല്ലോ?"

"മനസ്സില്ലേ, വേണ്ട."

അങ്ങിനെ പറഞ്ഞിട്ടു റോസക്കുട്ടി ഒരു വെള്ളസ്റ്റൂൾ എടുത്ത് അരികിൽ കിടത്തിക്കൊണ്ട്, 'വാ വാ വോ... ..........' എന്നു പാടാൻ തുടങ്ങി. ഏലിയാമ്മ ദൂരേ പോയി നമ്രമുഖിയായി നിലകൊണ്ടു.

കോപത്തോടും വ്യസനത്തോടുംകൂടി അവൾ പറഞ്ഞു: "പേറുനോക്കാൻ ഞാനവൾടെ വാലിയക്കാരിയാണോ?"

"നീ അവൾടെ അമ്മച്ചിയായിക്കോ."

"വേണ്ടാ."

വർഗ്ഗീസ് അവളുടെ കൈ പിടിച്ചുകൊണ്ടു ശാസനാസ്വരത്തിൽ പറഞ്ഞു: "ഏലിയാമ്മേ, ഞാനാ പറയുന്നേ, കളിക്കാൻ വാ."

അവളുടെ കണ്ണുകൾ നിറഞ്ഞു. വർഗ്ഗീസ് അവളുടെ കൈ പിടിച്ചുവലിച്ചു. അവൾ അവൻെറ പുറകെ പോയി.

* * *

വർഗ്ഗീസും ഏലിയാമ്മയും റോസക്കുട്ടിയും—അവർ മൂന്നുപേരും അയൽക്കാരാണ്; അവർ സാമാന്യം ഭേദപ്പെട്ട കുടുംബങ്ങളിൽ ഉള്ളവരുമാണ്. വർഗ്ഗീസിന്നു പത്തു വയസ്സു പ്രായമുണ്ട്. ഏലിയാമ്മയ്ക്കും റോസക്കുട്ടിക്കും കഷ്ടിച്ച് ആറുവയസ്സുമാത്രമേ പ്രായമുള്ളൂ.

ഏലിയാമ്മയുടെ വീട്ടിലുള്ള ഒരു വലിയ പ്ലാവിൻെറ ചുവട്ടിൽ ദിവസവും മൂന്നുപേരും ഒന്നിച്ചുകൂടും. അവർ ഓരോ ദിവസവും ഓരോതരം കളികളാണു് കളിക്കുക. 'പുരവെച്ചുകളി' കഴിഞ്ഞതിൻെറ പിറേറ ദിവസവും അവർ ആ പ്ലാവിൻചുവട്ടിൽ വന്നുകൂടി.

വർഗ്ഗീസ് ചോദിച്ചു: "ഇന്നെന്തു കളിയാ കളിക്കുന്നേ?"

ഏലിയാമ്മ വാശിയോടുകൂടി പറഞ്ഞു: "ഇന്നു ഞാനാ പെററുകെടക്കുന്നേ."

വർഗ്ഗീസ് പറഞ്ഞു: "ഇന്നാരും പെററുകെടക്കണ്ടാ. ഇന്നു നമുക്കു നാടകം കളിക്കാം."

നാടകം കളിക്കുകയോ? ഏലിയാമ്മയ്ക്കും റോസക്കുട്ടിക്കും അതു മനസ്സിലായില്ല. അവർ ഒപ്പം ചോദിച്ചു: "അതെങ്ങനാ വർഗ്ഗീസേ, നാടകം കളിക്കുന്നേ?"

വർഗ്ഗീസ് പൊട്ടിച്ചിരിച്ചു: "അയ്യോടി! നിങ്ങളാരും നാടകം കണ്ടിട്ടില്ല്യേ? എന്നാപ്പറയാം: രാജാവും മന്ത്രിയുംകൂടി വേട്ടയ്ക്കു കാട്ടിപ്പോണം. അപ്പം രാജ്ഞിയെക്കാണും. രാജാവും രാജ്ഞിയുംകൂടി ഇഷ്ടമാവും. പിന്നെ അവരു കല്യാണം കഴിക്കും. അങ്ങിനാ നാടകം. ഇപ്പം മനസ്സിലായോ?"

റോസക്കുട്ടി സന്തോഷത്തോടുകൂടി പറഞ്ഞു: "ഉം എന്നാ നമുക്കു നാടകം കളിക്കാം."

നാടകം കളിക്കാമെന്നു തീരുമാനിച്ചു. വർഗ്ഗീസ് രാജാവായി. പിന്നെ രാജ്ഞിയും മന്ത്രിയും വേണം. അതിലാണു് തക്കം.

റോസക്കുട്ടി പറഞ്ഞു: "രാജ്ഞി ഞാനാ."

ഏലിയാമ്മ മുഖം വീർപ്പിച്ചു നിലയായി. വറ്റ്ഗീസ് അവളോടു ചോദിച്ചു: "ഏലിയാമ്മ മന്ത്രി, അല്ല്യോ, ഏലിയാമ്മേ?"

"മന്ത്രിയാവാൻ ഇനിക്കു കഴിയത്തില്ല. റോസക്കുട്ടി മന്ത്രിയാവട്ടെ. ഞാൻ രാജ്ഞിയാവാം."

റോസക്കുട്ടി പരിഹാസസ്വരത്തിൽ പറഞ്ഞു: "ഓ, പിന്നേ ഒള്ളൊരു കാര്യം! ഞാനാ രാജ്ഞി. ഏലിയാമ്മ യ്ക്കു വേണോങ്കി മന്ത്രിയായിക്കോ."

ഏലിയാമ്മ കഠിനമായ കോപത്തോടെ പറഞ്ഞു: "ഇനിക്കിപ്പം മനസ്സില്ലേലോ?"

"എന്നാ മന്ത്രി വേണ്ടാ വറ്റ്ഗീസേ!" അതാണ് റോസക്കുട്ടി കണ്ടുപിടിച്ച മാർഗ്ഗം.

നാടകനിയമങ്ങളെല്ലാം വറ്റ്ഗീസിന്നേ അറിഞ്ഞുകൂടു. അവൻ പറഞ്ഞു: "മന്ത്രിയില്ലേങ്കി നാടകമാവത്തില്ല."

"എന്നാ പിന്നെങ്ങനാ?"

വറ്റ്ഗീസിന്നു തോന്നി ഒരുപായം: "ഞാൻ മന്ത്രിയാവാം. ഏലിയാമ്മ രാജാവാകട്ടെ."

അപ്പോഴ് റോസക്കുട്ടിക്ക് ഒരു തക്കം: "ഏലിയാമ്മ രാജാവായാ ഞാൻ രാജ്ഞിയാവത്തില്ല."

ഏലിയാമ്മയും എതിർത്തു: "റോസക്കുട്ടി രാജ്ഞിയാണെങ്കി, ഞാൻ രാജാവാകത്തുമില്ല."

കുഴങ്ങി. ഇനിയെന്താ മാർഗ്ഗം? ഒടുവിൽ വറ്റ്ഗീസ് ഏലിയാമ്മയുടെ അടുത്തു ചെന്ന് അവളുടെ കൈപിടിച്ച്: "ഏലിയാമ്മേ, ഞാനാ പറയുന്നേ, മന്ത്രിയാവാൻ."

വർഗ്ഗീസ് പറഞ്ഞാൽ പിന്നെ അപ്പീലില്ല. ഏലിയാമ്മ മന്ത്രിയായി. റോസക്കുട്ടി രാജ്ഞിയായി. ഇനി നാടകം നടന്നാൽ മതി.

രാജാവു രാജ്ഞിയോടു പറഞ്ഞു: "രാജ്ഞീ, നീ ആ മാവിൻചോട്ടിപ്പോയി നിക്കണം. അപ്പം ഞാനും മന്ത്രീം കൂടി അങ്ങു വരും. എന്നെ കണ്ടാലൊടനെ ഇഷ്ടമാവണം. പിന്നെ ഇങ്ങു വന്നിട്ടാ കല്യാണം."

രാജ്ഞി മാവിൻചുവട്ടിൽ പോയി നിലയായി. രാജാവു പ്ലാവിന്റെ പൊന്തിനില്ക്കുന്ന ഒരു വേരിന്മേൽ കയറിനിന്നിട്ടു മന്ത്രിയെ വിളിച്ചു: "മന്ത്രീ, ഇങ്ങു വാ!"

മന്ത്രി ഉന്മേഷഹീനയായി, നമ്രമുഖിയായി രാജാവിന്റെ അടുത്തു ചെന്നു. ആ വരവു രാജാവിന്നത്ര പിടിച്ചില്ല.

"ഇങ്ങനെയാണോ, മന്ത്രി വരുന്നേ?"

"പിന്നെങ്ങനാ?" മന്ത്രി ഉദാസീനമായി ചോദിച്ചു.

"തല നേരെ പിടിക്കണം. അടുത്തു വന്നിട്ടൊരു സലാം ചെയ്തു നില്ക്കണം."

രാജാവിന്റെ നിർദ്ദേശപ്രകാരം മന്ത്രി ഒന്നുകൂടി പ്രവേശിച്ചു. രാജാവു സഗൌരവം ചോദിച്ചു: "മന്ത്രീ, എല്ലാവർക്കും സുഖമാണോ?"

മന്ത്രി ഉത്തരം പറഞ്ഞില്ല. രാജാവു പൂർവ്വാധികം ഗൌരവത്തോടുകൂടി ആജ്ഞാപിച്ചു: "ആണെന്നു പറ, മന്ത്രീ."

"ആണ്."

രാജാവു പിന്നേയും ചോദിച്ചു: "മഴ പെയ്യുന്നൊണ്ടോ?"

"ഇല്ല."

രാജാവിന്നു കോപം വന്നു: "ഛേ! ഒണ്ടെന്നു പറ, മന്ത്രീ."

മഴയില്ലാത്തപ്പോൾ മഴയുണ്ടെന്നു പറയുന്നതെങ്ങനെ? മന്ത്രി ചോദിച്ചു: "ഇപ്പം മഴയൊണ്ടോ രാജാവേ?"

"രാജാവു ചോദിക്കുമ്പം ഒണ്ടെന്നു പറയണമെടീ, മന്ത്രീ. അതാ നാടകം."

മന്ത്രി ഉത്തരം കൊടുത്തു: "ഉം. എന്നാലൊണ്ട്."

രാജാവു സ്മേരവദനനായി ചോദിച്ചു: "നമ്മുടെ ആളുകൾക്കു ദീനോം ദെണ്ണോം ഒണ്ടോ?"

മന്ത്രി ഉടനുത്തരം കൊടുത്തു: "ഒണ്ട്."

രാജാവിന്നു ശുണ്ഠിവന്നു: "ഛേ! ഇല്ലെന്നു പറയെടീ, ഏലിയാമ്മേ."

"അതെങ്ങനാ? രാജാവു ചോതിക്കുമ്പം ഒണ്ടെന്നു പറയാനല്ല്യോ പറഞ്ഞത്?"

"മഴയൊണ്ടോന്നു ചോതിക്കുമ്പഴേ ഒണ്ടെന്നു പറയേണ്ടു. ദീനോം ദെണ്ണോം ഒണ്ടോന്നു ചോദിക്കുമ്പം ഇല്ലാന്നു പറയണം."

"ഉം. എന്നാ ഇല്ല."

രാജാവു സംതൃപ്തഭാവത്തിൽ എഴുന്നേററു: "മന്ത്രീ, നമുക്കു വേട്ടയ്ക്കു പോവാം."

"ഉം."

"എന്നാ വാ."

രാജാവു മുൻപിൽ നടന്നു; മന്ത്രി പിറകിലും. അവർ മാവിൻചുവട്ടിലെത്തി. രാജ്ഞി അക്ഷമയായി മാവിൻെറ മറവിൽ നില്ക്കുകയാണു്. രാജാവു മന്ദഹാസപൂർവ്വം രാജ്ഞിയെ ഒളിഞ്ഞൊന്നു നോക്കി. രാജ്ഞി ഒളിഞ്ഞുനോക്കി ഒന്നു മന്ദഹസിച്ചു.

രാജാവു മന്ത്രിയോടു ചോദിച്ചു: "മന്ത്രീ, രാജ്ഞി സുന്ദരിയാണോ?"

മന്ത്രി ഉത്തരം പറഞ്ഞില്ല. അവൾ മുഖം വീർപ്പിച്ചു നിന്നതേയുള്ളു.

രാജാവു ശാസിച്ചു: "ആണെന്നു പറയെടീ, മന്ത്രീ."

പറയാതെ നിവൃത്തിയുണ്ടോ?

"ആണു്."

അങ്ങിനെ പറഞ്ഞിട്ടു് അവൾ മുഖം തിരിച്ചുകളഞ്ഞു.

രാജാവു സാവധാനം രാജ്ഞിയുടെ അടുത്തു ചെന്നു: "രാജ്ഞീ, നീയെന്തിനാ ഇവിടെ നില്ക്കുന്നേ?"

രാജ്ഞി നിസ്സങ്കോചം ഉത്തരം പറഞ്ഞു: "ഇനിക്കു രാജാവിനോടു് ഇഷ്ടമാ."

രാജാവു സ്നേഹപൂർവ്വം ഉപദേശിച്ചു: "അതു പിന്നെ പറഞ്ഞാ മതി. ഇപ്പം പറയണം, പൂ പറിക്കാനാ നില്ക്കുന്നതെന്നു്."

"ഉം. ഞാൻ പൂ പറിക്കാനാ നില്ക്കുന്നേ."

"രാജ്ഞീടെ വീടെവിടെയാ?"

അതിന്നുത്തരം പറയാൻ രാജ്ഞിക്കു് അറിഞ്ഞുകൂടാ. രാജാവു പറഞ്ഞുകൊടുത്തു: "അങ്ങേ രാജ്യത്തിലെ രാജാവിൻെറ മോളാന്നു പറയണം."

"ഉം. അങ്ങേ രാജ്യത്തിലെ രാജാവിൻെറ മോളാ ഞാൻ."

രാജാവു കുറേക്കൂടി അടുത്തു നിന്നിട്ടു പറഞ്ഞു: "ഇനിക്കു നിന്നോട്ട് ഇഷ്ടമാ."

"ഇനിക്കും ഇഷ്ടമാ."

"എന്നാ, ഞാൻ നിന്നെ കല്യാണം കഴിക്കട്ടോ?"

"ഉം."

"എന്നാ വാ."

രാജാവും രാജ്ഞിയും കൈകോർത്തുപിടിച്ചു നടന്നു. മന്ത്രി നമ്രമുഖിയായി, ശോകാകുലയായി, പിറകേ നടന്നു.

അങ്ങിനെ അന്നത്തെ നാടകം കഴിഞ്ഞു. അങ്ങിനെ പല നാടകങ്ങളും അവർ അഭിനയിച്ചു.

*   *   *   *

പതിനൊന്നു വഷം കഴിഞ്ഞു. വർഗ്ഗീസ് തിരുവനന്തപുരത്തു കോളേജിൽ പഠിക്കുകയാണ്. ഏലിയാമ്മയും റോസക്കുട്ടിയും സ്കൂൾഫൈനൽക്ലാസ്സിലായി.

ഒരു ദിവസം കാലത്ത് ഒരു നോട്ടുപുസ്തകം വാങ്ങാനായി ഏലിയാമ്മ റോസക്കുട്ടിയുടെ വീട്ടിൽ ചെന്നു. റോസക്കുട്ടി അവളുടെ മുറിയിലിരുന്ന് ഒരെഴുത്തു വായിക്കുകയായിരുന്നു. ഏലിയാമ്മയെ കണ്ടയുടൻ അവൾ എഴുത്തു മടക്കി മേശയിൽ വെച്ചു.

ഏലിയാമ്മ സംശയത്തോടുകൂടി ചോദിച്ചു: "ആരുടെ എഴുത്താ അത്, റോസക്കുട്ടീ?"

"ഓ! എഴുത്തല്ലതു്. ഒരു വെറുംകടലാസാ."

"വെറുംകടലാസാണെങ്കിൽ എന്നെ കണ്ടപ്പോൾ ഒളിച്ചുവെച്ചതെന്തിനാ?"

"ഏലിയാമ്മയെ ഒന്നു കളിപ്പിക്കാൻ."

"എന്നാൽ ആ വെറുംകടലാസൊന്നു കാണട്ടെ."

"ഓ! വെറുംകടലാസിൽ എന്തു കാണാനാ?"

ഏലിയാമ്മ പിന്നെയൊന്നും പറഞ്ഞില്ല. അവളുടെ മനസ്സിൽ ബലമായ എന്തോ സംശയമുണ്ടായി. അവൾ നോട്ടുപുസ്തകവും വാങ്ങിക്കൊണ്ട് അവിടെനിന്നു വളരെ വേഗം തിരിച്ചുപോന്നു.

അന്നു മുഴുവൻ അവൾ ആ എഴുത്തിനെപ്പററി ആലോചിക്കുകയായിരുന്നു. സ്കൂളിൽവെച്ചും വീട്ടിൽവെച്ചും അവൾ എഴുത്തിനെപ്പററി മാത്രമേ ചിന്തിച്ചുള്ളു. സ്കൂളിൽനിന്നു വന്നതിനുശേഷം അവൾ മുറിയിൽ കയറി ഇരിപ്പായി.

"അതേ, അതു് അദ്ദേഹത്തിൻെറ എഴുത്തുതന്നെ." അവളുടെ സംശയം സ്ഥിരപ്പെടുത്തി: "അദ്ദേഹം തിരുവനന്തപുരത്തു ഹോസ്റ്റലിലാണു് താമസമെന്നു് അന്നൊരു ദിവസം അന്നക്കുട്ടി പറഞ്ഞപ്പോൾ, റോസക്കുട്ടി പറഞ്ഞു, അദ്ദേഹം ഹോസ്റ്റലിൽനിന്നു താമസം മാററിയെന്നു്. അതു വാസ്തവമായിരുന്നെന്നു് അദ്ദേഹം ക്രിസ്തുമസ്സ് വെക്കേഷനു വന്നപ്പോൾ സമ്മതിക്കുകയും ചെയ്തു. "അക്കാര്യം റോസക്കുട്ടി എങ്ങനെ അറിഞ്ഞു? വെക്കേഷനു് അദ്ദേഹം വന്നാൽ, എപ്പോഴും റോസക്കുട്ടിയുടെ വീട്ടിലായിരിക്കും. വല്ലപ്പോഴും ഒരിക്കൽ ഇവിടെ വന്നാലായി. അത്രതന്നെ. ..........അതേ, അദ്ദേഹം പതിവായി റോസക്കുട്ടിക്കു് എ

ഴുത്തയയ്ക്കാറുണ്ടായിരിക്കണം. അവർ തമ്മിൽ......അ ങ്ങിനെയായിരിക്കാം. ദൈവമേ!......"

അക്കൊല്ലത്തെ മദ്ധ്യവേനലൊഴിവു് ആരംഭിച്ചു. വ ൎഗ്ഗീസ് തിരുവനന്തപുരത്തുനിന്നു വന്നു. അയാൾ വീട്ടിൽ വന്നിട്ടു ദിവസങ്ങൾ നാലു കഴിഞ്ഞെങ്കിലും, അതിന്നകം ഒരിക്കലെങ്കിലും ഏലിയാമ്മയെ കാണ്മാൻ ചെന്നില്ല. അ വൾ ഓരോ നിമിഷവും വൎഗ്ഗീസിൻെറ വരവിനെ പ്രതീ ക്ഷിച്ചിരിക്കുകയായിരുന്നു. അയാൾ എപ്പോഴും റോസക്കു ട്ടിയുടെ വീട്ടിലാണെന്നു് അവൾക്കു് അറിവു കിട്ടി. അവ ളുടെ സംശയമെല്ലാം തീൎന്നു—വൎഗ്ഗീസ് റോസക്കുട്ടിയിൽ അനുരക്തനാണു്; റോസക്കുട്ടി വൎഗ്ഗീസിലും. അവളുടെ ഹൃ ദയം നീറുകയായിരുന്നു.

ഒരു സായങ്കാലത്തിൽ ആ പഴയ പ്ലാവിൻചുവട്ടിൽ, അന്നത്തെ രാജാവിൻെറ സിംഹാസനമായിരുന്ന ആ വേ രിൻെറ സമീപത്തു്, ഏലിയാമ്മ ചിന്താവിഷ്ടയായി ഇ രിക്കുകയായിരുന്നു. അന്നു് അവളും വൎഗ്ഗീസും റോസക്കു ട്ടിയുംകൂടി ആ പ്ലാവിൻചുവട്ടിൽവെച്ചു കളിച്ച കളിക ളോരോന്നും അവളുടെ സ്മരണയിൽ വന്നുകൊണ്ടിരുന്നു. അന്നു പുരവെച്ചു കളിച്ചപ്പോൾ, ഗൃഹനായികയാകുവാൻ വേണ്ടി—പെററുകിടക്കുവാൻവേണ്ടി—അവളും റോസക്കു ട്ടിയും തമ്മിൽ തൎക്കമുണ്ടായതും, ഒടുവിൽ വൎഗ്ഗീസ് അവ ളുടെ കൈപിടിച്ചുകൊണ്ടു് "ഏലിയാമ്മേ, ഞാനാ പറയു ന്നേ, കളിക്കാൻ വാ" എന്നാജ്ഞാപിച്ചതും, അവൾ ആ ആജ്ഞയ്ക്കു വിധേയയായതും ഇന്നലെ കഴിഞ്ഞതുപോലെ അവളുടെ സ്മരണയിൽ വന്നു. അന്നത്തെ നാടകം......

ഹാ! വർഗ്ഗീസ്രാജാവിനാൽ അലംകൃതമായിരുന്ന ആ സിം ഹാസനം!—അതിപ്പോഴും അവിടെത്തന്നെ കിടക്കുന്നു. അവൾ ആ സിംഹാസനത്തെ നോക്കി ഒരു നെടുവീർപ്പു വിട്ടു. അന്നു വർഗ്ഗീസുരാജാവും റോസക്കുട്ടിരാജ്ഞിയും കൈ കോർത്തുപിടിച്ചുകൊണ്ടു പോകുന്ന ആ പോക്ക്—അവളു ടെ നയനങ്ങൾ നിറഞ്ഞു തുളുമ്പി, മാറിടത്തിലൂടേ ഒഴുകി.

"ഏലിയാമ്മേ!"

അവൾ ഒന്നു ഞെട്ടി, തിരിഞ്ഞുനോക്കി. വർഗ്ഗീസി ൻെറ പ്രസന്നമായ മുഖമാണ് അവൾ കണ്ടതു്. അവൾ പിടച്ചെഴുന്നേററു്, വസ്ത്രാഗ്രത്താൽ നനഞ്ഞ കണ്ണുകൾ തുടച്ചു.

വർഗ്ഗീസ് പരിഭ്രമത്തോടുകൂടി അവളുടെ അടുത്തു ചെന്നിട്ടു ചോദിച്ചു: "അയ്യോ! ഏലിയാമ്മ കരയുന്നതെ ന്താ?"

ഗൽഗദം അടക്കിക്കൊണ്ടു് അവൾ ഉത്തരം പറ ഞ്ഞു: "ഓ! കണ്ണിൽ ഒരു ഈച്ച പോയതാ."

"ഒരു നുണ!" വർഗ്ഗീസു ചിരിച്ചു: "രണ്ടു കണ്ണിലും ഈച്ച പോയോ?"

അവൾ നമ്രമുഖിയായി നിന്നതേയുള്ളു. വർഗ്ഗീസ് വീണ്ടും ചോദിച്ചു: "ഏലിയാമ്മേ, എന്തിനാ വ്യസനിക്കു ന്നതെന്നു പറയൂ."

"ബാല്യകാലത്തിലെ സ്മരണകൾ......" അവളുടെ കണ്ഠം ഇടറി.

വർഗ്ഗീസ് അല്പസമയം മൌനമായി നിന്നിട്ടു പറ

ഞ്ഞു: "ഏലിയാമ്മയുടെ ബാല്യകാലസ്മരണകൾ ദുഃഖകരമാണോ?"

"അതേ." അവൾ സഗൽഗദം തുടന്നു പറഞ്ഞു: "വിശേഷിച്ചും, ഈ പ്ലാവിൻചുവട്ടിൽ നാം ഒരുമിച്ചു കളിച്ച ദിനങ്ങളെപ്പററിയുള്ള സ്മരണകൾ എന്നെ അത്യധികം ദുഃഖിപ്പിക്കുന്നു."

"ആ സ്മരണകൾ ഏലിയമ്മയെ ദുഃഖിപ്പിക്കുന്നതെന്തുകൊണ്ടാണെന്നു ഞാൻ അത്ഭുതപ്പെടുന്നു. എന്നിലാകട്ടെ, ആ സ്മരണകൾ ആഹ്ലാദമാണുണ്ടാക്കുന്നതു്."

അവൾ ശാന്തമായി പറഞ്ഞു: "ഒരു സംഭവത്തെപ്പററിയുള്ള സ്മരണ രണ്ടുപേരിൽ രണ്ടുതരം വികാരങ്ങളെ ഉളവാക്കിയെന്നു വരാം."

വർഗ്ഗീസ് ആലോചനയോടുകൂടി പറഞ്ഞു: "അതു ശരിയായിരിക്കാം. പക്ഷേ, നമ്മുടെ ബാല്യത്തിലെ കളികളെപ്പററിയുള്ള സ്മരണകൾ ദുഃഖകരമാവാൻ വഴിയില്ല. അന്നു നിർദ്ദോഷികളായ മൂന്നു കുട്ടികൾ ഒന്നിച്ചു കളിച്ചു വളന്നു. ഇന്നു് ആ കളികളെപ്പററിയുള്ള സ്മരണകൾ നമുക്കു് ആനന്ദകരമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്."

ഏലിയാമ്മ ഒന്നും പറഞ്ഞില്ല. പൊന്തിനില്ക്കുന്ന ആ വേരിനെ നോക്കിക്കൊണ്ടു വർഗ്ഗീസ് ചോദിച്ചു: "അന്നൊരിക്കൽ നാം ഒരു നാടകം അഭിനയിച്ചതോക്കുന്നോ?"

"ഉം." അവൾ ആവേശത്തോടെ വർഗ്ഗീസിനെ ഒന്നു നോക്കിയിട്ടു്, പെട്ടെന്നു ദൃഷ്ടികളെ പിൻവലിച്ചു.

"അന്ന് ഈ വേരായിരുന്നു എൻെറ സിംഹാസനം." അയാൾ വേരിന്മേൽ കയറി ഇരുന്നു. "ആ നാടകം ഇപ്പോഴും അഭിനയിക്കാൻ എനിക്കു തോന്നുന്നു."

ഏലിയാമ്മ വർഗ്ഗീസിനെ ഒളിഞ്ഞുനോക്കിക്കൊണ്ടു ചോദിച്ചു: "ഒരാൾ ഇവിടെ ഇല്ലല്ലോ."

"അതേ, അന്നത്തെ രാജാവും അന്നത്തെ മന്ത്രിയും ഇവിടെ ഉണ്ട്. അന്നത്തെ രാജ്ഞിമാത്രം ഇവിടെ ഇല്ല." വർഗ്ഗീസിൻെറ മുഖത്ത് ഒരു മന്ദഹാസച്ഛായ പ്രതിഫലിച്ചു.

"അന്നത്തെ രാജാവും അന്നത്തെ മന്ത്രിയും അന്നത്തെ രാജ്ഞിയുംതന്നെയോ ഇന്നും?"

അവൾ ആവേശത്തോടുകൂടി വർഗ്ഗീസിൻെറ നേരേ നോക്കി.

വർഗ്ഗീസ് ഉത്തരം പറഞ്ഞില്ല. അയാൾ ഒളിവിൽ ഒന്നു മന്ദഹസിച്ചു. ആ മന്ദഹാസത്തെ ഏലിയാമ്മയുടെ സൂക്ഷ്മദൃഷ്ടികളിൽനിന്നു മറയ്ക്കുവാൻ അയാൾക്കു കഴിഞ്ഞില്ല.

അവൾ പിന്നെയൊന്നും ചോദിച്ചില്ല. ദീൎഘമായി ഒന്നു നിശ്വസിക്കുകമാത്രം ചെയ്തു.

*   *   *

വൎഷം മൂന്നു കഴിഞ്ഞു. പരമരമണീയമായ ഒരു പ്രഭാതം.

വർഗ്ഗീസ് ഒരു കന്യകാമഠത്തിൻെറ മുൻപിൽ നില്ക്കുകയാണ്. നൈരാശ്യകലുഷിതമായ ഒരു ഹൃദയത്തി

ൻെറ പ്രതിച്ഛായ അയാളുടെ മുഖത്തു പ്രതിഫലിച്ചുകാ ണായി.

വർഗ്ഗീസ് മണിയടിച്ചു. ആ മണിനാദം അയാളു ടെ ശ്രവണപുടങ്ങളിൽ ഒരു ശോകഗാനം ആലപിച്ചു.

ഒരു ഭൃത്യ വാതിൽ തുറന്നു. വർഗ്ഗീസ് അവളോടെ ന്തോ പറഞ്ഞു. അവൾ അകത്തേയ്ക്കു പോയി.

രണ്ടു മിനുട്ട് അങ്ങിനെ കഴിഞ്ഞു. അതിഥിമുറി യിൽ 'മദർനൺ' (അമ്മസന്യാസിനി) പ്രത്യക്ഷയായി. വർഗ്ഗീസ് അങ്ങോട്ടു ക്ഷണിക്കപ്പെട്ടു.

കാരുണ്യവും ശാന്തതയും സ്നേഹവും ഇടകലൎന്ന സ്വരത്തിൽ അവർ ചോദിച്ചു: "ആരെ കാണണം?"

വർഗ്ഗീസ് ഒരു പേർ പറഞ്ഞു.

"ഇരിക്കണം." ഒരു കസേര കാണിച്ചുകൊടുത്തിട്ട് അവർ അകത്തേയ്ക്കു പോയി.

വർഗ്ഗീസ് കസേരയിൽ ഇരുന്നു. ഹാൾ നിശ്ശബ്ദമാ യിരുന്നു. ചുമരിൽ, അയാളുടെ തലയ്ക്കുമീതെ സ്ഥിതിചെ യ്തിരുന്ന ഘടികാരത്തിൻെറ 'ടിക്ക്, ടിക്ക്' ശബ്ദം മാത്ര മേ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നുള്ളൂ.

ഇരുപതിരുപത്തിമൂന്നു വൎഷത്തെ ജീവിതം—അതി ലെ അതിപ്രധാനമായ രംഗങ്ങൾ—അവയെല്ലാം ചല നചിത്രത്തിലെന്നപോലെ അയാളുടെ മനസ്സിലൂടെ പാ ഞ്ഞുപോയ്ക്കൊണ്ടിരുന്നു. പ്ലാവിൻചുവട്ടിൽ പുരവെച്ചുകളി ച്ചതും, നാടകം കളിച്ചതും, പെറ്റുകിടക്കുവാനും രാജ്ഞി യാകുവാനും റോസക്കുട്ടി ശാഠ്യം പിടിച്ചതും, അപ്പോഴെ ല്ലാം ഏലിയാമ്മ നിരാശയായി നില്ക്കുന്നതും—അങ്ങിനെ

പലതും അയാൾ സ്മരിച്ചു. അയാളുടെ നയനങ്ങൾ നനഞ്ഞു.

"കന്യകാമഠത്തിലോ ഈവിധചിന്തകൾ?" അയാൾ നനഞ്ഞ കണ്ണുകൾ തുടച്ചു ധൈര്യം അവലംബിച്ചു.

"സഹോദരാ!" സുപരിചിതമായ ആ സ്വരം കേട്ടു വർഗ്ഗീസ് തിരിഞ്ഞുനോക്കി. നിത്യകന്യകയായ ഏലിയാമ്മയുടെ പ്രശാന്തഗംഭീരമായ സ്മേരവദനമാണ് അയാൾ കണ്ടതു്. ആ ത്യാഗത്തിൻെറ മുൻപിൽ—സർവ്വവ്യാപകമായ ആ സ്നേഹത്തിൻെറ മുമ്പിൽ—അയാൾ എഴുന്നേററുനിന്നു.

"വിശുദ്ധമാതാവു് അനുഗ്രഹിക്കട്ടെ!" ഏലിയാമ്മയുടെ സ്വരം വിശാലമായ ആ ഹാളിൽ മാറെറാലിക്കൊണ്ടു. അല്പസമയം മൌനമായി നിന്നിട്ടു് അവർ പറഞ്ഞു: "ഇരിക്കണം."

വർഗ്ഗീസ് ഇരുന്നു. ഏലിയാമ്മയും ഇരുന്നു. നിത്യകന്യകയുടെ ഹൃദയത്തിൻെറ അഗാധതയിൽനിന്ന് ഉയന്നുവന്ന ഏതോ ശോകചിന്ത അവരുടെ മുഖത്തേയ്ക്കു് എത്തിനോക്കുന്നുണ്ടായിരുന്നു. അവർ ചോദിച്ചു: "ആ പഴയ ഏലിയാമ്മയെ—ആ പഴയ മന്ത്രിയെ—അവിടുന്നു മറന്നില്ല, അല്ലേ?"

"രാജാവും മന്ത്രിയും......" വർഗ്ഗീസ് അർദ്ധോക്തിയിൽ വിരമിച്ചു.

"രാജ്ഞിക്കു ക്ഷേമമല്ലേ? ഏലിയാമ്മ നമ്രമുഖിയായി ചോദിച്ചു.

"അതേ." വർഗ്ഗീസു ഹൃദയഭേദകമാംവിധം ഒന്നു മന്ദഹസിച്ചു. "അതേ, രാജ്ഞി ക്ഷേമമായിരിക്കുന്നു."

"രാജാവോ?"

"കിരീടവും ചെങ്കോലും സിംഹാസനവും രാജ്ഞിയും ഇല്ലാത്ത രാജാവ് — അങ്ങിനെയുള്ള രാജാവാണ് ഞാൻ." കഠിനശ്രമംചെയ്തു് അയാൾ വികാരങ്ങളെ സംയമനംചെയ്തു.

"ഇപ്പറഞ്ഞതൊന്നും എനിക്കു മനസ്സിലായില്ല." അതേ, അയാൾ പറഞ്ഞതൊന്നും ഏലിയാമ്മയ്ക്കു മനസ്സിലായില്ല.

അയാൾ വീണ്ടും പറഞ്ഞു: "എൻെറ അന്നത്തെ രാജ്ഞി എനിക്കു നഷ്ടമായി. അതോടുകൂടി എൻെറ കിരീടവും എൻെറ ചെങ്കോലും എൻെറ സിംഹാസനവും എല്ലാം പോയി."

ഏലിയാമ്മ പരിഭ്രമത്തോടെ ചോദിച്ചു: "എന്തു്! റോസക്കുട്ടി മരിച്ചുപോയോ?"

"ഇല്ല. അവളുടെ ജീവിതം ആരംഭിക്കുന്ന സുദിനമാണിന്നു്. ഇന്നു റോസക്കുട്ടിയുടെ വിവാഹമാണ്." അയാൾ മുഖം തിരിച്ചുകളഞ്ഞു.

"എന്നാൽ ഈ മംഗളദിനത്തിൽ അവിടുന്നു ദുഃഖിതനായി കാണുന്നതെന്തുകൊണ്ടാണ്?"

"അന്നൊരിക്കൽ ആ പ്ലാവിൻചുവട്ടിൽവെച്ചു്, ഏലിയാമ്മ പറഞ്ഞതോക്കുന്നുവോ, ഒരു സംഭവംതന്നെ രണ്ടുപേരിൽ രണ്ടുതരം വികാരങ്ങളെ ഉളവാക്കാമെന്നു്? ഈ മംഗളദിവസത്തിൽ റോസക്കുട്ടി മയിൽപ്പേടയെപ്പോ

ലെ ആഹ്ലാദചിത്തയായിരിക്കുന്നുണ്ടാവാം. ഞാനാകട്ടെ ......" അയാൾ ദീർഘനിശ്വാസം ചെയ്തു.

"ഈ വിവാഹം അവിടുത്തേയ്ക്കു സമ്മതമല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?"

"അല്ല" അയാൾ അസാധാരണമായ ദൃഢതയോടെ പറഞ്ഞു: "ഈ വിവാഹം എനിക്കു സമ്മതമല്ല." അല്പസമയം നിശ്ചലനായിരുന്നിട്ടു ഗൽഗദത്തെ അടക്കിക്കൊണ്ടു് അയാൾ തുടർന്നു: "റോസക്കുട്ടിയെ മാത്രമേ ഞാൻ സ്നേഹിച്ചിട്ടുള്ളു. ആ സ്നേഹത്തിൻെറ ലഹരിയിൽ, നിഷ്കളങ്കമായ മററൊരു ഹൃദയത്തിൻെറ കലർപ്പില്ലാത്ത പ്രണയത്തെ അറിയുവാൻ എനിക്കു കഴിവില്ലാതായിപ്പോയി." അയാൾ നമ്രമുഖനായി, ശ്വാസം അടക്കി, സ്തബ്ധനായിരുന്നു.

ഏലിയാമ്മ ചോദിച്ചു: "അവിടുന്നു് എൻെറ ഹൃദയത്തെയാണോ സൂചിപ്പിക്കുന്നതു്?"

ശ്വാസം മുട്ടലോടുകൂടി അയാൾ പറഞ്ഞു: "അതേ."

"നിറുത്തണേ! അതേപ്പററിയൊന്നും ഇനി പറയരുതേ! സ്നേഹപ്രചോദിതമായ ഈ ഹൃദയത്തെ കർത്താവിൻെറ തിരുസന്നിധിയിൽ അർപ്പിച്ചുകഴിഞ്ഞു. അന്നത്തെ കൊച്ചുരാജാവും കൊച്ചുരാജ്ഞിയും ദമ്പതിമാരായി സുഖിക്കുന്നതു കാണുവാൻ മാത്രമേ എനിക്കിനി ആഗ്രഹമുള്ളു."

"ആ ആഗ്രഹം അസാദ്ധ്യമാണു്."

"എന്തുകൊണ്ട്? ഇന്നല്ലേ, റോസക്കുട്ടിയുടെ വിവാഹം?"

"അതേ. ഇന്നു റോസക്കുട്ടിയുടെ വിവാഹമാണ്. പക്ഷേ, ഞങ്ങൾ ദമ്പതിമാരാവുകയില്ല."

"നിങ്ങൾ ദമ്പതിമാരാവുകയില്ലെങ്കിൽ വിവാഹം നടക്കുകയില്ലെന്നല്ലേ അർത്ഥം?"

"അങ്ങനെയല്ല. വിവാഹം നടക്കുമെന്നും, ഞങ്ങൾ ദമ്പതിമാരാവുകയില്ലെന്നുമാണ് അർത്ഥം."

"അതെങ്ങനെ? റോസക്കുട്ടിയുടെ വരൻ അവിടുന്നല്ലേ?"

"അല്ല. അതിന്നുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചില്ല. വലിയ ഉദ്യോഗവും ധനവും ഉള്ള ഒരു മാന്യനാണ് റോസക്കുട്ടിയുടെ വരനാകുന്ന ഭാഗ്യവാൻ." അയാൾ കൈത്തലംകൊണ്ടു മുഖം പൊത്തി വിങ്ങി.

"മാതാവേ!" ഏലിയാമ്മ പിന്നെയൊന്നും പറഞ്ഞില്ല. അവർ സ്തബ്ധയായി ഇരുന്നുപോയി. ഹോൾ നിശ്ശബ്ദമായിരുന്നു. ഘടികാരം അനന്തമായ സമയത്തിന്റെ ത്വരിതഗതിയെ ഇടവിടാതെ അറിയിച്ചുകൊണ്ടിരുന്നു.

വർഗ്ഗീസ് എഴുന്നേററു: "സഹോദരി, ഞാൻ പോകട്ടെ. കിരീടവും ചെങ്കോലും രാജ്ഞിയും ഇല്ലാത്ത ഒരു രാജാവും, സർവ്വസംഗപരിത്യാഗിയായ ഒരു മന്ത്രിയും......" അയാളുടെ ഗൽഗദാക്ഷരങ്ങൾ ഇങ്ങിനെ തുടന്നു: "സഹോദരീ, എന്നും എന്റെ മന്ത്രിയായിരിക്കുമോ?"

"അതേ, ഞാൻ എന്നും അവിടുത്തെ മന്ത്രിയായിരിക്കും." ആ നിത്യകന്യകയുടെ നയനങ്ങളിൽനിന്ന് ഒരിററു കണ്ണുനീർ നിലത്തു വീണു.

വർഗ്ഗീസ് നിശ്ശബ്ദമായി ഹാളിൽനിന്നു പുറത്തിറങ്ങി. അയാൾ പാതയിലൂടെ അതിവേഗം നടന്നു. ഏലിയാമ്മ വർഗ്ഗീസിൻെറ ഗതിയെ നോക്കിക്കൊണ്ടു കന്യകാമഠത്തിൻെറ വാതില്ക്കൽത്തന്നെ നിന്നു.

പള്ളിയിൽനിന്നു മണിനാദം കേൾക്കായി—റോസക്കുട്ടിയുടെ കല്യാണം!

"മാതാവേ!" ഏലിയാമ്മ ദീർഘനിശ്വാസം ചെയ്തു.

വർഗ്ഗീസ് ചോലവൃക്ഷങ്ങൾക്കപ്പുറം മറഞ്ഞുകഴിഞ്ഞു. പള്ളിയിൽനിന്നു വീണ്ടും മണിനാദം കേൾക്കായി.

"മാതാവേ!" ഏലിയാമ്മ ഊർദ്ധ്വദൃഷ്ടികളോടെ നിശ്ചലയായി നിലകൊണ്ടു.

—പി. കേശവദേവ്.

## 5. കാട്ടുരാജാവ്

ശിരസ്തദാർ കുഞ്ഞുണ്ണിമേനോൻ പെൻഷൻപററി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞിട്ടു മൂന്നു കൊല്ലത്തോളമായി. ദേഹത്തിന്നു പ്രായത്തിന്നടുത്ത ക്ഷീണം ബാധിക്കാത്തതിനാൽ വെറുതെയിരിക്കാൻ കഴികയില്ലെന്നു തീർച്ചയാക്കി മണ്ണാക്കാട്ടു തറവാട്ടുവകയായിട്ടുള്ള കളത്തിൽ താമസം തുടങ്ങീട്ട് അധികം നാളായിട്ടില്ല. ഉദ്യോഗമുള്ള കാലത്തു കഴിയുന്ന സഹായം തറവാട്ടിലേയ്ക്കു ചെയ്തിട്ടുണ്ടെങ്കിലും പണിയിൽനിന്നു പിരിഞ്ഞു തറവാട്ടിൽ വന്നു കാരണവസ്ഥാനം വഹിക്കാൻ തുടങ്ങിയപ്പോൾ അനന്തിരവന്മാരുടെ പിറുപിറുപ്പിന്നു കുറവുണ്ടായില്ല. താനും ഒരു കാലത്തു തൻെറ കാരണവരെ ശകാരിക്കാൻ കൂടീട്ടുണ്ടെങ്കിലും താൻ കാരണവരായപ്പോൾ അനന്തിരവന്മാർ തന്നെ ശകാരിക്കുന്നതു് അവരുടെ കൊള്ളരുതായ്കകൊണ്ടാണെന്നേ അദ്ദേഹത്തിന്നു തോന്നിയുള്ളു. അനന്തിരവന്മാരായിരിക്കുമ്പോൾ കാരണവന്മാരെ ശകാരിക്കുന്നവർ ആ സ്ഥാനത്തു് എത്തുമ്പോൾ മരിച്ചുപോയവരെ നന്നാക്കിവെയ്ക്കുകയാണല്ലോ സാധാരണ തറവാടുകളിൽ പതിവു്. കാരണവൻ കുഞ്ഞുണ്ണിമേനോനും പഴയ നടപടിക്കു വ്യത്യാസം വരുത്തിയില്ല. അധികാരം കയ്യിലുള്ള അവസ്ഥയ്ക്കു് അനന്തിരവന്മാരുമായി അകന്നുനില്ക്കുന്നതായാൽ തൻെറ കാര്യത്തിന്നു ഗുണമുണ്ടെന്നും അവരെ താമസിയാതെ ഒരു പാഠം പഠിപ്പിക്കാമെന്നും കരുതിയാണു് കളത്തിലേയ്ക്കു പുറപ്പെട്ടതു്. അതിന്നു പുറമേ കൃഷിപ്പണിയിൽ ഒന്നിറങ്ങി

നോക്കേണമെന്നും മോഹമുണ്ടായിരുന്നു. തറവാട്ടിൽ കുറെക്കാലമായി വൎദ്ധന അംഗങ്ങൾക്കല്ലാതെ സ്വത്തിന്നു് ഉണ്ടായിട്ടില്ലെന്നു് ഓൎത്തപ്പോൾ കൃഷിനടക്കുന്നതു് ആദായത്തിന്നുള്ള മാൎഗ്ഗമാണെന്നും അദ്ദേഹത്തിൻെറ സംസ്കൃതബുദ്ധിയിൽ തോന്നാതിരുന്നിട്ടില്ല.

ഇങ്ങിനെ പല കാരണങ്ങളാലും കളത്തിലെത്തിച്ചേൎന്ന കുഞ്ഞുണ്ണിമേനോൻ കൃഷിക്കുള്ള ഒരുക്കങ്ങൾ ഓരോന്നായി ചെയ്തുതുടങ്ങി. ഇതിൽ ഒന്നാണു് ഒരു നല്ല കൃഷിക്കാരനെന്നു പേരെടുത്ത ഇട്ടീണാൻനായരെ തൻെറ പ്രധാനകാൎയ്യസ്ഥനായി നിശ്ചയിച്ചതു്; പിന്നീടു് അയാളുടെ അഭിപ്രായപ്രകാരം നാലു വടക്കൻകാളകളെ വാങ്ങിയതാണു്. കാളകളെ വാങ്ങി തൊഴുത്തിലാക്കിയതിൻെറ മൂന്നാംദിവസം കുഞ്ഞുണ്ണിമേനോൻ പാടത്തിറങ്ങുവാനായി പടിക്കലെത്തിയപ്പോൾ ഇട്ടീണൻനായർ തൻെറ നേരെ ഓടിവരുന്നതു കണ്ടു. ഇട്ടീണാൻനായരുടെ പരിഭ്രമത്തിൻെറ കാരണം മനസ്സിലാവാതെ കുറച്ചുനേരം കുഞ്ഞുണ്ണിമേനോനും പരിഭ്രമിച്ചു. അപ്പോഴെയ്ക്കും നായർ അടുത്തെത്തി. കുഞ്ഞുണ്ണിമേനോൻ ചോദിച്ചു: "എന്താ, ഇട്ടീണാൻനായൎക്കിത്ര പരിഭ്രമം?"

"ഒന്നുമില്ല. മാങ്കടക്കുഴിയൻെറ ആളു വരുന്നുണ്ടു്. അവനെ കണ്ടിട്ടാണു് ഞാൻ ഓടിവരുന്നതു്. അവനോടു് ഇവിടുന്നൊന്നും എതിൎത്തു പറയരുതു്."

"എന്തിനാ അവൻ എന്നെ കാണാൻ വരുന്നതു്?"

"മാങ്കടക്കുഴിയൻ ഇവിടുത്തെ കള്ളന്മാരുടെ തലവനാണു്. അവൻെറ വാസം എന്നും കാട്ടിലാണു്. ഇവിടുത്തു

കാരെല്ലാം അവനെ കാട്ടരാജാവെന്നാണ് വിളിക്കുന്നത്. അവന്ന് ഇടയ്ക്കിടയ്ക്കു കൈമടക്കുന്നതുകൊണ്ടാണ് ഇവിട്ടത്തുകാരുടെ കന്നിന്നു രക്ഷകിട്ടുന്നത്. അതുകൊണ്ട് അവനോട്ട കയക്കാതിരിക്കയാണ് നമുക്കും നല്ലത്.”

കുഞ്ഞുണ്ണിമേനോന്നു വല്ലാതെ ദേഷ്യംവന്നു: “ഈ വക ഉപദേശങ്ങൾ തരാനല്ല ഞാൻ തനിക്കു ശമ്പളം തരുന്നത്. പത്തിരുപത്തഞ്ചുകൊല്ലം സക്കാരുദ്യോഗം ഭരിച്ച എനിക്കറിയാം, ആരോടൊക്കെയാണ് കയക്കാതിരിക്കേണ്ടതെന്ന്. ബ്രിട്ടീഷുഗവർമ്മേണ്ടിൻെറ ഭരണമാണിപ്പോഴെന്ന് അവൻ ഇതുവരെ അറിഞ്ഞിട്ടില്ലെങ്കിൽ ഞാൻനിമിത്തം അവൻ അറിയും.”

അപ്പോഴെയ്ക്കു മാങ്കടക്കുഴിയൻെറ ഭൃത്യൻ മായൻകുട്ടിയും അവിടെ എത്തിച്ചേൎന്നു. കുഞ്ഞുണ്ണിമേനോൻ ചോദിച്ചു: “താൻ എന്തിനാ വന്നത്?”

“ഇവിടുത്തെ കാണാൻ വന്നതാണ്.”

“കാര്യം?”

“ഞമ്മടെ മുതലാളി പറഞ്ഞയച്ച ബന്നതാണ്.”

“ആരാ, നിൻെറ മുതലാളി? അയാൾ എന്താ പറഞ്ഞയച്ചത്?”

മായൻകുട്ടി ഇട്ടീണാൻനായരുടെ നേരേ ഒന്നു നോക്കി, ഇങ്ങനെ പറഞ്ഞു: “ഏമാന്ന് ഇബടങ്ങളിലെ മര്യാദയൊന്നും പിടിയാടില്ലെന്നു തോന്നുന്നലോ.”

“എന്തു മര്യാദയാണ്? അതു കേൾക്കട്ടെ. എന്താ, ഞാൻ നിൻെറ മുതലാളിയെ കാണാൻ ചെല്ലണോ?”

“അതൊന്നും ബേണ്ട. മുതലാളിക്ക അമ്പകാശങ്ങൾ കിട്ടിയാൽ മതി.”

“എന്തവകാശം? ഞാൻ നിൻെറ മുതലാളിയുടെ ജന്മം കാണന്നതിന്നു വാങ്ങീട്ടില്ല.”

“അതല്ല ഞമ്മള് പറഞ്ഞതു്. കരിമ്പ്രങ്ങളുള്ളോലെല്ലാം മുതലാളിക്ക ബല്ലതും കൊട്ടത്താ അവരെറ പണിക്ക കിട്ടും. ഇല്ലേല് ബല്ലോരടേം കജ്ജിലാവും കന്നു്. അല്ലാണ്ടൊന്നുമില്ല്യോ. ഇതു് ഇയ്യാണ്ടു് തൊടങ്ങിയതൊന്നുമല്ല. പണ്ടേയുള്ള ചട്ടമാണു്.”

“നിൻെറ മുതലാളി എന്നെപ്പോലുള്ളവരെ കണ്ടിട്ടുണ്ടാവില്ല. നീ ചെന്നു പറഞ്ഞേക്കു്: ഞാൻ നല്ല തൊഴുത്തുണ്ടാക്കീട്ടുണ്ടു്. ഇതു് ഇപ്പോൾ വെള്ളക്കാരൻെറ രാജ്യമാണു്. പോല്ലീസും പട്ടാളവും വെറുതെയല്ല ഏപ്പാടു ചെയ്തിട്ടുള്ളതു്. മനസ്സിലായോ?”

“ഞമ്മക്കു് ഇതൊന്നും പറഞ്ഞേരണ്ട. ബെള്ളക്കാരൻ ഇന്നലെ ബന്നതല്ലല്ലോ. വെള്ളക്കാരൻെറ പയക്കം മുതലാളിക്കും ഉണ്ടു്. ആട്ടെ, ഞമ്മങ്ങ് പോട്ടെ. എനി നേരിട്ടു് തൌതാരമൊന്നും ബേണ്ട.”

“ഓ, അങ്ങിനെയാവട്ടെ, ഉടക്കാത്ത ഭ്രാന്തന്നു് ഉടത്ത ഭ്രാന്തൻ!”

## II

മായൻകുട്ടി മടങ്ങിപ്പോയതിൻെറ മൂന്നാംപക്കം രാവിലെ കുഞ്ഞുണ്ണിമേനോൻ എഴുന്നേററപ്പോൾ തൊഴുത്തിൽ കാളകളെ കാണ്മാനില്ലെന്ന വത്തമാനംകൊണ്ടാണു് ഇട്ടീണാൻനായർ അഭിവാദ്യം ചെയ്തതു്. കുഞ്ഞുണ്ണി

മേനോൻ കുറച്ചു നേരത്തിന്നു് ഒന്നും മിണ്ടാതെയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ "ഇനി എന്താവേണ്ടതു്, ഇട്ടീണാൻ നായരേ?" എന്നു ചോദിച്ചു. ഇട്ടീണാൻനായർ തീർത്തു പറഞ്ഞു: "മാങ്കടക്കുഴിയൻ ചില്ലറക്കാരനല്ല. പോല്ലീസുകാരൊക്കെ അവനോട്ട് അങ്ങോട്ടു ലോക്യം കൂടുകയാണു്. കയക്കാൻ പോയാൽ എങ്ങിനെയായാലും നമുക്കേ നഷ്ടം വരികയുള്ളൂ."

കുഞ്ഞുണ്ണിമേനോന്നു ബോധ്യമായില്ല. അദ്ദേഹം ചോദിച്ചു:"ടിപ്പു മുതലായ മഹാപരാക്രമികളെ അമർത്തിയ വെള്ളക്കാക്കുണ്ടോ മാങ്കടക്കുഴിയനെ പിടിക്കാൻ പ്രയാസം? എനിക്കു് ആ വിചാരമൊന്നുമില്ല. അതല്ല ആലോചിക്കാനുള്ളതു്. നമുക്കു പൂട്ടു തുടങ്ങേണ്ട കാലമായല്ലോ. ഈ സമയത്തു കാളകളില്ലാഞ്ഞാൽ നമ്മുടെ ശ്രമമൊക്കെ വെറുതെയാവും. കുറച്ചു പണം ഇറക്കുകയും ചെയ്തു. പോലീസിലേയ്ക്കു് അറിവുകൊടുത്തു് അന്വേഷിച്ചു തുമ്പുണ്ടാക്കുമ്പോഴേയ്ക്കു കാലവും തെറ്റും. ഇതൊക്കെയാണെൻറ മനസ്സിലിപ്പോൾ. കൃഷി തുടങ്ങുമ്പോൾത്തന്നെ അവലക്ഷണം. കാളകൾ പോവും എന്നു് എനിക്കു പേടിയില്ല. കൊണ്ടുപോയവൻ ഇനി അധികം കളവുകൾ നടത്തുന്നതുമല്ല."

"കേസ്സിന്നും കൂട്ടത്തിന്നും പോയാൽ വിതയ്ക്കാൻ കാലം വൈകുമല്ലോ എന്നാണു് എനിക്കു വിചാരം. അതുകൊണ്ടാണു് തല്ക്കാലം കയക്കേണ്ടെന്നു പറഞ്ഞതു്."

"ആട്ടെ, താൻ ഇന്നുതന്നെ മാങ്കടക്കുഴിയനെ കണ്ടു പോയിക്കാണു. ആയാളുടെ അവകാശങ്ങൾ കൊടുത്തേയ്ക്കാമെന്നു പറയു."

"പോയിനോക്കാം."

ഇട്ടീണാൻനായർ ഉടനെത്തന്നെ കഞ്ഞി കുടിച്ചു യാത്രയായി. കുഞ്ഞുണ്ണിമേനോനാലോചനയിലും മുഴുകി. ആ ദിക്കിലുള്ള വങ്കന്മാരും താനും ഒരുപോലെയല്ലെന്നു മാങ്കടക്കുഴിയനെ മനസ്സിലാക്കാതെ അവിടം വിടുന്നതല്ലെന്നു മേനോൻ ഉറച്ചു.

ഇട്ടീണാൻനായർ ഏകദേശം ഒരു നാഴിക നടന്നപ്പോൾ മലയുടെ അടിവാരത്തിലെത്തി. മാങ്കടക്കുഴിയനെ ഇതിന്നുമുമ്പു കാണാൻ പോയിട്ടില്ലെങ്കിലും ആ പ്രമാണിയുടെ വാസസ്ഥലം അയാൾക്ക് അറിയാമായിരുന്നു. കാട്ടിന്നുള്ളിലേയ്ക്കു പോകുന്ന ഒരൂടുവഴിയിലൂടെ കുറച്ചുദൂരം നടന്നപ്പോൾ മായൻകുട്ടിയും അയാളുടെ രണ്ടു ചങ്ങാതിമാരും ഒരു പാറപ്പുറത്തിരിക്കുന്നതു കണ്ടു. ഇട്ടീണാൻനായരെ കണ്ടപ്പോൾ മായൻകുട്ടിക്കു കാര്യം മനസ്സിലായി. അയാളെ എതിരേല്ക്കാനെന്ന ഭാവത്തിൽ വന്ന് ഒന്നും അറിയാത്ത ഭാവത്തിൽ മായൻകുട്ടി ചോദിച്ചു: "ബിശേയിച്ച്?"

"മായൻകുട്ടി അറിയാണ്ടിരിക്കോ?"

"ഞമ്മക്ക് എന്തറിയാനാ? നിങ്ങ ബെള്ളക്കാരൻെറ കൂടെ ബന്നാളിൻെറ കൂടെയല്ലേ താമതം.

"കളിയൊക്കെ പോട്ടെ. കാളകളെ കാണാനില്ലല്ലോ. വല്ല നിവൃത്തിയും ഉണ്ടാക്കിത്തരണം."

"മുതലാളിയെ കാണണ്ടേ?"

"വേണം."

"എന്നാ പൊഗാ." (പോകുക)

മായൻകുട്ടി നായരെ കൊണ്ടുപോയതു് ഒരു വലിയ മലംചെരുവിലേയ്ക്കാണ്. നട്ടുച്ചയ്ക്കും വെളിച്ചം തട്ടാത്തവിധമുള്ള കാടാണ് നാലു ഭാഗവും. പരിചയമില്ലാത്തവർ അതിൽ പെട്ടുപോയാൽ ഉഴലുകയേ തരമുള്ളു. 'അവളെപ്പേടിച്ചാരും നേർവഴി നടപ്പീല' എന്നു താടകയെപ്പററി പറഞ്ഞതുപോലെ മാങ്കടക്കുഴിയനെ പേടിച്ച് ആ കാട്ടിലെ ദുഷ്ടമൃഗങ്ങളെല്ലാം എങ്ങോ പോയിരിക്കുന്നു. മല അവിടെ ഒരടുപ്പിൻെറ ആകൃതിയിലാണ്; നടുക്ക് അഗാധമായ ഒരു കുണ്ടും. മരത്തിന്മേൽ കൊമ്പുകളെന്നപോലെ വലിയ മലയിൽനിന്നു രണ്ടു ശാഖകൾ തള്ളിനില്ക്കുന്നുണ്ട്. ഈ ശാഖകൾ കൂട്ടിമുട്ടീട്ടുണ്ടെന്നു പുറമെനിന്നു നോക്കിയാൽ തോന്നും. പരിചയമുള്ളവക്ക് അവയുടെ പഴുതു കണ്ടുപിടിപ്പാൻ പ്രയാസമില്ല. ആ പഴുതിലൂടെയാണ് മേൽപ്പറഞ്ഞ കുണ്ടിലേയ്ക്കുള്ള വഴി. ഈ കുണ്ടിൻെറ ഒരു ഭാഗത്തു വലിയ മലയിന്മേൽ കുറെ പൊന്തീട്ടാണ് മാങ്കടക്കുഴിയൻെറ ഭവനം. അടുത്തു ചെന്നാലല്ലാതെ മഷിവെച്ചു നോക്കിയാലും കാണാതിരിക്കത്തക്കവണ്ണമാണ് അതു സ്ഥിതിചെയ്യുന്നതു്. അവിടെ എത്താനുള്ള വഴിയും കുറെ ദുർഘടമായിട്ടുള്ളതാണ്. ചില ദിക്കിൽ കുത്തനെയുള്ള മലംപള്ള കടക്കേണ്ടതായിട്ടുണ്ട്. ആവക സ്ഥലങ്ങളിൽ ആടുകൾക്കും അപായം പററുമെന്നാണ് പറയേണ്ടതു്. കാലു തെററിപ്പോയാൽ പിന്നെ ചെല്ലുന്നതു് എവിടെയാണെന്നു പറവാൻ വീണവരാരും ഇതുവരെ മടങ്ങിവന്നിട്ടില്ല.

ഈ കുണ്ടിലേയ്ക്കു കടക്കുന്ന വഴി മാങ്കടക്കുഴിയൻെറ

വീട്ടിന്റെ ഒരു മൂലയ്ക്കിരുന്നാൽ കാണത്തക്ക ഏപ്പാടുകൾ ആ കാട്ടുരാജാവു ചെയ്തിട്ടുണ്ടു്. അയാളുടെ അനുചരന്മാർ എപ്പോഴും അവിടവിടെയായി നടക്കുന്നുണ്ടാവും. അവരെ കാണാതെ അവിടെ എത്തിച്ചാടാൻ പ്രയാസമാണു്. അഥവാ അവരില്ലാതെ അങ്ങോട്ടു കടന്നുവെങ്കിൽ മാങ്കടക്കഴിയന്റെ ലക്ഷ്യം തെററാത്ത വെടിക്കു് ഇരയാവുകയും ചെയ്യും. ഇങ്ങിനെ ചിലർ ഇങ്ങിനിവരാത്തവണ്ണം പോയിട്ടുണ്ടെന്നു് അടുത്തുള്ളവക്കു് അറിയാവുന്നതുകൊണ്ടു മായൻകുട്ടിയുമായി കാൎയ്യം തീച്ച്യയാക്കുകയല്ലാതെ മാങ്കടക്കഴിയനെ കാണാൻ ആരും വഴിവെയ്ക്കുക പതിവില്ല.

ഇങ്ങിനെ ഒരു ദുൎഘടസ്ഥലത്താണു് ഇട്ടീണാൻനായർ ചെന്നുചേൎന്നതു്.

## III

അധികം താമസിക്കാതെ മാങ്കടക്കഴിയന്റെ മുമ്പിൽ ഇട്ടീണാൻനായരെത്തി. വലിയ വീതിയുള്ള ഒരു കട്ടിലിന്മേൽ പടൎന്നുപിടിച്ചുംകൊണ്ടാണു് മാങ്കടക്കഴിയൻ ഇരിക്കുന്നതു്. കുറെ മുറുക്കസാമാനങ്ങൾ ഒരു ഭാഗത്തും ഒരു ഹുക്ക മറുഭാഗത്തും, ആ പ്രമാണിയെ വിട്ടുപിരിയാത്ത സാമഗ്രികളെന്നവിധത്തിൽ, അവിടെ നിലകൊള്ളുന്നുണ്ടു്. തടിച്ചു കൊഴുത്ത അയാളുടെ ദേഹത്തിന്നു പുഷ്ടിക്കു പുറമെ ദാർഢ്യവുമുണ്ടെന്നു് ഒരു നോട്ടത്തിൽ മനസ്സിലാകും. കറുത്തിരുണ്ട മീശയും താടിയും ആ കാട്ടുരാജാവിന്റെ വട്ടമുഖത്തിന്നു ഗാംഭീൎയ്യവും ഓജസ്സും വൎദ്ധിപ്പിച്ചിട്ടുണ്ടു്. പൂമുഖത്തിരിക്കുന്ന യജമാനനെ വണങ്ങിക്കൊണ്ടു ഭൃത്യന്മാരെന്ന നിലയിൽ നാലഞ്ചാളുകൾ മുററത്തു നില്ക്കുന്നുണ്ടു്.

ഇട്ടീണാൻേറയും മായൻകുട്ടിയുടേയും വരവു കണ്ട പ്പോൾ അതുവരെയുണ്ടായിരുന്ന സംസാരം നിത്തി മാങ്കട ക്കുഴിയൻ അവരെ നോക്കിക്കൊണ്ടുനിന്നു. അവർ അരിക ത്തെത്തിയപ്പോൾ മായൻകുട്ടിയോടായി ചോദിച്ചു: "ഈ നായരുട്ടി ഏതാ?"

"ഞമ്മക്ക് അബകാഷം തരാത്ത ആ പഥയൻെറ ആളാ."

"ആഹാ! എന്താ, നായരുട്ടി പോന്നതു്?"

ഇട്ടീണാൻനായർ തെല്ലൊരു പരുങ്ങലോടെ പറ ഞ്ഞു: "എജമാനൻ ഇവിടെ ഒന്നു വന്നു കാണണം എന്നു പറഞ്ഞിട്ടു വന്നതാണ്."

"നിങ്ങടെ എജമാനു ഞമ്മളെക്കൊണ്ടു് എന്താ കാര്യം?"

"കന്നു കാണാതായതിനെപ്പററി ഇവിടെ വന്നു് അ ന്വേഷിക്കണമെന്നു പറഞ്ഞു."

"തൊഴുത്തു നല്ല ഉറപ്പിൽ പണിചെയ്യിട്ടണ്ടെന്ന ല്ലേ നിങ്ങടെ ഏമാനൻ മായൻകുട്ടിയോടു പറഞ്ഞയച്ച തു്? ഇപ്പോഴന്തെ ഉറപ്പില്ലാണ്ടായോ?"

"ഏമാൻ ഈ ദിക്കിലേയ്ക്കു ആദ്യമായിട്ടു വര്ാണ്. ഇവിടത്തെ സമ്പ്രദായങ്ങളൊന്നും നിശ്ചയമില്ല. ഇനിയൊ ക്കെ വേണ്ടതുപോലെ ആയ്ക്കോള്ളാമെന്നു് ഇവിടെ പറ യാനേല്പിച്ചിട്ടുണ്ടു്."

"ആട്ടെ, ഏമാന്നു് ഇപ്പോഴെങ്കിലും ഇങ്ങനെ തോ ന്നിയല്ലോ. എന്താ, വല്ലതും കൊണ്ടുവന്നിട്ടുണ്ടോ?"

"ഒന്നും കൊണ്ടുവന്നിട്ടില്ല. കാളകളെ കണ്ടതിന്നു ശേഷം എജമാനൻതന്നെ ഇങ്ങോട്ടിറങ്ങണമെന്നു വിചാരിച്ചിരിക്കയാണ്."

"ഈ മിരട്ടൊന്നും മാങ്കടക്കഴിയനോടു വേണ്ടാ—കിട്ടേണ്ടതു കിട്ടിയാൽ കണേണ്ടതു കാണും."

"അങ്ങനെ വിചാരിക്കരുത്—ഞാൻ ശമ്പളക്കാരനാണ്. പറയാനേല്പിച്ചതു പറഞ്ഞു."

"എന്നാൽ തൻെറ എമാനോടു പറയൂ; ഞാൻ പറഞ്ഞതെല്ലാം."

"അങ്ങനെയാവട്ടെ."

"ഇന്നു വൈകുന്നേരത്തിന്നുള്ളിൽ ഇവിടെ കിട്ടേണ്ടതു കിട്ടിയാൽ രാവിലേയ്ക്കു തൊഴുത്തിൽ കാളകളും ഉണ്ടാവും. വേണമെങ്കിൽ മായൻകുട്ടിയും കൂടെ വരും."

"മായൻകുട്ടിയും കൂടെ വന്നോട്ടെ. പിന്നെ കണ്ടോളാം."

ഇട്ടീണ്ണാൻനായർ മടങ്ങിപ്പോന്നു.

## IV

മാങ്കടക്കഴിയൻെറ ഇഷ്ടം സാധിച്ചപ്പോൾ കുഞ്ഞുണ്ണിമേനോൻെറ ഇഷ്ടവും സാധിച്ചു. മായൻകുട്ടിയെ സല്ക്കരിച്ചയച്ചതിൻെറ പിറേറ ദിവസം രാവിലെ കാളകളെ തൊഴുത്തിൽ കണ്ടപ്പോൾ കുഞ്ഞുണ്ണിമേനോനുണ്ടായ സന്തോഷം പറഞ്ഞാലാവില്ല. അതോടുകൂടി തന്നെ പററിച്ചതിന്നു പകരം അങ്ങോട്ടും എന്തെങ്കിലും ഒന്നു പററിക്കണമെന്നു മനസ്സുകൊണ്ടുറച്ചു. മാങ്കടക്കഴിയൻെറ

വർത്തമാനങ്ങൾ ഓരോന്നോരോന്നായി അന്വേഷിച്ചുതുടങ്ങി. അന്വേഷണം അധികമാവുന്തോറും മിസ്റ്റർ കുഞ്ഞുണ്ണിമേനോന്ന് ആ കാട്ടരാജാവിനോട് വെറുപ്പിന്നു പകരം ബഹുമാനമാണ് തോന്നിയത്. കുറെ ആളുകൾക്കു തലവനായി കന്നുകാലികളുടെ ആധിപത്യം വഹിച്ചിരിക്കുന്നതു പണ്ടുപണ്ടേയുള്ള കുലവൃത്തിയായി സ്വീകരിച്ചിട്ടുണ്ടെന്നല്ലാതെ ജനദ്രോഹം ചെയ്യേണമെന്ന് ആ ചോരപ്രമാണിക്ക് ആഗ്രഹമുള്ളതായിക്കണ്ടില്ല. എന്നുതന്നെയല്ല, അനവധി സാധുജനങ്ങൾ ആ മഹാമനസ്കൻെറ സംരക്ഷണയിൽ ഇരിക്കുന്നതായും അറിഞ്ഞു. ഒരു ദിവസം മി. കുഞ്ഞുണ്ണിമേനോൻ വൈകുന്നേരം നടക്കാനായി പുറത്തിറങ്ങിയപ്പോൾ തൻെറ സമീപസ്ഥനും വളരെ ദരിദ്രനുമായ ഒരു നായർ ഒരു ജോടി പോത്തുകളെ കയറിട്ടു കൊണ്ടുവരുന്നതു കണ്ടു. അവയെ വില കൊടുത്തു വാങ്ങുവാൻ കഴിയാത്ത ആ സാധുവിന്ന് ഇതെങ്ങിനെ കിട്ടിയെന്നറിയാനായി മി. കുഞ്ഞുണ്ണിമേനോൻ ചോദിച്ചു: "എന്താ ചന്തയ്ക്കു പോയിരുന്നുവോ? പോത്തുകൾക്ക് എങ്ങനെയാ വില."

"വിലയ്ക്കു വാങ്ങിയതല്ല. ഞാൻ മാങ്കടക്കുഴിയനെ ഒന്നു കാണാൻ പോയി. കഷ്ടപ്പാടുകൾ എല്ലാം നേരിട്ടു പറഞ്ഞപ്പോൾ 'കൃഷി നടന്നോളൂ. ഓരോ കന്നു തരാം' എന്നു പറഞ്ഞു ഇവയെ തന്നു. ഇനി കുറച്ചു നിലം വേണം. അതു ഇവിടുന്നും തരണം."

"മാങ്കടക്കുഴിയൻ ഇങ്ങനെയൊക്കെ ചെയ്യുന്നുണ്ടോ?"

"ഇങ്ങനെയൊരു ധർമ്മിഷ്ഠനുണ്ടോ? ഇവിടങ്ങളിൽ അനവധി ജനത്തിന്നു് ഇങ്ങനെ സഹായിക്കുന്നുണ്ടു്."

ഇതു കേട്ടപ്പോൾ കുഞ്ഞുണ്ണിമേനോൻ മാങ്കടക്കുഴിയന്റെ നേരെ അതുവരെ തനിക്കുണ്ടായിരുന്ന ധാരണയെപ്പററി വ്യസനിച്ചു. ആ പ്രമാണിയുമായി അധികം പരിചയിപ്പാനുള്ള അവസരം ഉണ്ടാക്കണമെന്നു വിചാരിച്ചു് ഇട്ടീണാൻനായരോടുകൂടി ഒരു ദിവസം മാങ്കടക്കുഴിയനെ കാണാൻ ചെന്നു. കുഞ്ഞുണ്ണിമേനോന്റെ വർത്തമാനങ്ങളെല്ലാം അറിഞ്ഞിരുന്ന മാങ്കടക്കുഴിയൻ അദ്ദേഹത്തെ യഥോചിതം ആദരിച്ചു. ഉപചാരം സ്വീകരിച്ചശേഷം കുഞ്ഞുണ്ണിമേനോൻ ഇങ്ങിനെ പറഞ്ഞു: "നേരിട്ടു പരിചയമാവേണമെന്നുവെച്ചിട്ടാണു് ഞാൻ വന്നതു്. ഞാൻ ആദ്യം ധരിച്ചതൊക്കെ തെററി."

"ഞമ്മളു് ഒരു വെറും കള്ളനാണെന്നാണു് പലരുടേയും ധാരണ. പണ്ടുപണ്ടേ ഞങ്ങടെ തൊഴിലു കളവാണെന്നേ ഉള്ളൂ. കുഴങ്ങിയവനെ മാങ്കടക്കുഴിയൻ ഇതുവരെ കഷ്ടത്തിലാക്കീട്ടില്ല്യ. 'യാതൊരു ഗതിയും ഇല്ല്യ, രക്ഷിക്കണം' എന്നു പറഞ്ഞുവരുന്നവക്കെല്ലാക്കും കൈ നിറച്ചും വയറു നിറച്ചും ഞമ്മളു് കൊടുക്കാതിരുന്നിട്ടില്ല്യ. ഇതിനൊക്കെ തികയേണമെങ്കിൽ കയ്യിലുള്ളോന്റെ പണം കുറേശ്ശെ തട്ടാതെ തരമുണ്ടോ? അത്രേയുള്ളൂ."

"സാധുസംരക്ഷണമാണു് വലിയ കാൎയ്യം. മറെറന്തു കഠിനകൃത്യങ്ങൾ ചെയ്താലും ഈ വലിയ പുണ്യം മുതലാളിയെ എന്നെന്നേയ്ക്കും കാക്കും."

"ഞമ്മക്കും അതുതന്നെയാണു് ധൈൎയ്യം. ഞമ്മടെ

കളവു പഠിച്ച കളവാണ്. ഞമ്മടെ കുരുക്കള് മഹാപ്ര മാണിയായിരുന്നു. രാത്രി മുഴുവൻ ഉറക്കമൊഴിച്ച കാവലിരുന്നാലും ഞമ്മക്കു പ്രയാസമില്ല.''

“എന്നാൽ അത് എനിക്കൊന്നു പരീക്ഷിക്കണം. ഇങ്ങനത്തവരുണ്ടെന്നു ഞാൻ കേട്ടിട്ടേ ഉള്ളൂ. ഒരു ദിവസം നമ്മുടെ കാളകളെ കൊണ്ടുപോരിക. ദിവസം പറയണം. ഞാൻ കാവലിരിക്കാം.''

“ഓ. ഒരു ദിവസം ഞമ്മടെ വിദ്യ ഒന്നു കാണിച്ചു തരാം.''

ഒരു ദിവസം നിശ്ചയിച്ച മാങ്കടക്കുഴിയന് ആളെ അയച്ചു. കുഞ്ഞുണ്ണിമേനോൻ കാവലിന്നുള്ള ഏപ്പാടുകളെല്ലാം ചെയ്തു. തൊഴുത്തുവാതലിൻെറ ചീപ്പിനോടു തൊട്ട് ഒരു തട്ടുണ്ടാക്കി അതിൻെറ മീതെ നിന്നു പകിട കളിപ്പാനായിരുന്നു മി. മേനോൻ ഏപ്പാടു ചെയ്തിരുന്നത്. ചീപ്പു പൊന്തിക്കാതെ വാതിൽ തുറക്കാൻ സാധിക്കുകയില്ല. ചീപ്പു പൊന്തിച്ചാൽ തട്ട് ഇളകും. അതിന്നും പുറമെ കളിക്കുന്ന ആൾ ചീപ്പിന്മേൽ ചവിട്ടിക്കൊണ്ടുനില്ക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആ വഴിയെയല്ലാതെ കാളകളെ കൊണ്ടുപോകാനും കഴികയില്ല.

പകിടകളി തുടങ്ങി ഒരു മണിക്കൂറായപ്പോഴെയ്ക്കു മാങ്കടക്കുഴിയനും വന്നു. കളിക്കാരുടെ മുഖഭാവം കണ്ട് അവർ കളിയിൽ മനസ്സന്നിയിരിക്കുന്നുവെന്നു ബോദ്ധ്യമാവുന്നതുവരെ മാങ്കടക്കുഴിയൻ അനങ്ങിയില്ല. ക്രമേണ അടുത്തു കൂടി. കളി കഴിഞ്ഞു ചൂതു വെയ്ക്കുന്ന സമയം നോക്കി ആ ചോരപ്രമാണി ഒന്നുരണ്ടടി മുമ്പോട്ടു വെയ്ക്കും. ഇങ്ങി

നെ മെല്ലെമെല്ലെ തട്ടിൻെറ ചോട്ടിൽ ചെന്നുകൂടി. കളി ക്കുന്ന ആൾ ഒരു കാൽ ചീപ്പിൻെറ മുകളിലാണു് വെച്ചി രിക്കുന്നതു് എന്നു കണ്ടു. അയാൾ കളിക്കാനായി കുമ്പി ടുമ്പോൾ ചീപ്പിന്മേൽ അമച്ച് കുറയുന്നതു മനസ്സിലാക്കി. ആ ലാക്കിൽ അതു് അല്പമൊന്നു പൊന്തിച്ച് അതിന്നു പാകത്തിൽ ഒരു മുട്ടു കൊടുത്തു. വീണ്ടും കളിക്കുന്ന ആൾ താഴുമ്പോൾ ചീപ്പു പൊന്തിച്ചു മുട്ടു കൊടുപ്പാൻ തുടങ്ങി. ഇങ്ങിനെ മൂന്നുനാലു തവണ ആവത്തിച്ചപ്പോഴയ്ക്കു ചീപ്പു നല്ലവണ്ണം പൊന്തി. വാതിൽ തുറക്കാൻ സാധിച്ചു. മെ ല്ലെ തൊഴുത്തിൽ കടന്നു. മയക്കുമരുന്നുകൊണ്ടു കാളയെ മയക്കി കയറിട്ടു. അതിനെ മെല്ലെ പുറത്തിറക്കി. അ പ്പോൾ തട്ടിൻെറ മുകളിലുള്ളവർ 'പകിട പന്ത്രണ്ടു'' എ ന്നുച്ചത്തിൽ പറയുന്നതു കേട്ടു.

ഉടനെ, "പകിട പന്ത്രണ്ടെങ്കിൽ പാണ്ടൻകാള പു റത്ത്'' എന്നു മാങ്കടക്കഴിയൻ മറുപടി പറഞ്ഞു.

അതു കേട്ടപ്പോഴാണു് അവർ സംഗതിയെല്ലാം അ റിഞ്ഞതു്. മി: കുഞ്ഞുണ്ണിമേനോനും കൂട്ടുകാരും മാങ്കടക്ക ഴിയനെ വളരെ ശ്ലാഘിച്ചു. മേനോൻ, "താങ്കൾ കാട്ടുരാ ജാവു് എന്ന സ്ഥാനത്തിന്നു് എല്ലാംകൊണ്ടും അവകാശ മുള്ള ആളാണു്'' എന്നു പുകഴ്ത്തി ആ ചോരക്കുരചന്നു് ഒരു വീരശൃംഖലയും സമ്മാനിച്ചു.

— ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ

# 6. അശ്രുബിന്ദു

അവർ തൊട്ടയൽപക്കക്കാരായിരുന്നു. പോരെങ്കിൽ ശേഷക്കാരും. അവർ തമ്മിൽ കാലേ തുടങ്ങി പരിചയം —സോദരീസോദരന്മാരായിട്ട്. അവൾ പണക്കാരിയായിരുന്നു. അവനോ മിക്കവാറും നിർധനൻ. എന്നാലും പഠിച്ചു കയറണമെന്ന മോഹം അവനു കലശലായിരുന്നു. അവൻെറ പിതാവാണെങ്കിൽ പഠിപ്പിൽ അത്ര കമ്പക്കാരനായിരുന്നില്ല. നാലുക്ലാസ്സ് കഴിഞ്ഞ് എഴുത്തും വായനയും വശമായാൽ പിന്നെ പീടികയിൽ പിടിച്ചിരുത്താം —അത്രയേ കുറിട്ടിരുന്നുള്ളു ആ മനുഷ്യൻ. പക്ഷേ കൊച്ചീപ്പൻ ആ ഉദ്ദേശത്തിനൊന്നും വഴങ്ങിയില്ല. എന്തു വന്നാലും പിടിച്ചുവലിച്ചു കയറണമെന്നായിരുന്നു അവൻെറ ശാഠ്യം. ആ ശാഠ്യത്തെ താങ്ങിപ്പറഞ്ഞിരുന്നവരിൽ ഒന്നാമൻ സൂസിയുടെ പിതാവായിരുന്നു. വളരെസ്സഹായിക്കാൻ വേണ്ട കയ്യയവൊന്നും അയാൾക്കുണ്ടായിരുന്നില്ല. എങ്കിലും എത്ര തണുത്ത മനസ്സിനെയും ഊഷ്മളമാക്കത്തക്ക വാക്കുകൾ മേല്ക്കുമേൽ അയാളിൽനിന്നുതിർന്നിരുന്നു. എന്തിനധികം? അങ്ങനെയിങ്ങനെ ഞെങ്ങിഞെരുങ്ങി കൊച്ചീപ്പൻ ബി. എ. ക്ലാസ്സിലെത്തി.

പഠനം ഒരു ജെസ്യൂഇററ് കോളേജിലായതിനാൽ താമസം അതിനോടനുബന്ധിച്ചൊരു 'ബോർഡിംഗി'ലായി. അവിടെ എഴുത്തുകുത്തുകൾക്കെല്ലാം 'വാർഡ'ൻെറ 'സെൻസർ' വേണ്ടിയിരുന്നു. ബ്രഹ്മചര്യത്തിൻെറ ധവളിമയിൽ ചളി തെറിപ്പിക്കുന്നതെന്തും തടുക്കുന്നൊരു പ്ര

കൃതിക്കാരനായിരുന്നു 'വാർഡൻ.' എഴുത്തുകുത്തുകൾ ഇംഗ്ലീഷിലായിരിക്കണമെന്നാണ് പൊതുവേ നിയമം. ഇംഗ്ലീഷറിയാത്ത കാരണവന്മാരുമായി കത്തിടപാടുകൾ വേണ്ടിവരുമ്പോൾ ഗത്യന്തരമില്ലല്ലോ എന്നുവെച്ച് ദേശഭാഷയിലായിക്കൊള്ളാൻ അദ്ദേഹം സമ്മതിച്ചിരുന്നുവെന്നേയുള്ളു. എന്നാലും വേണം ഓരോന്നിൻേറയും സാരം ഇംഗ്ലീഷിൽ അദ്ദേഹത്തെ അറിയിക്കുക.

ഒരു ദിവസം അപ്രതീക്ഷിതമായൊരു കത്ത്. പൊളിച്ചു വായിച്ചുനോക്കിയപ്പോൾ കൊച്ചീപ്പൻ ഒന്നു നടുങ്ങി. സൂസിയുടെ സൌഹാർദ്ദം അനുരാഗമായി എടുത്തുമറിഞ്ഞതിൻെറ വിളംബരമായിരുന്നു ആ കത്ത്. സമുദായമര്യാദ മാറാലയല്ല, മതിൽക്കെട്ടാണെന്നെണ്ണിയിരുന്ന കൊച്ചീപ്പൻ അങ്ങനെയൊരു പരിണാമം സ്വപ്നം കാണുകകൂടി ചെയ്തിരുന്നില്ല. വിശേഷിച്ചുദ്ദീപനമോ? അതൊട്ടുണ്ടായിട്ടുമില്ല. നാലുപേർ കേട്ടാൽ എന്തു പറയും? അത് ഒരുവശത്തങ്ങനെ. അതിലുമപകടം 'വാർഡ'നറിഞ്ഞാൽ വരാവുന്ന തെററിദ്ധാരണയാണ്. അദ്ദേഹം വിളിച്ചു ചോദിച്ചാലോ? ഊന്നുചാടാൻ വഴിയെന്ത്? തൻെറ പ്രകൃതി നന്നല്ലെന്ന് അദ്ദേഹം 'റിപ്പോർട്ടു'ചെയ്തുവെന്നു വരട്ടെ, 'ഫീസിളവ്' ആ വിനാഴികയിൽ 'റദ്ദാക്കി'ക്കളയും. ഒരു പക്ഷേ 'ബോർഡിംഗി'ൽനിന്നിറക്കാനുംമതി. ആകെക്കൂടി ഓർത്തപ്പോൾ അവൻ ഒന്നു വിയർത്തു. രണ്ടായാലും ഒരു മറുപടി അയയ്ക്കുകതന്നെ എന്നായി. അതെന്താണെന്നല്ലേ? ആ സൌഹാർദ്ദത്തിൻെറ നിറംമാററത്തെപ്പററാമർശിച്ചുംകൊണ്ടു് 'ബോർഡിംഗി'ലേയ്ക്കു കത്തയയ്ക്കരുതെന്നും

അതിനെപ്പററി ആലോചിക്കേണ്ടവർ ആലോചിച്ചു പറയുമ്പോഠം താനുമാലോചിക്കുമെന്നും അത്ഥം വരത്തക്കവിധമായിരുന്നു മറുപടി. ആ കത്തു ഭദ്രമായൊട്ടിച്ച്, ആരുമറിയാതെ മതിൽ ചാടിക്കടന്നു ടൌൺ തപാലാപ്പീസ്സിൽ കൊണ്ടുപോയിട്ടതിന്നുശേഷം അവൻ 'വാർഡ' ൻെറ ക്രോസ്സിനുത്തരമാലോചിച്ചിരിപ്പായി.

സൂസി നല്ല തൻേറടമുള്ളവളായിരുന്നു. അവളുടെ ആ കത്തുതന്നെ അത്ര ആവേശം പൂണ്ടതായിരുന്നില്ല. സാധകബാധകങ്ങഠം നോക്കിത്തീരുമാനിച്ച ഒരു സംഗതിയുടെ നാന്ദിയെ അതിലടങ്ങിയിരുന്നുള്ളു. കൊച്ചീപ്പൻെറ മറുപടി അവളുടെ തീരുമാനത്തെപ്പിടിച്ചുകുലുക്കാൻ മതിയായില്ല. കുടുംബത്തലവരാരെല്ലാമെങ്കിൽ അവർവഴിക്കാലോചന നടത്തിയാലോ എന്നായി അവളുടെ മനോഗതി. കൊച്ചീപ്പൻ കോളേജടച്ചുവരുന്നതിന്നുള്ളിൽ എന്നുവെച്ചാൽ ഒരു നാലഞ്ചു മാസംകൊണ്ട്—അവഠം രണ്ടും കല്പിച്ചു കേസ് കുടുംബക്കോടതിയിൽ 'ഫേയ'ലാക്കുകതന്നെ ചെയ്തു. നേരിട്ടല്ല, മററാരാഠംവഴി. വാദിക്കാൻ കേമനായൊരു വക്കീലിനെ ഏപ്പെടുത്തുകയുണ്ടായി. പക്ഷേ കൊച്ചീപ്പൻെറ കാരണവന്മാർ കേസ് അപ്പാടെ തള്ളിക്കളയുകയാണുണ്ടായത്. സൂസിക്കു മനസ്സൊന്നിടിഞ്ഞു. എന്നിട്ടും എടുത്തുവെച്ച അടി പിൻവലിക്കാൻ വരട്ടെ എന്നായിരുന്നു അവളുടെ വെപ്പ്.

സമ്മർവെക്കേഷനായി. കൊച്ചീപ്പൻ പരീക്ഷ കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തി. കാരണവന്മാരിൽനിന്നു സൂസിയുടെ കാൎയ്യം സംബന്ധിച്ച യാതൊന്നും കേട്ടില്ല.

അവർ അക്കാര്യം കേട്ടപാടേ തള്ളിക്കളഞ്ഞിരിക്കാം. അങ്ങനെയെങ്കിൽ കുടിപ്പകയ്ക്കു വിത്തിടുവാൻ പോരുന്ന ഒരു വിഷയം കുത്തിപ്പൊന്തിക്കണമോ? അവൻ ഒടുവിൽ കരുതി, ആ സംഗതി അന്നത്തെ മറുപടിയോടൊന്നിച്ചുമറന്നുപോയിരിക്കാമെന്ന്. പക്ഷേ ഒരു പത്തിരുപതു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും, ഒരു സായാഹ്നത്തിൽ കാററുംകൊണ്ടു നടക്കുന്നതിനിടയിൽ തൻെറ ഉററ സ്നേഹിതൻ വർഗ്ഗീസ് കാഞ്ഞിരമിററം ഒരു മുട്ടചോദ്യമെടുത്തിട്ടു: "ഞാനൊരു കാര്യം പറയട്ടെ—നിങ്ങൾക്കു ഗുണമായൊരു കാര്യം. വല്ലോരും ഇടങ്കോലിട്ടാൽ അതൊന്നും വകവെയ്ക്കാതെ ആ സംഗതിയിലേർപ്പെടുവാൻ നിങ്ങൾ ധൈര്യപ്പെടുമോ?"

ആ ചോദ്യം എവിടെക്കൊള്ളാനുദ്ദേശിച്ചായിരുന്നുവെന്നു മനസ്സിലാക്കിയ കൊച്ചീപ്പൻ പറഞ്ഞു: "കൊള്ളേണ്ടതോ തള്ളേണ്ടതോ എന്നു തീർച്ചപ്പെടുത്താൻ പൂർണ്ണമായും അധികാരം എനിക്കാവും, കാര്യം എന്നെ മാത്രം 'അഫെക്ട്' ചെയ്യുന്നതാവും, മല്പിട്ടു പിടിക്കാൻ മാത്രം മെച്ചോണ്ടാവും—എന്നാൽ പക്ഷേ ഒരു കൈ നോക്കാം."

പ്രേമമെന്നു കേൾക്കുമ്പോഴെയ്ക്കും കോളിളക്കംകൊള്ളുന്നൊരു ഹൃദയമല്ല കൊച്ചീപ്പൻേറതെന്നു കാലെ അറിഞ്ഞിരുന്ന വർഗ്ഗീസ് തല്ക്കാലം അതിനപ്പുറമൊന്നും പറഞ്ഞില്ല.

വെക്കേഷൻ തീരാറായി. ആ 'സാമാന്യ'ത്തിനുള്ളിൽ കിടന്ന 'വിശേഷ'ത്തിലേയ്ക്കു സ്നേഹിതൻെറ മനസ്സിനെയാകർഷിക്കത്തക്കവിധം പിന്നേയും മി. വർഗ്ഗീസ് സംഭാഷണമെടുത്തിട്ടു. ഓരോ തവണയും 'വിശേഷ'ത്തിലെത്തു

മ്പോഴെയ്ക്കും കൊച്ചീപ്പൻ വഴി മാറിവെയ്ക്കുകയേ ഉണ്ടായുള്ളു.

ആ യുവാവിൻെറ മനസ്സു വിട്ടത്തിയെടുപ്പാൻ പാടില്ലാത്തവിധം ഏതെങ്കിലും വല്ലിയിൽ ചുററിപ്പിണഞ്ഞു കഴിഞ്ഞുവോ? എത്രയന്വേഷിച്ചിട്ടും അങ്ങനെയൊന്നുള്ളതായി ആരും കണ്ടില്ല.

*　　　*　　　*

കൊച്ചീപ്പൻ ശൂരപുരത്തൊരു റവന്യൂഇൻസ്പെക്ടരായി. നാലഞ്ചു മാസമേ ആയുള്ളു. അപ്പോഴെയ്ക്കും വിവാഹച്ചന്തയിലെ ദല്ലാളികരം അവൻെറ കാരണവന്മാരെ സ്സമീപിച്ച് 'ഓഫർ' പല മാതിരി ചെയ്തുതുടങ്ങി. അവക്ക് ഇരിക്കപ്പൊറുതിയില്ലെന്നു വന്നു. ഒരു ദിവസം കാരണവർ അത്താഴത്തിന്നിരിക്കെ ഇടവാതില്ക്കൽനിന്നു ഭായ്യയോടായി ഇങ്ങനെ ചോദിച്ചു: "അതേയ്, എന്താ വേണ്ടത്? പല കേസായല്ലോ വരുണു. ആ കെഴക്കേലെ കുട്ടീടെ കാര്യത്തിൽ അവനെന്താണാവോ കണ്ടിരിക്കണേ. ഒന്നും ങ്ങട് തൊറന്നു പറേണില്ലല്ലോ. ആ കാഞ്ഞിരമിററത്ത് അന്തോണീടെ മോൻെറ വത്തമാനം കേട്ടിട്ട തോന്നണത് അവന് അക്കായ്യം ഏതാണ്ടിഷ്ടാന്നാണ്?"

"അവനല്ല, നിങ്ങരംക്കാണിഷ്ടം. ഇനീം വിട്ടില്ലാ,ല്ലേ ആ കമ്പം? നടന്നോട്ടെ, നടന്നോട്ടെ. ഞാനുണ്ടാവില്ല ആ രാജ്ഞി വരുമ്പോരം വായും പൊത്തിനില്ക്കാൻ. നിങ്ങളായി, നിങ്ങടെ പാടായി." ആ സ്ത്രീ ക്ഷോഭിച്ച് അടുക്കളയിലേയ്ക്കു തിരിച്ചു. അവിടെ ചെന്നിട്ടും അവരുടെ പ്രസംഗം നിലച്ചില്ല:

"ഒരു ആൾത്തരം കണ്ടിരിക്കണതേ. കുടുമ്മത്തു വ ക്കാണോം വടിതല്ലും തല്ലിക്കളഞ്ഞാ പോവില്ല, അവൾ ആ പാസ്സും പാപ്പാസ്സുംകൊണ്ടു് ഇവിടെ കാലെടുത്തു കു ത്തിയാൽ. അങ്ങാടിക്കാരു സകലരും പറേണ, പതിനാ യിരം കിട്ടിയാലും അക്കായ്യേ വേണ്ടാന്നു്. എന്നിട്ടും അതി ന്മേൽത്തന്നെയാ കയററം. വേറെ എത്ര നല്ല ആൾത്ത രങ്ങൾ വരുണു. പെണ്ണും പണോം കുടുംബോം ഒക്കെ തി കഞ്ഞതുണ്ടല്ലോ തെരഞ്ഞെടുക്കാൻ......"

അവരുടെ പ്രതിഷേധങ്ങൾ ഇങ്ങനെ കുറെ നേര ത്തേയ്ക്കു ഭംഭംകാരേണ ഊട്ടുമുറിയിൽ വന്നു വീണുംകൊ ണ്ടേയിരുന്നു. സ്വതവേ മിതവാക്കായ കാരണവർ ഊ ണു വേഗം തീർത്തു്, അരിശം പല്ലുകടിച്ചൊതുക്കിക്കൊണ്ടു വെള്ളംകിണ്ടിയുമെടുത്തു കോലായിലേയ്ക്കിറങ്ങി.

കൂരിരുട്ടത്തു പാറിയ മിന്നൽ ആ വിവാഹാലോച നയുടെ പരിണാമം കണ്ടു് ഒന്നു മന്ദഹസിച്ചു കടന്നു പോയി.

കൃസ്തുമസ്സു് കഴിഞ്ഞു പിറേറ തിങ്കളാഴ്ച വെളുപ്പാൻ നാലു നാഴികകൂടിയുള്ളപ്പോൾ കൊച്ചിപ്പുറം 'കല്യാണ പ്പാട്ടിയും' ഒരു ബസ്സിൽ യാത്രയായി. ശൂരപുരത്തിനപ്പു റം ഞാറളക്കാട്ടുപള്ളിയിൽവെച്ചായിരുന്നു വിവാഹം. വള രെ ദൂരത്തേയ്ക്കു് ഉടനീളം കാറു പിടിച്ചാൽ വാടക വല്ലാ താകുമെന്നു കരുതി യാത്ര ശൂരപുരത്തോളം ബസ്സിലും അ വിടെനിന്നു കാറിലും ആകാമെന്നാണു് കാരണവന്മാർ തീച്ചപ്പെടുത്തിയതു്. ആ തീരുമാനത്തെ ചില ചെറുപ്പ

ക്കാർ എതിർത്തുവെങ്കിലും എന്തിലുമൊരു പാകം ദീക്ഷിച്ച മണവാളൻ ഏററുകൊള്ളുകയേ ഉണ്ടായുള്ളൂ.

പുറപ്പെടും മുമ്പു ബസ്സ് റോട്ടിൽ സൂസിയുടെ ഗൃഹത്തിനു മുമ്പിൽ തെല്ലിട നിന്നു. ഇരുട്ടത്ത് ആരോ ചിലർ അവിടെനിന്നു ബസ്സിൽ കയറി. ആളെത്തിരിച്ചറിയാൻ ആർക്കും കഴിഞ്ഞില്ല. പക്ഷേ ബസ്സു നീങ്ങാറായപ്പോൾ 'കൺടക്ടർ' 'ഫ്രൺട്സീററി'ലിരുന്ന കൊച്ചീപ്പൻെറ ചെവിയിൽ എന്തോ മന്ത്രിച്ചപ്പോൾ അവൻ ഒന്നു തിരിഞ്ഞുനോക്കുകയുണ്ടായി.

ബസ്സു സൂര്യോദയത്തിനു മുമ്പു ശൂരപുരത്തിന്നരികെ ഒരു കന്യകാശ്രമത്തിൻെറ പടിക്കലെത്തിയപ്പോൾ ചിലർ അവിടെ ഇറങ്ങി. ആളറിയാൻമാത്രം വെളിച്ചമായിട്ടില്ലാതിരുന്നതിനാൽ ഇറങ്ങിയവർ ആരൊക്കെയെന്നു 'കൺടക്ട'റൊഴിച്ചാർക്കും മനസ്സിലായില്ലെന്നു തോന്നുന്നു. അഥവാ മനസ്സിലാക്കാൻ പല ദേശക്കാരായ 'കല്യാണപ്പാർട്ടി'ക്കാരുണ്ടോ വെമ്പുന്നു! എന്നാലും കൊച്ചീപ്പനു യാത്രക്കാർ പരിചിതരായിരുന്നില്ലേ എന്നൊരു സംശയം. അവൻെറ ആ കഴുത്തു പിരിച്ചുംകൊണ്ടുള്ള നോട്ടം കണ്ടാൽ അങ്ങനെ തോന്നും.

പ്രഭാതത്തിൽ ശൂരപുരത്തെത്തി കൊച്ചീപ്പനും 'പാർട്ടി'യും ഒന്നാന്തരമൊരു കാറിൽ ഞാറളക്കാട്ടുപള്ളിയിലേയ്ക്കു തിരിച്ചു. ആ പ്രദേശത്തെ വലിയൊരു കച്ചവടക്കാരൻെറ മകളാണ് കൊച്ചീപ്പൻെറ സഹധർമ്മിണിയായിത്തീർന്നത്. 3000 ക. ഉണ്ടായിരുന്നു സ്ത്രീധനം.

* * *

ഏഴെട്ടുകൊല്ലം കഴിഞ്ഞു കൊച്ചീപ്പൻ ശൂരപുരത്തു താഹശീൽദാരായി താമസമുറപ്പിച്ചിരുന്ന കാലത്ത് ഒരു സായാഹ്നത്തിൽ അവൻെറ മൂത്തമകൾ, അവൾ പഠിച്ചിരുന്ന കന്യകാശ്രമംവക സ്കൂളിൽനിന്നു തിരിച്ചെത്തി അവനോട് ഇങ്ങനെ പറഞ്ഞു:

"ന്നാള് ഞങ്ങൾക്കു മാറിവന്ന സിസ്റ്ററ് ഇന്ന് എന്നെ വിളിച്ചു മ്മടെ വീട്ടുപേരും എൻെറ പേരും ഒക്കെ ചോദിച്ചു, അപ്പാ. എന്നോട് എന്തൊരു സ്നേഹാ ആ സിസ്റ്ററിന്. എൻെറ പേരു സൂസീന്നാന്നു പറഞ്ഞപ്പോ സിസ്റ്ററ് എൻെറ കവളത്ത് ഒരുമ്മവെച്ചു. സിസ്റ്ററിൻെറ കണ്ണീന്നു രണ്ടുനാലുതുള്ളി കണ്ണീര് എൻെറ മൊകത്തു വീണു. എന്താപ്പാ സിസ്റ്ററ് കരഞ്ഞത്?"

കൊച്ചീപ്പനു മിണ്ടാൻ കഴിഞ്ഞില്ല. അവൻെറ കണ്ണിൽനിന്നും ഒരശ്രുബിന്ദു അടന്നുവീണു.

—മുണ്ടശ്ശേരി.

—oo:o:oo—

## 7. ഒരു വിദ്യാൎത്ഥിയുടെ അമ്മ

മരിക്കുന്നതുവരെ പഠിക്കാനുണ്ട് എന്നേ അച്ഛൻ പറയാറുള്ളു. മകനാകട്ടെ മരിച്ചാലുംവേണ്ടില്ല, പഠിക്കാതിരിക്കില്ല എന്നും. അതിൽ അമ്മയ്ക്കു നിഗൂഢമായ അഭിമാനമുണ്ട്. ഊണു കഴിഞ്ഞു കിടന്നാൽ അമ്മ ചെവി പാൎത്തു കിടക്കും. മകൻ വായിക്കും. അവൻറച്ഛൻെറ തൊണ്ടതന്നെ! അദ്ദേഹത്തിന്ന് അവൻെറ സ്വരം കേൾക്കാൻ കഴിഞ്ഞില്ലല്ലോ......!! അമ്മ ഉറങ്ങും. ഉറക്കത്തിൽനിന്നു ചിമ്മിനിവെളിച്ചത്തിലേയ്ക്കു കണ്ണുമിഴിക്കും.

“മോനേ!”

“എന്തേ?”

“ഒന്നൊറങ്ങ്യേ നിയ്യ്. ഒരു ദേസെങ്കിലും ഒറങ്ങണ്ടേ?”

“അമ്മ ഉറങ്ങിക്കോളേ.”

അവന്ന് ഇങ്ങനെ ഉറക്കമിളയ്ക്കുന്നതുകൊണ്ടു വല്ല സുഖക്കേടും പിടിച്ചാൽ!......പൊന്നുതമ്പുരാനേ, ദൈവകാൎന്നന്മാരേ!!......അമ്മ വീണ്ടും മയങ്ങും.

*     *     *     *

കേശവനെക്കുറിച്ചു കാൎയ്യമായി അന്വേഷിക്കുന്നതു നാണുവൈദ്യരാണ്:

“എന്താ തള്ളേ, മകൻ പഠിച്ചാൽമാത്രം മതിയോ? ഉപജീവനത്തിന്ന്—”

“ഓനു ഞ്ഞീം പഠിക്കണെന്നാ!”

"തള്ളയ്ക്കു് അവൻ മാത്രമാണു് ഗതി, കേട്ടോ. അവനിങ്ങനെ—"

താൻ ഉള്ളിൽക്കണ്ടതു വൈദ്യർ പുറത്തു പറയില്ല.

അമ്മയോ, പഠിപ്പിനെക്കുറിച്ചു യാതൊന്നും മകനോടു പറയില്ല. "വൈദ്യരുടെ മകൻ പഠിച്ചുപഠിച്ചു മദിരാശിപ്പോയി ഡാക്കട്ടരായി വന്നില്ലേ?"

പക്ഷേ,

കേശവനു ജീവിക്കാൻ ഇരുപത്തൊന്നു തെങ്ങിൻതലകളേ ഉള്ളു. നാണുവൈദ്യരുടെ പുരയിടം അവരുടെ വീട്ടിൽനിന്നു മൂന്നാമത്തേതായിരുന്നു. പിന്നീടു് ഇടയിലുള്ള രണ്ടെണ്ണവും വൈദ്യർ തീരുവാങ്ങി. തുറന്ന മുറികൾ നിറഞ്ഞ ഒരെടുപ്പു പണിചെയ്തു: വൈദ്യശാല. അതിൻെറ ചുവരിൽ ചായം തേച്ചൊരു പലകയിൽ 'പീപ്പ്ൾസ് നഴ്സിങ്ഹോം......' എന്നാണു് എഴുതിയിട്ടുള്ളതെന്നു കുഞ്ഞിയമ്മയ്ക്കറിയില്ല. അവർ പലപ്പോഴും വൈദ്യശാലയിലേയ്ക്കു നോക്കിനില്ക്കും. "വൈദ്യരുടെ മകൻ പഠിച്ചുപഠിച്ചു മദിരാശിപ്പോയി ഡാക്കട്ടരായി വന്നില്ലേ?"

* * * *

ഒരിക്കൽ അമ്മ മകനോടു ചോദിച്ചു:

"മോൻ പഠിക്കണതും വൈദ്യല്ലേ?"

"ഊങ്ഹ്."

"എന്തേ മോനേ?"

കുഞ്ഞിയമ്മ വൈദ്യശാലയിലേയ്ക്കു നോക്കി ചിരിനുണഞ്ഞു!

“അതു നോക്കണ്ട അമ്മേ. അറവുകാരനും കരള് എന്ന ഞായമാ അവിടെ. അവിടത്തെ ജോലി കൊലയാ. പ്രതിഫലം വാങ്ങുന്നതോ? എന്താ നോക്ക്ണ്? ദക്ഷിണയാണെന്നാ വിചാരിക്ക്ണ്? ഊങ്ഹ്, പ്രോനോട്ടും പണയാധാരവും! ഞാൻ വൈദ്യം പഠിച്ചാ അതൊന്നും നമ്മൾക്കു നടക്കില്ല.”

“പിന്നല്ലേ? കൊന്നിട്ടാ ഇക്കണ്ട പണം സമ്പാദിക്ക്ണ്? ചികിത്സിച്ചിട്ടല്ലേ?”

“ശരിയാ.” മകൻ സമ്മതിച്ചു: “നാണുവൈദ്യരുടെ ആ മകനില്ലേ മദിരാശി, ഡാക്ടർ സത്യപാലൻ. അയാൾ ‘ആയമ്മപ്പണി’യിൽ കേമനാണത്രേ. പോയേടത്ത് ഏതു തള്ളയും കുട്ടിയുമാ ജീവിച്ചത്? അമ്മ കേട്ടിട്ടില്ലേ? മയക്കമരുന്നു കൊടുത്തത് ഏറിയിട്ടു ചത്തു രണ്ടെണ്ണം. പിള്ളയെടുക്കുന്നതോടെ പണ്ടംകൂടെ വലിച്ചു പുറത്തെടുത്തിട്ടു വേറൊരിടത്ത്. നാടിൻെറ മാഹാത്മ്യം! അല്ലെങ്കിൽ പോയേടത്തുനിന്നു തല്ലുംകൊണ്ടേ പോരൂ.”

“അങ്ങനാ!” അമ്മ തറച്ചുപോയി. അവൻ പിന്നേയും വൈദ്യരെക്കുറിച്ചു സംസാരിച്ചു. അവിടെ വരുന്ന രോഗികളോടെല്ലാം ക്ഷയത്തിൻെറ ലാഞ്ഛനയുണ്ടെന്നു പറയുകയും, ആരാനും മരിച്ചാൽ ‘ഹാർട്ടുഫെലി’യറായിരുന്നുവെന്നു സമൎത്ഥിക്കുകയും ചെയ്യുന്ന സമ്പ്രദായത്തെക്കുറിച്ചും സംസാരിച്ചു.

“മോൻ വൈദ്യംതന്നെ പഠിച്ചോ.” അപ്പോഴും അമ്മ പറകയാണ്.

“എന്നിട്ടെന്തിനാ?”

"അച്ഛനും കൊറെയൊക്കെ നിശ്ശുണ്ടാൻ്റ. അപ്പോ, നെനക്കും പടിക്കാം. ഉമ്മറത്തിര്ന്നാ നാല് കാശ് കിട്ടേം ചെയ്യില്ലേ?"

*　　*　　*　　*

നാണുവൈദ്യർ കേശവനോടും പയറുകയുണ്ടായി. അടുത്ത കൊല്ലത്തിൽ എൻട്രൻസ് പരീക്ഷയ്ക്കു ചേരണമെന്നുണ്ട്. ഒരു കൊല്ലമല്ലേ? അതെങ്ങനെയെങ്കിലും ഉന്തിനീക്കാം—ഇതൊക്കെയാണ് കേശവൻ പറഞ്ഞത്.

"പിന്നോ?" വൈദ്യക്കറിയണം.

"ഒന്നും തീച്ചയാക്കിയിട്ടില്ല."

വൈദ്യൻ തുടന്നു:

"പഠിക്കയാണെങ്കിൽ സാഹിത്യശിരോമണിതന്നെ പാസ്സാവണം. തനി സംസ്കൃതമല്ലേ? സംസ്കൃതവിദ്വാൻ! അതാക്ക വേണം? മലയാളംകൂടെ പഠിക്കണമെന്ന്! അതല്ല പഠിക്കുന്നില്ലെങ്കിൽ,—ആ, ഊണ്ട്—വിഷമിക്കരുതേ. ഞങ്ങൾ—ഞങ്ങളൊക്കെ ഇവിടെയുണ്ട്, കേട്ടോ."

"ഓ, അതെനിക്കു മുമ്പേത്തന്നെ അറിയാം. ആത്യാവശ്യമൊന്നും വരാത്തതുകൊണ്ടാണ് അവിടെ വന്ന് ഉപദ്രവിക്കാത്തത്."

"വന്നോളൂ വന്നോളൂ. അതൊരുപദ്രവമല്ല, കേട്ടോ, കേശവ. അല്ല—ആ—അതിലിടയ്ക്ക് ഒന്നു ചോദിക്കട്ടെ, ആ സ്ഥലത്തിന്മേൽ ഇടപാട് ഒന്നും?—"

"എന്തിടപാട്?"

"ഒന്നുമില്ലല്ലോ എന്നു ചോദിച്ചു."

*　　*　　*　　*

കേശവൻ അടുത്ത കൊല്ലത്തിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അന്വേഷിക്കാൻ തുടങ്ങി. ആയിടയ്ക്കാണ് കൊടുങ്കാററു വീശിയത്. അവൻ മറെറാരു സഹപാഠിയോടു ശാകുന്തളത്തിൻെറ നോട്ടു വായ്പ വാങ്ങാൻപോയി മടങ്ങുമ്പോൾ തന്നെ പുതുമഴയുടെ ലക്ഷണങ്ങൾ ഉണ്ടായിരുന്നു. ഒരു കുട വാങ്ങേണ്ടിയിരിക്കുന്നു. അമ്മയോടു ചോദിച്ചാ പണം കിട്ടുമോ? എങ്ങനെ കിട്ടാനാണ്?......ഓരോന്നാലോചിച്ചുകൊണ്ട് അവൻ നടന്നു. സന്ധ്യയായപ്പോൾ കുന്നിൻപുറത്തെത്തി. ചക്രവാളം ഇരുണ്ടിരുന്നു. കാർമേഘങ്ങൾ അടന്നുവീഴുമോ എന്നുതോന്നി. വെള്ളം കിനിയുന്ന കാററടിക്കുന്നുണ്ടായിരുന്നു. അവൻ മുറുകിനടന്നു. പറങ്കിമാവുകൾ ആഞ്ഞുലയുന്ന ഇരമ്പൽ കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ പുല്ലും പൊടിയും ചവറും ഉയരെപ്പറക്കുന്നു. അമ്മ പേടിക്കുമല്ലോ!......

അവർ ഉണ്ണാനിരുന്നപ്പോൾ ചിമ്മിനി കെട്ടു. വീണ്ടും കത്തിച്ചു. വീണ്ടും വീണ്ടും കെട്ടു. പുറത്ത് ഇരമ്പവും തെങ്ങിൻപട്ടകൾ തമ്മിലുരസുന്ന ശബ്ദവും കേൾക്കാമായിരുന്നു. അവർ ഉമ്മറത്തു വന്നെത്തിനോക്കി. മണൽ അടിച്ചുകയറുന്നു: കണ്ണും ചെകിടുമടച്ച്, അകത്തേയ്ക്കു കടന്ന്, വാതിൽ കൊട്ടിയടച്ചു. വിളക്കു കത്തിക്കാൻ കഴിഞ്ഞില്ല. പുമരിന്നു മീതെക്കൂടി കാററു ചീറുകയാണ്.

സമുദ്രം ഭൂഗോളത്തെ വിഴുങ്ങിക്കൊണ്ട് ഇരച്ചു കയറുന്നുവെന്നും കുന്നും മലകളും തകൎന്നു കുത്തിയൊലിച്ചു തങ്ങളെ മൂടിക്കളയുമെന്നും തോന്നി. സൌരയൂഥം പൊട്ടിത്തെറിക്കയാണോ എന്നു സംശയിക്കത്തക്ക ചീററലും അലച്ചുകളും.

അമ്മയും മകനും ഇരുന്നു വിറച്ചു. അവർ മുഖത്തോടുമുഖം നോക്കി—ആദ്യം മരിക്കുന്നതു് ആരെന്നു് അറിയാനെന്നപോലെ.

പുരയുടെ മേൽക്കൂര ഇളകി വിറച്ചു. സീല്ക്കാരത്തോടെ വന്നലയ്ക്കുന്ന കാററു പൊന്തിപ്പറക്കുന്ന ഓലപ്പട്ടികളിലൂടെ ചരലേറുപോലുള്ള മഴ. ചുമരിൻെറ കോടിക്കല്ലുകൾ ഞെരിഞ്ഞു മണ്ണിൻകട്ടകൾ ഉതിരുന്നു. ഇടവിട്ടു കാണെക്കാണേ കോടിയിൽനിന്നു നീങ്ങുകയാണു്.

"മേല്പുര മറിഞ്ഞുവീഴുമോ?" അവർ ഓൎക്കുകയാണു്: "ഇവിടന്നു് ഓടിപ്പോയാലോ?"

എങ്ങിനെ പോകും? വാതിൽ തുറന്നാൽ കാററു പറപ്പിച്ചുകളയും. പുരപ്പുറത്തു പലേ വീഴ്ചകളും കേൾക്കാമായിരുന്നു. ഞെരിച്ചലും അമൎച്ചയും നടക്കുന്നുണ്ടു്. തെങ്ങുകൾ വട്ടനെ പൊട്ടുന്ന ശബ്ദം, മുളംകൂട്ടങ്ങളുടെ അട്ടഹാസങ്ങൾ .........പുറത്തുകടന്നാൽത്തന്നെ എങ്ങനെയാണു് രക്ഷപ്പെടുക?

അപ്പോൾ അവർ വിചാരിച്ചതു്, ഈ ഭൂമുഖത്തു തങ്ങൾ രണ്ടാൾമാത്രമേ ശേഷിപ്പുള്ളുവെന്നാണു്. തെങ്ങും പനയും മാവും മരങ്ങളും വീണു് എല്ലാ വീടുകളും തകൎന്നുപോയിരിക്കും. ആളുകളെല്ലാം ചതഞ്ഞരഞ്ഞിരിക്കും. കടലാണെങ്കിൽ ആൎത്തുവിളിച്ചു് അടുത്തെത്തിയിട്ടുമുണ്ടു്—പ്രളയമാണോ?

അങ്ങനെ നേരം വെളുപ്പിച്ചുകൂട്ടി. വാതിൽ തുറന്നു.

കിഴക്കേത്താഴ്വാരത്തെത്തകത്തു്, ചുമരിനോടു ചാരി, രണ്ടു തെങ്ങുകൾ—തലങ്ങും വിലങ്ങും—ഉമ്മറത്തു വീണമ

ന്നിരിക്കുന്നു. ഓരോ കോടിയിലും നിന്നിരുന്ന രണ്ടെണ്ണം.

അവ അല്പംകൂടി പടിഞ്ഞാട്ടു നീങ്ങിയാണു് വീണിരുന്നതെങ്കിൽ!!

കുഞ്ഞിയമ്മ 'ദൈവകാന്നന്മാരി'ൽ ലയിച്ചു നെററിയിൽ തല്ലി.

തൈത്തെങ്ങുകൾക്കൊന്നിന്നും തലയില്ല. കണ്ണാടി പൊട്ടി എല്ലാം നിലംപൊത്തിയിരിക്കുന്നു. ശേഷിച്ചവയുടെ പട്ടകൾ ഒടിഞ്ഞുതൂങ്ങി, തൂങ്ങിച്ചത്ത കന്യകയുടെ അഴിഞ്ഞുലഞ്ഞ കാർകൂന്തൽപോലെ. വൃക്ഷലകൾ പൊട്ടിച്ചിതറി മണലോടു ചേന്നിരിക്കുന്നു.

അമ്മ മകൻെറ മുഖത്തേയ്ക്കു നോക്കി; മകൻ അമ്മയുടെ മുഖത്തേയ്ക്കും.

"മോനേ!"

"എന്തേ?"

"ഞ്ഞി എന്താ ചെയ്യാ?"

നിശ്ശബ്ദത....നെടുവീപ്പുകൾ...

കുഞ്ഞിയമ്മ വീണുകിടക്കുന്ന നാളികേരം പെറുക്കാൻ പോയി. തലേന്നു വിരിഞ്ഞ മച്ചിങ്ങമുതൽ വരുന്ന മാസത്തിൽ വെട്ടാനുള്ളതുവരെ എല്ലാം നിലത്തു ചിന്നിച്ചിതറിക്കിടക്കുകയാണു്.

കേശവൻ വെട്ടുകത്തിയും മഴവുമെടുത്തു കോലായിലെ തെങ്ങുകൾ മുറിച്ചുനീക്കാൻ തുടങ്ങി—ഓരോ വെട്ടും തൻെറ ജീവനിൽ കൊള്ളുന്നപോലെ!

അപ്പോഴാണു് നാണുവൈദ്യർ വടിയും തലപ്പാവുമായി അതിലെ ഒന്നയഞ്ഞുനടക്കാനിറങ്ങിയതു്.

"എന്താ തള്ളേ, അപായമൊന്നും—" അയാൾ വിളിച്ചുചോദിച്ചപ്പോൾ പതിവുപോലെ പകുതിയിൽ നിൎത്തി.

"ദൈവത്തിൻേറാ മൺമറഞ്ഞ കാരണവന്മാര്ടേം നിങ്ങടേക്കെ മനസ്സുണ്ടായിട്ട്—" കുഞ്ഞിയമ്മ തുടങ്ങുന്നേയുള്ളു.

"ഒന്നുല്ല്യ," കേശവൻ പറഞ്ഞുകഴിഞ്ഞു.

"ആൾസഹായമോ—" വൈദ്യർ ചോദിച്ചുതീൎന്നില്ല.

"ഒന്നും വേണ്ട. ദയയുണ്ടായിരുന്നാൽ മതി." കേശവൻ ഇടയിൽക്കടന്നു് ഉത്തരം പറഞ്ഞു.

വൈദ്യർ ഞെളിഞ്ഞു ഞെളിഞ്ഞു മുമ്പോട്ടു നീങ്ങി. കേശവൻ പിറുപിറുക്കുന്നുണ്ടായിരുന്നു: "ആൾസഹായമോ—പിന്നെ എന്താണാവോ?"

"അമ്മേ," കേശവൻ വിളിച്ചു.

"മോനേ!"

"കുറച്ചു പണം സഹായിക്കാൻ പറഞ്ഞാലെന്താ?"

"ഇപ്പമ്മക്കെന്തിനാ? നമ്മടെ കഷ്ടപ്പാടു വരണല്ലേള്ളോ?"

"അയാൾക്കു് ഈ ഇരുപത്തൊന്നു തെങ്ങിന്റെ സ്ഥലം കിട്ടാൻ അത്രയ്ക്കു പൊരിച്ചലുണ്ടു്. വൈദ്യശാലയിൽ താമസിക്കുന്നവൎക്കു് കക്കൂസ് പണിയാൻ ഇവിടെ മാത്രമേ സൌകര്യമുള്ളു എന്നു കേട്ടു."

"എന്തു പണിയാൻ?"

കേശവൻ വിവരിച്ചുകൊടുത്തു.

"നിൻറച്ഛൻ ചേൻ മണ്ണിലോ?" കുഞ്ഞിയമ്മയ്ക്കു തന്നത്താനൊരു കലി!

*   *   *   *

കേശവൻ മെലിയാൻ തുടങ്ങി. കീഴോട്ടു നോക്കിക്കൊണ്ടാണ് അവൻ സ്കൂളിലേയ്ക്കു പോവുക. ക്ലാസ്സിൽ തല ഉയൎത്തുകയില്ല. എപ്പോഴും എങ്ങോ തീക്ഷ്ണമായി നോക്കിക്കൊണ്ടിരിക്കുക, ഒരു ലക്ഷ്യവുമില്ലാതെ—അതായി അവൻെറ പതിവ്.

"എന്താ ഒരു വിഷാദം?" സഹപാഠികൾ ചോദിച്ചു.

"ഉം."

"വല്ലാതെ മെലിഞ്ഞിട്ടുണ്ട്."

"ഊം."

"എന്തോത്?"

ആ ഇരുപത്തൊന്നു തെങ്ങുകളിൽ പതിനൊന്നെണ്ണം പൊട്ടിവീണു. ശേഷിച്ചവയ്ക്കു പൂക്കുലയില്ല. പിന്നെ നേരെച്ചൊവ്വെ കഞ്ഞി എങ്ങിനെ കുടിക്കും? അരയണയ്ക്കുടെ മുതിര വറുത്തിടിച്ചു തിളപ്പിച്ചാണ് അമ്മയും മകനും ചിലപ്പോൾ രാവും പകലും കഴിക്കുക; അതെങ്ങിനെ അവരോടു പറയും?

*   *   *   *

കുന്നിന്മേൽ കുരു!

"മോനേ."

"എന്തേ?"

"ഇങ്ങനെ ഇരുന്നാ പററേപാ? അമ്മ കൊയ്യാൻ പോട്ടേ?"

അന്നോളം അവൻെറ അമ്മ ആരാൻെറ കൂലിവേല ചെയ്തിട്ടില്ല. ഒട്ടേറെ കൂലിക്കാൎക്ക വെച്ചുവിളമ്പിയതാണ് അവരുടെ കയ്യ്. ഈ സംഗതികളെല്ലാം അമ്മയുടെ മുഖത്തുനിന്നുതന്നെ കേശവൻ അറിഞ്ഞിട്ടുള്ളതാണ്. എന്നിട്ടോ? അമ്പത്തിരണ്ടാമത്തെ വയസ്സിൽ കൊയ്യാൻ പോകട്ടേ എന്ന് അവർ അവനോടു ചോദിക്കുന്നു; അതും അവനെ വളൎത്താൻ! പതിനെട്ടായി വയസ്സ്. എന്നിട്ടും മുലകുടി മാറാത്ത കുഞ്ഞിനെപ്പോലെ അമ്മയുടെ തോളിൽ പിടിച്ചു തൂങ്ങുകയാണ്!

അവൻ കരഞ്ഞു; അവൻെറ അമ്മയും.

അമ്മ അവൻെറ നെഞ്ചിൽ മുഴച്ചുനില്ക്കുന്ന കൂട്ടെല്ലിൽ തലോടി. തൊണ്ടയിടറിക്കൊണ്ടു് അവർ തന്നത്താൻ പറഞ്ഞു:

"എന്തു പന്ത്യായീൻെറ മോൻ! ഓൻെറ ദാഹം തീൎന്നു കുടിക്കാല്യാണ്ടല്ലേ?"

കണ്ണീരും കരച്ചിലും.

ഒടുവിൽ കൊയ്യാൻ പോകതന്നെ എന്നു തീൎച്ചയാക്കി.

അവരെ ആരാണ് പണിക്കു വിളിക്കാൻ? അമ്മതന്നെ സ്നേഹമുള്ളവരോടു പറകയായി: "ന്നേം കൊയ്യാൻ വിളിക്കണന്നു പറേണ്ടട്ടാ."

അമ്മ കൊയ്തു. മകൻ കററ കെട്ടി. മൂന്നുന്നു ചുരുട്ടു വാഴവള്ളിയിൽ കെട്ടി അവൻ തലയിൽ ചുമന്നു. അവ

ന്നെ നോക്കി കണ്ടത്തിലും കളത്തിലും ഉള്ളവർ നെടുവീപ്പിട്ടു: "പൊസ്സകവും പെനസ്സലും മാത്രം കണ്ട കുട്ടിയല്ലേ?"

മെതിച്ചുകിട്ടിയ പതമ്പു പുഴുങ്ങി വറുത്തു കുത്തി പാതിര കഴിഞ്ഞപ്പോൾ അവർ അത്താഴമുണ്ടു് ഉറങ്ങാൻ കിടന്നു.

"മോനേ!"

"എന്തേ?"

"ഇന്നു നമ്മള് പോയീല്ലെങ്കി അത്താഴം ഉണ്ണാൻ പറേവ്വര്ന്നോ?"

* * * *

ആയിടയ്ക്കാണു് ഡോക്ടർ സത്യപാലൻെറ കല്യാണം കെങ്കേമമായി നടന്നതു്. അവരുടെ വീട്ടിൽ പ്രത്യേകക്ഷണമുണ്ടായിരുന്നു: അമ്മയും മകനും തലേന്നാൾത്തന്നെ ചെല്ലണം!

കേശവൻ പറഞ്ഞു, അമ്മ മാത്രം പോയാൽ മതിയെന്നു്. അവൻ തലേന്നാൾത്തന്നെ പോകണമെന്നു് അമ്മയും. കേശവൻ പറഞ്ഞു, താൻ തലേന്നാളുമില്ല പിററന്നാളുമില്ല എന്നു്. മകൻെറ വാശി മൂത്തപ്പോൾ അമ്മ പറകയാണു്:

"ഒരു പള്ള ചോറു കിട്ടുന്നതു കളേല്ലടാ, മോനേ."

തലേന്നാൾത്തന്നെ കേശവൻ കല്യാണവീട്ടിൽ പോയി. നാണുവൈദ്യർ അവനെ സോപചാരം സ്വീകരിച്ചു. 'ദേഹണ്ണ'ക്കാർക്കു പരിചയപ്പെടുത്തി.

ഒന്നാം കറി, സാമ്പാറ്, ഓലൻ, അവീല്—ഒരു നൂറുകൂട്ടത്തിനുള്ള കഷണങ്ങൾ നുറുക്കാൻ കിടക്കുന്നു. പിന്നേയുമുണ്ട് പത്തുപതിന്നാലു ചെറുപ്പക്കാർ. അവനും കൂട്ടത്തിൽ കൂടി. കറിക്കു നുറുക്കിത്തീർന്നപ്പോൾ അവൻ ടീപ്പാർട്ടിക്കുവേണ്ട ഗ്ലാസ്സുകൾ കഴുകി അടുക്കിവെച്ചു. കുപ്പായങ്ങൾ ഇസ്തിരിയിടാനും പങ്കു കൂടി.

വേറെ ഒരു വിശേഷം:

താലികെട്ടു കഴിഞ്ഞാൽ പാടാനുള്ള ഒരു 'മംഗളഗാനം' വേണം. മംഗളപത്രം വേണ്ടെന്നു മുമ്പേ തീർച്ചയാക്കിയതാണ്. ഒരു പാട്ടു മതി. രണ്ടു കുട്ടികൾ പന്തലിൽ അതങ്ങു പാടിയാൽ അസ്സലായി. പാട്ടൊന്നു വേണ്ടേ? ആരാണെഴുതുക? കേശവൻ!......അവർ പുതുമയുള്ള ഒരു ഹിന്ദിട്യൂൺ തിരഞ്ഞെടുത്തു പാട്ടെഴുതാൻ കേശവനെ ഏല്പിച്ചു. കേശവൻ പാട്ടെഴുതി. ഉറക്കത്തിൽനിന്നു വിളിച്ചുണർത്തിയ രണ്ടു കൊച്ചുപെൺകുട്ടികളെ പഠിപ്പിക്കയും ചെയ്തു.

അവൻ ഉറങ്ങാനുള്ള വട്ടമായിരുന്നു. അപ്പോഴാണ് സത്യപാലൻ അവനെ അന്വേഷിച്ചുവന്നതു്.

"കേശവൻ കാലത്തേ കല്യാണത്തിന്നു പുറപ്പെടണം, കേട്ടോ." അതും പറഞ്ഞു് അയാൾ പോയി. അവൻ അമ്പരന്നു. ഡോക്ടരുടെ കല്യാണത്തിന്നു് അവനും പുറപ്പെട്ടുപോകണമെന്നോ! ആ പാട്ടിന്റെ കാര്യമാണെങ്കിൽ, അതു കുട്ടികളെ പഠിപ്പിച്ചുകഴിഞ്ഞു. പിന്നെന്തിനാണ് കേശവൻ? അതും മണവാളൻതന്നെയാണ് ആവശ്യപ്പെട്ടതു്. അവർ തമ്മിൽ മുഖപരിചയത്തിൽ കൂടുതലാ

യി ഒരു അടുപ്പവുമില്ല. ഇതെല്ലാമോൎത്തു കേശവൻ ഉറ ങ്ങാതെ കിടന്നു.

അപ്പോഴും ആരോ കുശുകുശുക്കുന്നു. കേശവൻ ചെ വിയോൎത്തു. മണവാളന്റെ പെട്ടി ചുമക്കുന്നതിനെക്കുറി ച്ചാണു് സംസാരിക്കുന്നതു്, സത്യപാലനും നാണുവൈ ദ്യരും.

"അതിന്നു കേശവൻ പോരുന്നുണ്ടു്," സത്യപാലൻ തീൎത്തുപറഞ്ഞു.

"ങ്ഹേ!" കേശവൻ ഞെട്ടിപ്പോയി. അവൻ പെ ട്ടി ചുമക്കാൻ പോകുന്നുണ്ടെന്നു്!!

പുലരുംമുമ്പു വീട്ടിൽ ചെന്നു് അമ്മയെ വിളിച്ചു ണൎത്തി.

"അമ്മേ."

"മോനേ."

"എനിക്കു്—"

"ഹെന്തേ?"

"തലവേദന."

*　　*　　*

അമ്മ കല്യാണത്തിന്നു പോയി; മകൻ പഠിക്കാ നും. സ്കൂളിൽനിന്നു വന്ന മകന്റെ വാടിയ മുഖം കണ്ട പ്പോഴും, അമ്മയ്ക്കു് ഉണ്ടതെല്ലാമങ്ങു ദഹിച്ചു. പഠിത്തം കളയാതിരിക്കാനല്ലേ, അവൻ തലവേദനയാണെന്നു കള വു പറഞ്ഞതു്?

"എന്തിനാണ്ടാ മോനേ, നീയിങ്ങനെ വെഷമിക്കു ണു്?"

"ഉൗം?"

"നമ്മടെ യോകല്ലേ? മോൻ മതി പടിച്ചത്. ഞ്ഞി വൈശ്യാലേല് നിന്നോ. അവടന്നു വൈത്യം പടിക്കേം ശ യ്യാം. എന്നു തൊടങ്ങീതാ വൈത്യര്?—"

"ഉ—ം?"

"മനസ്സിലായില്ലേ—"

"ഉൗം."

"ഏ?"

"ഞാൻ അതിനാ പഠിച്ചെന്നാ അമ്മ വിചാരിക്കു ന്നതു്?"

"കുടിച്ച കെടന്നൂടടാ, മോനേ? എന്തു പന്തായി നിയ്യ്?"

കുറെ നേരത്തേയ്ക്കു് അവക്കു് ച്ച പൊന്തിയില്ല. ശബ്ദം എക്കിട്ടമായി പുറത്തു വന്നുകൊണ്ടിരുന്നു. ഒട്ടു സ്വാ സ്ഥ്യം കിട്ടിയപ്പോൾ അവർ തുടന്നു:

"നിൻെറ ദാഹത്തിനു കഞ്ഞിതരാൻ അമ്മയ്ക്കിഞ്ഞി സാതിക്കില്ല്യാട്ടാ മോനേ."

"എന്താ ചെയ്യ്ാ?" കേശവൻ പതുക്കെ പറഞ്ഞു: "കഷ്ടപ്പെടേണ്ടന്നു കഷ്ടപ്പെടണം. അമ്മ എനിക്കുവേ ണ്ടി നരകിക്കുന്നതു് ഓക്കാതെയല്ല ഞാൻ പഠിക്കാൻ നട ക്കുന്നതു്. പഠിപ്പു നിത്താൻ തോന്നണ്ടേ? അമ്മ...അ ല്ല......"

അവൻെറ തൊണ്ടയിടറി.

"മോനേ."

"ഉൗം?"

"എന്താ നിയ്യ് മിണ്ടാത്ത്?"

"ഞാൻ പട്ടാളത്തി പൊയ്യോളാം."

"ഛേ! നാപ്പിന്നെ അമ്മേക്കാണാൻ മോൻ മണ്ടട ണ്ട. ഞാൻ കെട്ടിത്തൂങ്ങും. ഞാൻ ചത്താ ൻെറ മോൻ എങ്ങോട്ടാണെങ്കി പൊക്കോ. ഇപ്പോ വൈശ്യാലേല് നിക്ക്. അമ്മയ്ക്ക് കണ്ടിരിക്കാം; നാല് കാശ കിട്ടേം ശെയ്യും."

"കാശ്!! എവിടെന്നാ?"

"സോക്കേടാര് തര്ല്ല്യേ?"

"അതൊക്കെ ഉഴിയാനും കിഴിവെയ്ക്കാനും വരുന്നോക്കല്ലേ?"

"വൈദ്യര്ടെ മോൻെറ കൂടെ പോയാ?"

"അപ്പോഠം ഞാൻ അവൻെറ പെട്ടിക്കാരനാവണമെന്നാണ് അമ്മയും പറയുന്നത്!!"

"കുടിച്ച കെടന്നൂടടാ മോനേ?"

"ഞാൻ പോകണമെന്നാ?"—

"നമ്മടെ സ്തിതി നെനക്കറിഞ്ഞൂടേ?"

"അമ്മയ്ക്കു കയറുപിരിക്കാൻ അറിയോ?"

"ഊം?"

"ഒരു മാറ് ഒന്നാംതരം ഇങ്ങ് പിരിച്ച തരണം."

"എന്തിന്—എന്തിനാണ്ടാ മോനേ, നെനക്ക് കയറ്?"

"ആരാൻെറ എച്ചിലില കാത്തുനില്ക്കേണ്ടിവരുന്നന്ന് തൂങ്ങിച്ചാകാൻ......"

"എന്താണ്ടാ മോനേ, നീയിങ്ങനെ പരുവം പറേ ണ്? നിന്നെ കിട്ടിയാ നന്നൂന്ന് വൈത്ര്യര് പഞ്ഞൂടാ. നെനക്കും സുകായിന്നല്ലെൻെറ പോത്ര്യം. അമ്മെ വിശാരിച്ച മോൻ വെസനിക്കണ്ട. അമ്മ മോന്നുവേണ്ടി ചാവാനാ."

അമ്മയോടു പറഞ്ഞതു കുറെ കടന്നുപോയെന്നവനു തോന്നി. അവർ കണ്ണീർ തുടക്കയാണ്. അതു കണ്ടപ്പോൾ കരളു പൊട്ടുന്നപോലെ തോന്നി. നെടുവീൎപ്പു കൾക്കുശേഷം അവൻ അമ്മയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

വൈദ്യശാലയിൽ നിന്നിരുന്ന രണ്ടു പേൎക്കു ക്ഷയം പിടിച്ചുവെന്നും അവൎക്ക് ഒരു മുക്കാലിൻെറ മരുന്നുപോലും വൈദ്യരോ ഡാക്ടരോ കൊടുക്കുന്നില്ലെന്നും അവൻ പറഞ്ഞു. ക്ഷയം പകരുന്നതിൻെറ ഭയങ്കരതയെക്കുറിച്ച് ഒരു പ്രസംഗംതന്നെ നടത്തി അവൻ അമ്മയെ ഭീഷണിപ്പെടുത്തി. അവസാനം കല്യാണത്തിൻെറ കഥ വിവരിച്ചതു് ഇങ്ങിനെയാണ്:

"അമ്മയുടെ മകൻ എഴുതിയ പാട്ടു പാടുന്ന കല്യാണപ്പന്തലിൽ, ആ മകൻതന്നെ മണവാളൻെറ പെട്ടിക്കാരനായി പോകണമെന്ന്! അതല്ലേ, തലവേദനയാണെന്നും പറഞ്ഞു ഞാൻ പോന്നതു്. ഇനിയും അവൻെറ പെട്ടി ചുമക്കണമെന്നാണോ അമ്മ പറയുന്നതു്? ഞാൻ ചുമന്നോളാം. ഞാൻ പോത്തായി പിറന്നു: നുകം കൊള്ളാൻ എന്തിന്നു മടിക്കണം?"

*   *   *   *

പിറേറന്നു സ്കൂളിൽനിന്നു വന്നപ്പോൾ വടക്കേ ഉമ്മറത്തു വെച്ചിട്ടുള്ള പുതിയ കരൊടിഞ്ഞി കേശവൻ കണ്ടു.

"എന്തിനാ കടിഞ്ഞി?" അവൻ അമ്മയോടു ചോദിച്ചു.

"അമ്മ നാളെ വൈദ്യരോടെ നടാൻ പൊവ്വാ."

അവൻെറ അമ്മ കൂലിപ്പണിക്കു പോകുന്നു. അവനോ? പിറേറന്നു കാലത്ത്:

"മോനേ."

"എന്തേ?"

"കഞ്ഞി വെന്തിരിക്ക്ണ്ണ്ട്. പോവാറാമ്പോ മോൻ വെളമ്പിക്കുടിച്ചോ. മോൻ വരുമ്പോ അമ്മ വന്നിട്ടില്ലാച്ചാ വെള്ളം അടുപ്പത്തിട്ടു തീക്കത്തിച്ചോ. അരിയെടുക്കാൻ അമ്മ വരണ്ട്."

കടിഞ്ഞിയെടുത്തു തലയിൽ വെച്ചശേഷം അവർ യാത്ര ചോദിച്ചു:

"അമ്മ പോട്ടേട്ടാ."

കേശവൻ നെടുവീൎപ്പിട്ടു. അമ്മയുടെ ദേഹമാകെ കരുവാളിച്ചിരിക്കുന്നു. മാംസം ഉണങ്ങിയ കൈകാലുകളിലെ ചുക്കിച്ചുളിഞ്ഞ തൊലി എല്ലിൽ കിടന്നാടുകയാണ്. അവനെ പത്തുമാസം ചുമന്ന ആ വയറ് ഉടുതുണിക്കു മീതെ മടക്കുമടക്കായിക്കിടക്കുന്നു!

"അമ്മ കഞ്ഞി കുടിച്ചോ?"

തൊണ്ടയിടറിക്കൊണ്ട് അവൻ ചോദിച്ചു.

"മോൻ കുടിച്ചോ."

"അമ്മേ."

അവൻ അമ്മയുടെ അടുത്തേയ്ക്കു ചെന്നു.

"എന്തേ?"

"അമ്മ കുടിച്ചിട്ടു ബാക്കിയുള്ളതു മതി എനിക്ക്."

"അമ്മയ്ക്കു കഞ്ഞി അവിടെ കിട്ടും. മോൻ കുടിച്ചോ ളെ."

പടി കടന്നപ്പോൾ അവർ തിരിഞ്ഞുനോക്കി.

"മോനേ."

"എന്തേ?"

"അമ്മ പോട്ടേട്ടാ."

ഒടിഞ്ഞി തലയിൽ വെച്ചിട്ടുള്ള ആ നടത്തം. അവർ ഇഴഞ്ഞിഴഞ്ഞുപോകുന്നോ, ചാഞ്ചാടുന്നോ, കാററിൽ പറക്കുന്നോ—കേശവനു് ഒന്നും തിരിയുന്നില്ല. കണ്ണുകൾ നിറഞ്ഞൊഴുകുകയാണു്. അവനു നില്ക്കാൻ വയ്യ... അവൻ മരം ചാരിനിന്നു.

"ആവൂ!"

ശ്വാസം കിട്ടുന്നില്ല.

ഒരു തീപ്പിടിച്ച മനുഷ്യനെപ്പോലെ അവൻ സ്കൂളിലേയ്ക്കു പോയി. ക്ലാസ്സിൽ ചെന്നപാടേ പുസ്തകങ്ങൾ ഡസ്കിന്മേലെറിഞ്ഞു് അവൻ റീഡിങ്ങ്റൂമിലേയ്ക്കു പോയി. ഡസ്കിന്മേൽ കാൽ കയററിവെച്ചു് അവൻ ചുവരിൽ ചാരിക്കിടന്നു... കണ്ണടച്ചു... ആരെല്ലാം അവിടെ വന്നോ എന്തോ. അവൻ കാണുന്നുണ്ടു്. അവന്റെ അമ്മ ഒടിഞ്ഞി തലയിൽ വെച്ചു് ഇഴഞ്ഞുപോകുന്നോ, ചാഞ്ചാടുന്നോ, കാററിൽ പറക്കുന്നോ—അവനൊന്നും തിരിയുന്നില്ല. അവന്റെ അമ്മ! അവന്റെ അമ്മയുടെ എണ്ണമററ

രൂപങ്ങൾ!! അതോ, എല്ലിൽ തൂങ്ങിയ ചുക്കിച്ചുളിഞ്ഞ തൊലി ആടുന്ന ശരീരവും ഉടുതുണിക്കു മീതെ മടക്കുമട ക്കായിക്കിടക്കുന്ന വയറുമുള്ള മററമ്മമാരോ? അവരുടെ പീ ളയണിഞ്ഞു ചീഞ്ഞ കണ്ണുകളിൽനിന്നു ധാരധാരയായി വാൎന്നുപോകുന്ന കണ്ണീർ; അവരുടെ നെടുവീൎപ്പുകൾ...... എല്ലായിടത്തും അവർമാത്രം......

ഉച്ചയിലെ ഇൻറർവെൽസമയത്താവണം, അവന്നു സൈ്വരക്കേടുണ്ടാകത്തക്കവണ്ണം, ആ മുറിയിൽ ബഹളമു ണ്ടായി. തൻെറ സഹപാഠികൾ വൎത്തമാനം പറയുന്ന തു് അവൻ കേട്ടു. എന്താണവർ പറഞ്ഞതെന്നു് അവന്നു് ഓൎമ്മയില്ല. മിക്കവാറും ബോധം വന്നപ്പോൾ അവർ ത ൻെറ ചുററും നില്ക്കുന്നതു് അവൻ കണ്ടു. അപ്പോൾ, ഏ തോ ഒരു ദിവസത്തെ പത്രമെടുത്തു മുഖം മറയ്ക്കുകയും ക ണ്ണു തുടയ്ക്കുകയും ചെയ്തു.

മിക്കവാറും ശാന്തനായിട്ടാണു് കേശവൻ വീട്ടിലേയ്ക്കു മടങ്ങിയതു്. അമ്മ വന്നിട്ടില്ല. അവൻ അത്താഴത്തിന്നു വെള്ളംവെച്ചു തീ കത്തിക്കാൻ തുടങ്ങി.

വെള്ളം കാഞ്ഞു. അരിയെടുക്കാൻ അമ്മ വരുന്നില്ല.

അവൻ പടിക്കലേയ്ക്കെത്തിനോക്കി.

വെള്ളം തിളച്ചു. അരിയെടുക്കാൻ അമ്മ വരുന്നില്ല.

അവൻ മുററത്തിറങ്ങിനിന്നു പകച്ചുനോക്കാൻ തു ടങ്ങി.

തീ കെട്ടു. വെള്ളം തണുത്തു. അരിയെടുക്കാൻ അ മ്മ വരുന്നില്ല.

ഒരുതരം മഞ്ചൽമൂളക്കം കേൾക്കുന്നപോലെ........

അവൻ പടിയിറങ്ങി. ചൂട്ടുകൾ വീശുന്ന വെളിച്ചം. തിക്കം തിരക്കം......

പഴയ ചാക്ക മുളത്തണ്ടിൽ കെട്ടിഞാത്തി, മഞ്ചലുണ്ടാക്കി, അവൻെറ അമ്മയെ തണ്ടിട്ടെടുത്തു കൊണ്ടുവരികയാണ്.

അവൻെറ അമ്മ!

"എന്തേൻെറമ്മയ്ക്ക്?"

അവൻ അറിഞ്ഞു:

അമ്മ ഉച്ചക്കഞ്ഞി കുടിച്ച്, മുട്ടിന്നു ചേറുള്ള കണ്ടത്തിൽ നട്ടുകൊണ്ടിരിക്കവേ, തലചുററി, ഛൎദ്ദിച്ച്, മറിഞ്ഞുവീണു......

വരമ്പത്തുണ്ടായിരുന്ന നാണുവൈദ്യർ നാഡി പരിശോധിച്ചശേഷം പറഞ്ഞു:

"ഓ! ഇതൊരുതരം വാതമാണ്."

അല്ലേ?

—വി. വി. അയ്യപ്പൻ.

# 8. ആ മനുഷ്യൻ

ആ ഉൾനാട്ടിലെ കുന്നിൻപള്ളസ്സുലുള്ള കൂരപ്പുരയിൽ ഒരജ്ഞാതമനുഷ്യൻ വന്നു താമസം തുടങ്ങിയിട്ടു കുറച്ചുകാലമായി. അയാൾ ഈ ഉൾനാട്ടിൽ വന്നതിന്നുശേഷം ഇതേവരെ ഒരാളോടും സംസാരിച്ചതായി ആക്കും അറിവില്ല—തന്റെ വാലിയക്കാരൻ കൃഷ്ണൻകുട്ടിയോടല്ലാതെ; ആ ചെക്കനൊഴികെ ഒരാളും അയാളുടെ പാപ്പിടത്തിലേയ്ക്കു കടന്നുചെന്നിട്ടുമില്ല. എല്ലാ ദിവസവും വൈകുന്നേരമായാൽ ക്ഷീണിച്ചു ക്ഷീണിച്ച് എല്ലിൻതൊണ്ടായിത്തീൻ ഒരു മനുഷ്യരൂപം അവിടെ കാണാമെന്നല്ലാതെ മററു യാതൊന്നും ആ മനുഷ്യനെസ്സംബന്ധിച്ച് ആ ഉൾനാട്ടുകാക്കറിഞ്ഞുകൂടാ.

ദിവസവും വെയിലൊന്നു താഴ്ന്നാൽ അയാൾ ഒരു വാക്കിങ്ങ്സ്റ്റിക്കുമായി പുറത്തേയ്ക്കിറങ്ങും. ആ കുന്നിന്റെ താഴത്തു ചെറിയൊരു പാടമുണ്ട്. ആ കൊച്ചുപാടത്തെ തുട്ടത്ത പട്ടുകോണകമുടുപ്പിച്ചുകൊണ്ട് ഒരു പഞ്ചായത്തു റോഡ് ഇഴഞ്ഞുപോകുന്നുണ്ട്. ആ റോഡിന്നരികിലുള്ള സിമിൻറുപാലത്തിന്മേൽ അയാൾ കുറച്ചുനേരം ചെന്നിരിക്കും. പിന്നെ, അടുത്തുള്ള പുഴയുടെ വക്കത്തു ചെന്നിരുന്ന് അരമണിക്കൂർ കാററുകൊള്ളും. പറന്നുപോകുന്ന പറവക്കൂട്ടങ്ങളെയും പാട്ടുപാടി പാഞ്ഞുപോകുന്ന പുഴയെയും സന്ധ്യാകാശത്തിലെ പനിനീർപ്പൂന്തോട്ടത്തെയും അയാൾ നോക്കിക്കാണും. കഷ്ടിച്ചു സന്ധ്യ മയങ്ങിയാൽ വന്ന വഴിയേത്തന്നെ അയാൾ വീട്ടിലേയ്ക്കു തിരിച്ചുപോകയും ചെയ്യും—ഇതു് അയാളുടെ ഒരു പതിവായിരുന്നു.

എന്നാൽ ഒന്നു രണ്ടു ദിവസമായിട്ട് ആ മനുഷ്യൻ പുറത്തേയ്ക്കു നടക്കാൻ പോകുന്നതു കാണാറില്ല. അപ്പോഴേ ആളുകൾ അയാളെപ്പററി അന്വേഷിക്കാൻ തുടങ്ങിയുള്ളു:

"ഇപ്പോഴാ മനുഷ്യനെവിടെയാ?"

"ഏതു മനുഷ്യൻ?"

"ആ 'കുറേത്തിന്ന പൂച്ച'പോലൊരു മനുഷ്യൻ ഇതിലേങ്ങനെ കാണാറില്ലേ, അയാളേയ്."

"ഇപ്പോ അയാളെ കാണാറില്ല."

"അയാൾ പോയോ? അതോ, ചത്തോ?"

"അയാൾക്കെന്തോ രോഗമുണ്ട്, കാഴ്ചയിൽ."

"എന്തു മഹാപാപത്തിന്നാ അയാളിവിടെ വന്നു താമസിക്കുന്നത്?"

"അയാളാരാ?"

അയാൾ ആരാണ്? ആ ഉൾനാട്ടുകാർക്കെന്നപോലെ വായനക്കാർക്കും ആ മനുഷ്യനെപ്പററി അറിയാൻ ഉൽകണ്ഠയുണ്ടാവും, പറയാം:

ശിരോമണി കേശവപ്പണിക്കർ വാസനയും വൈദുഷിയുമുള്ള ഒരു സാഹിത്യകാരനാണ്—ഗദ്യത്തിലും പദ്യത്തിലും ഒരുപോലെ തൂലികയെ വ്യാപരിപ്പിക്കാൻ സാമത്ഥ്യമുള്ള ഒരു സാഹിത്യകാരൻ.

നിർഭാഗ്യത്താലെന്നുതന്നെ പറയട്ടെ, പണിക്കർ പണക്കാരനായിട്ടല്ല ജനിച്ചത്; നേരേമറിച്ചു ദാരിദ്ര്യത്തിൻെറ ഈററില്ലത്തിൽ ജനിച്ചു. പട്ടിണിയുടെ മാറിലും

കഷ്ടപ്പാടിൻെറ മടിയിലുമായി വളൎന്നുവന്നു. നന്നെ ചെറുപ്പത്തിൽത്തന്നെ മാതാപിതാക്കന്മാർ മരിച്ചു.

മുതിൎന്നുവന്നതോടൊപ്പം പണിക്കൎക്കു പഠിക്കാനുള്ള മോഹവും വളൎന്നുവന്നു. ഒരു പട്ടിണിക്കാരനുണ്ടോ പഠിക്കാനുള്ള പരിതസ്ഥിതി? എങ്കിലും അയാഠം പഠിക്കാൻ തുടങ്ങി—ഇടത്തടിച്ചുനിന്ന പരിതസ്ഥിതിയോടു പടവെട്ടിക്കൊണ്ടു്.

ആരുടെയൊക്കെയോ സാഹായ്യത്താൽ പണിക്കൎക്കൊരു സാഹിത്യശിരോമണിയാവാൻ സാധിച്ചു എന്നേ പറയേണ്ടു. പരീക്ഷാഫലമറിഞ്ഞ ദിവസം ജന്മസാഫല്യം അയാളുടെ മുഖത്തു പൂവിട്ടതായിക്കണ്ടു.

ഇനി എന്തു ചെയ്യണം? അതായി അയാളുടെ ആലോചന. ഒരുദ്യോഗം കിട്ടണം. വലിയ വലിയ പരീക്ഷകഠം പാസ്സായവർകൂടി പണികിട്ടാതെ വിഷമിക്കുമ്പോഴുണ്ടോ ഒരു ചൊട്ടസ്സാഹിത്യശിരോമണിക്കു് ഉദ്യോഗം കിട്ടുന്നു? എങ്കിലും അയാഠം വെറുതെയിരുന്നില്ല. ഒരുദ്യോഗമന്വേഷിച്ചു് അയാഠം പല ദിക്കിലും തെണ്ടി. പല പടികളും കയറിയിറങ്ങി. പലരേയും ചെന്നുകണ്ടു സഹായമാവശ്യപ്പെട്ടുനോക്കി. എന്തായിട്ടും, ആരും അയാഠക്കൊരുദ്യോഗവും വാങ്ങിക്കൊടുത്തില്ല. പഠിക്കാനല്ല വിഷമം, പഠിച്ചാൽ ഉദ്യോഗം കിട്ടാനാണു് എന്നു് അയാഠക്കു് അനുഭവപ്പെട്ടു.

പണിക്കർ ഒരു സവിശേഷമട്ടുകാരനാണു്. വണ്ണംകുറഞ്ഞു വെളുത്തു നീണ്ട ദേഹം, പ്രശാന്തവും പ്രസന്നവുമായ മുഖം, ഉച്ചത്തിലുള്ളതും ഉള്ളിൽക്കൊള്ളുന്നതുമായ സം

ഭാഷണം, ക്ഷണത്തിൽ ക്ഷോഭിച്ചുപോകുന്ന ഹൃദയം, എപ്പോഴും ആലോചിച്ചുകൊണ്ടുള്ള നില—ഇതായിരുന്നു പണിക്കർ. സ്വതന്ത്രനും അഭിമാനിയുമായ പണിക്കൾ സ്തുതിയുടെയും സേവയുടെയും വീണമീട്ടാൻ തീരേ അറിഞ്ഞുകൂടാ; എന്നല്ല, അയാളതിന്നു് ഒരുക്കവുമില്ല. "സേവ പറയലും സ്തുതിക്കലും വിഡ്ഢികൾക്കു ചേന്ന പണിയാണ്."—ഇതത്രേ അയാളുടെ അഭിപ്രായം.

പണിക്കരുമായി വെടിപറയാൻ ബഹുരസമുണ്ട്. നല്ല ഫലിതവും രസികത്വവുമുണ്ട് അയാളുടെ സംഭാഷണത്തിന്നു്. പക്ഷേ ഇങ്ങിനെയൊരു നിർഭ്ഭാഗ്യമുണ്ട് അയാൾക്ക്: ഒരാളുമായി കുറച്ചു സംസാരിക്കുമ്പോഴെയ്ക്കും അയാളുമായി തെററിപ്പിരിയും. അതിന്നെന്തെങ്കിലും കാരണമുണ്ടാകാതിരിക്കില്ല. ഒരു നിസ്സാരകാൎയ്യംമതി, അയാൾ ക്ഷോഭിച്ചു കത്തിയാളാൻ. തനിയ്ക്കിഷ്ടമുള്ള ഒരു കവിയുടെ ശ്ലോകം നന്നായില്ലെന്നു വല്ലവരും പറഞ്ഞാൽ അയാൾ വടിയെടുക്കും. ഈയൊരു സ്വഭാവംമൂലം പണിക്കൾ മിത്രങ്ങളെക്കാളേറെ ശത്രുക്കളാണുണ്ടായിരുന്നത്. "ആളൊക്കെ നന്നു്. പെരുമാറാനറിയില്ല—" ഇതായിരുന്നു പണിക്കരെപ്പററിയുള്ള പൊതുജനാഭിപ്രായം.

ഉദ്യോഗമൊന്നും കിട്ടാതെ നിരാശനായി നാൾകഴിക്കുന്ന കാലത്തു പണിക്കൾ ചെറിയൊരു ജോലി കിട്ടി—വക്കീൽ മാധവൻനായരുടെ വീട്ടിൽ കുട്ടികൾക്കു ട്യൂഷൻ. ചെലവെല്ലാം കഴിച്ച് അഞ്ചുറുപ്പികയായിരുന്നു അതിന്നു പ്രതിമാസമുള്ള പ്രതിഫലം. അക്കാലത്തെ അവിടത്തെ ജീവിതം പണിക്കൾ പരമാനന്ദപ്രദമായിരുന്നു. മാധവൻ

നായക്ക് ഒരു പുത്രിയും ഒരു പുത്രനും മാത്രമേ ഉണ്ടായിരുന്നുള്ളു—കല്യാണിക്കുട്ടിയും ബാലനും. ഇവരിൽ ബാലനു മാത്രമേ ട്യൂഷൻ വേണ്ടൂ. അതുതന്നെ രണ്ടുമണിക്കൂറിലധികം വേണ്ടതാനും. അതു കഴിഞ്ഞാൽ മററുവല്ല ജോലിയും നോക്കാം. അക്കാലത്തു പണിക്കർ ഒരലങ്കാരഗ്രന്ഥം, ഒരു നോവൽ, കുറെ ചെറുകഥകൾ, ഖണ്ഡകാവ്യങ്ങൾ എന്നിവയൊക്കെ എഴുതിത്തീക്കുകയുണ്ടായി. പക്ഷേ പണമില്ലാത്തതിനാൽ പുസ്തകമായി പുറത്തിറക്കാനും അതിൽനിന്നു വല്ലതും സമ്പാദ്യമുണ്ടാക്കാനും കഴിഞ്ഞില്ല.

കല്യാണിക്കുട്ടിക്കു പണിക്കരെ വലിയ ഇഷ്ടവും ബഹുമാനവും സമ്മതവുമായിരുന്നു. അവൾക്കു കഥകളും കവിതകളും വായിച്ചു രസിക്കാനുള്ള പഠിപ്പും സഹൃദയതപവുമുണ്ടായിരുന്നു. പണിക്കരുടെ കവിതകളും കഥകളും അവൾക്കു തുലോം ഹൃദയഹാരിയായിത്തോന്നി. കവിതകളിൽ പലതും അവൾക്കു മനഃപാഠമായിരുന്നു. ഈ നല്ല നല്ല കവിതകളും കഥകളുമൊക്കെ ആരും കാണാതെ നോട്ടുപുസ്തകത്തിനുള്ളിൽക്കിടന്നു നശിക്കുന്നതു് എന്തൊരു നഷ്ടമാണു്! ഇവയൊക്കെ ഒന്നച്ചടിച്ചാലെന്താ? ഒരു ദിവസം അവൾ പണിക്കരോടു ചോദിക്കയുണ്ടായി, "ഇതൊക്കെ ഒന്നു പുസ്തകമാക്കിക്കൂടേ?"

"അതിന്നെന്താ വിരോധം? കുറച്ചു പണം വേണമെന്നു മാത്രം."

അവൾ ഉത്തരംമുട്ടി.

പിന്നീടൊരിക്കൽ, പുസ്തകങ്ങൾ അച്ചടിപ്പിക്കാൻ പണിക്കർക്കു കുറച്ചു പണം സഹായിക്കേണ്ടതാണെന്നു ക

ല്യാണിക്കുട്ടി അച്ഛനോടു ശുപാൎശചെയ്കയുണ്ടായി. അപ്പോഠം മാധവൻനായർ പറഞ്ഞ മറുപടി ഏതാണ്ടിങ്ങിനെയായിരുന്നു: "സഹായിക്കേണ്ടതായിരിക്കാം. പക്ഷേ ഈ ക്ഷാമകാലത്തു് എവിടെയാ പണം?കുറച്ചുപണംകിട്ടിയാൽ നമുക്കിവിടെത്തന്നെ എന്തൊക്കെ ചെയ്യാനുണ്ടു്! ഇപ്പോഠം ആരെയും ഒന്നിനും സഹായിക്കാൻ നിവൃത്തിയില്ല."

കല്യാണിക്കുട്ടിയുടെ കഥയില്ലായ്മ! പണം കിട്ടുന്ന ഒരു കേസ്സിൻെറയല്ലാതെ ഒരു വക്കീൽ വക്കാലത്തെടുക്കുമോ?

കല്യാണിക്കുട്ടിയുടെ ഈ ശുപാൎശയുടെ കഥ എങ്ങിനെയോ പണിക്കരുടെ ചെവിയിലെത്തി. തനിക്കുവേണ്ടി ശുപാൎശചെയ്യാൻ ലോകത്തിൽ ഒരാളെങ്കിലുമുണ്ടല്ലോ എന്നു് അയാഠം അത്ഭുതപ്പെട്ടു.

പണിക്കരുടെ കവിതകളിലല്ലാതെ പണിക്കരിൽ ത്തന്നെ കല്യാണിക്കുട്ടി ആണ്ടുമുങ്ങിയിരുന്നുവോ? ഉവ്വെന്നോ ഇല്ലെന്നോ പറയാൻ പ്രയാസം.

ഇതിന്നിടയ്ക്കു പണിക്കരും മാധവൻനായരും തമ്മിൽ കലയെക്കുറിച്ചു് ഒരു തൎക്കമുണ്ടായി: 'കല കലയ്ക്കുവേണ്ടി' എന്നു പണിക്കർ, 'അതല്ല, കല മനുഷ്യന്നുവേണ്ടി' എന്നു മാധവൻനായർ.

പണിക്കർ പറഞ്ഞു: "കലയുടെ മുഖ്യധൎമ്മം മനുഷ്യനെ രസിപ്പിക്കൽമാത്രമാണു്."

മാധവൻനായരുടെ മറുപടി: "എൻെറ അഭിപ്രായം മററു ചിലതുകൂടി കലയ്ക്കുണ്ടെന്നാണു്!"

“മററു ചിലതുകൂടി എന്നുവെച്ചാൽ?”

“രസിപ്പിക്കുന്നതോടൊപ്പം മനുഷ്യനെ നന്നായി വളൎത്തിക്കൊണ്ടുവരലും കലയുടെ മുഖ്യധൎമ്മമാണ് എന്ന്!”

“എന്നുവെച്ചാൽ ലോകത്തെ നന്നാക്കാൻ കലാകാരൻ വിയൎത്തൊലിച്ചോടിനടക്കണമെന്ന്, അല്ലേ?”

പണിക്കരുടെ ക്ഷോഭം കത്താൻ തുടങ്ങി. മാധവൻനായർ മയപ്പെടുത്തിപ്പറഞ്ഞു: “വിയൎത്തൊലിച്ചു നടക്കണമെന്നല്ല, പുതിയ പുതിയ അറിവുകളെ ഉയൎത്തിക്കൊണ്ടുവരാൻ കലാകാരൻ ശ്രമിക്കണമെന്നാണ് ഞാൻ പറഞ്ഞത്.”

ഈ സംഭാഷണം അങ്ങിനെ കുറച്ചധികം നീണ്ടുപോയി. കടുവായപ്പോഴെഴുക്കും മാധവൻനായരുടെ അഭിപ്രായങ്ങളെ പണിക്കൎക്കു സഹിക്കാൻ വയ്യാതായി. പണിക്കരുടെ ക്ഷോഭം മൂത്തു. താനെവിടെയാണ് നില്ക്കുന്നതെന്ന കഥകൂടി അയാൾ മറന്നുപോയി. കലയെക്കുറിച്ചു തുടങ്ങിയ തൎക്കം വ്യക്തിപരമായ ശകാരമായി രൂപാന്തരപ്പെടുക എന്നതിൻെറ വക്കത്തോളമെത്തി. വാദഗതി വഴിതെററി കാൽവെയ്ക്കാൻ തുടങ്ങിയപ്പോഴെയ്ക്കും മാധവൻനായർ സ്വയം ചുവടൊഴിച്ചു.

ഈ സംഭവത്തിന്നുശേഷം മാധവൻനായരുടെ വീട്ടിൽ താമസിക്കാൻ പണിക്കൎക്കു മടുപ്പായി. ഒരു ദിവസം അയാൾ മാധവൻനായരോടു പറഞ്ഞു, “ബാലന് ഇനി ട്യൂഷൻ ആവശ്യമില്ല. അതുകൊണ്ടു ഞാനിവിടെനിന്നു താമസം മാററുകയാണ്.”

"ഉൗം." മാധവൻനായർ സഗൌരവം ചോദിച്ചു. "ഇന്നുതന്നെ പോകുന്നുവോ?"

"ഉവ്വ്."

"ഇത്ര ധൃതിയെന്താ? രണ്ടു ദിവസംകൂടി കഴിഞ്ഞിട്ടു പോയാൽ പോരേ?"

"പോരാ."

"എന്നാൽ അങ്ങനെയാവട്ടെ."

അങ്ങിനെ പണിക്കർ അവിടെനിന്ന് ഒരു നടകൊടുത്തു. എങ്ങോട്ട്? അയാൾ ചെന്നെത്തിയതു പട്ടണത്തിലാണ്. അവിടെ ഒരു മുറി വാടകയ്ക്കെടുത്തു താമസം തുടങ്ങി. വല്ല ജോലിയും കിട്ടുമെന്നായിരുന്നു അയാളുടെ ധര. പക്ഷേ ജോലിയൊന്നും കിട്ടിയില്ല. കഷ്ടപ്പാടുകൾ കൂട്ടത്തോടേ വന്ന് അയാളെ ആക്രമിക്കുകയായി. ചായ കുടിക്കാത്ത രാവിലെകളും അത്താഴമുണ്ണാത്ത രാവുകളും അയാളുടെ ജീവിതത്തിൽ സുലഭങ്ങളായി! പൊറുതിമുട്ടിയപ്പോൾ മുമ്പെഴുതിവെച്ചിരുന്ന പല പുസ്തകങ്ങളും വളരെ മടിയോടും മനോവേദനയോടുംകൂടി അയാൾ തീരുവിററു—തുലോം തുച്ഛമായ ഒരു സംഖ്യയ്ക്ക്.

പുസ്തകശാലക്കാൎക്കു വല്ലതുമൊക്കെ എഴുതിക്കൊടുത്തു കൊണ്ടുതന്നെ അയാൾ പട്ടണത്തിൽ നന്നെ അരിഷ്ടിച്ചു ജീവിച്ചുപോന്നു. കഷ്ടിച്ചു രണ്ടു കൊല്ലത്തോളം അയാൾ 'സാഹിത്യപോഷിണി'യുടെ പത്രാധിപരായിരുന്നിട്ടുണ്ട്; അഞ്ചാറുമാസം ഒരു സംസ്കൃതമുൻഷിയുടെ ജോലിയും നോക്കുകയുണ്ടായി. എന്നാൽ ഏറെത്താമസിയാതെ എല്ലാദിക്കിൽനിന്നും അധികൃതന്മാരുമായി തെററിപ്പോരേണ്ടി വന്നു, അയാൾക്ക്.

നിരന്തരമായ അധ്വാനം, അസമയത്തുള്ള അപഥ്യഭക്ഷണം, ഉറക്കമൊഴിക്കൽ എന്നിവ പണിക്കരെ ഒരു രോഗിയാക്കിത്തീൎത്തു. ശരീരം പരിശോധിച്ച ഡോക്ടർ അഭിപ്രായപ്പെട്ടതിങ്ങിനെയാണ്: "ക്ഷയമാണ്, സൂക്ഷിക്കണം! നല്ലവണ്ണം ചികിത്സിച്ചാൽ മാറാനേ ഉള്ളു."

ഇതു കേട്ടപ്പോൾ പണിക്കർ ഒന്നു ഞെട്ടി. സൂക്ഷിക്കണം! നല്ലവണ്ണം ചികിത്സിക്കണം! പക്ഷേ പണമെവിടെ?

കാൎയ്യമായൊരു ചികിത്സയും അയാൾക്കു ചെയ്യാൻ കഴിഞ്ഞില്ല. രോഗം അയാളെ ആൎത്തിയോടുകൂടി നക്കിത്തിന്നാൻ തുടങ്ങി. ഒടുവിൽ അയാൾ പട്ടണം വിടുവാൻ തീൎച്ചയാക്കി. ഒരു നോവലും ചില ഖണ്ഡകാവ്യങ്ങളും ബാക്കിയുണ്ടായിരുന്നു. അവയെയും പുസ്തകശാലക്കാൎക്കു നിസ്സാരസംഖ്യയ്ക്കു തീറുവിററു. അതുംകൊണ്ടു നാം കണ്ട ആ കുന്നിൻപള്ളയ്ക്കലെ കൂരപ്പുരയിലേയ്ക്കു് അയാൾ താമസം മാററി.

ആ കുന്നിൻപള്ളയ്ക്കലെ ജീവിതം പണിക്കൎക്കു കുറച്ചു നാൾ സുഖകരമായി തോന്നി. പിന്നീടു രോഗം വൎദ്ധിക്കാൻ തുടങ്ങി; കയ്യിലെ കാശു കുറയാനും. പണിക്കൎക്കു രാത്രിയിൽ തീരെ ഉറക്കമില്ല. തൻെറ കയററുകട്ടിലിലിരുന്നു കുരച്ചുതുപ്പിക്കൊണ്ടുതന്നെ അയാൾ നേരം പ്രകാശമാകും. ചിലപ്പോൾ കുരച്ചു തുപ്പുമ്പോൾ ചോരയുമുണ്ടായിരുന്നു. അയാൾ സ്വയം പറയും, "അസ്തമയത്തിൻെറ തുടുപ്പു കണ്ടുതുടങ്ങിയിരിക്കുന്നു."

കുറച്ചു ദിവസമായിട്ടു പണിക്കർ നടക്കാൻപോകാറില്ല. അയാൾക്കു തീരെ വയ്യ. പാറിപ്പുരത്തിയിട്ടു തലമു

ടി, കുണ്ടിൽപ്പോയ കണ്ണുകൾ, വാടിക്കരിഞ്ഞ വദനം, എല്ലിൻതൊണ്ടായ ദേഹം—ഇങ്ങിനെ കാഴ്ചയിൽ ഒരു പ്രാകൃതനായിരിക്കുന്നു അയാൾ: ആരെയും പേടിപ്പെടുത്തുകയും വ്യസനിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രാകൃതസ്വരൂപം!

പണിക്കരുടെ പരിചര്യക്കായി നിന്നിരുന്ന ചെക്കന്റെ പ്രധാനജോലി മുണ്ടു തിരുമ്മുക, ഭക്ഷണം പാകം ചെയ്യുക ഇവയായിരുന്നു. ഇതെല്ലാം കഴിഞ്ഞാൽ വൈകുന്നേരം അവൻ വീട്ടിലേയ്ക്കു തിരിച്ചുപോകും. ഒരു ദിവസം പതിവിലധികം ക്ഷീണം തോന്നിയിട്ടു പണിക്കർ വാലിയക്കാരൻ ചെക്കനോടു ചോദിച്ചു, "ഇന്നു രാത്രി നിനക്കു വീട്ടിലേയ്ക്കു പോണന്നുണ്ടോ?"

"അയ്യോ, എനിക്കു പേടിയാവും ഇവിടെ കെടക്കാൻ."

"അതിനു ഞാനില്ലേ ഇവിടെ?"

"എനിക്കു നിങ്ങളെയാ പേടി."

പണിക്കർ ഒന്നു പുഞ്ചിരിക്കൊണ്ടു. എന്തു സങ്കടകരമായ പുഞ്ചിരി! അയാളുടെ കരിവാളിച്ച കവിളുകളിലൂടെ കണ്ണുനീർച്ചാലുകൾ ഒഴുകിയിരുന്നു. തന്നെപ്പോലെതന്നെ ദയനീയമായി മങ്ങിക്കത്തിയിരുന്ന ഒരു വിളക്കിന്റെ അന്തിത്തുണയോടുകൂടി അന്നും അയാൾ നേരം വെളുപ്പിച്ചു. അന്നു രാവിലെ അയാൾ എന്തൊക്കെയോ ആലോചിച്ചിരുന്നു. ഒടുവിൽ ഒരു സ്ലിപ്പെഴുതി തലയിണയുടെ ചുവട്ടിൽ വെയ്ക്കുകയുമുണ്ടായി.

പണിക്കരുടെ സ്ഥിതി പിന്നെപ്പിന്നെ പരുങ്ങലിലായി. തനിയെ എഴുന്നേല്ക്കാൻപോലും അയാൾക്കു വയ്യ. തലേന്നാൾ എഴുതിവെച്ചിരുന്ന സ്ലിപ്പുമായി തന്റെ റവാലിയക്കാരനെ അയാൾ എങ്ങോട്ടോ പറഞ്ഞയച്ചിരിക്കുകയാണ്. അയാൾ ആരോ ഒരാളുടെ വരവും കാത്തു കിടക്കുകയാണെന്നു തോന്നി.

*   *   *   *

അന്നത്തെ സൂര്യനും അന്ത്യശ്വാസം വലിച്ചു നേത്തടങ്ങാൻ പോകുന്നു. ഈ സമയത്ത്, പരിഷ്കൃതവേഷത്തോടുകൂടിയ ഒരു യുവതി പണിക്കരുടെ പാർപ്പിടത്തിലേയ്ക്കു പറന്നെത്തി. അവൾ വെമ്പലോടെ അകത്തേയ്ക്കു കടന്നു. അപ്പോൾത്തന്നെ നിറഞ്ഞ കണ്ണു തുടച്ചുകൊണ്ടു് അവൾ പുറത്തേയ്ക്കിറങ്ങിപ്പോകുന്നതും കണ്ടു.

കഷ്ടം, ആ നിർഭാഗ്യജീവി മരിച്ചു; ആ പേനയിലെ മഷി ഇററിററായി വീണ് എന്നെന്നേയ്ക്കുമായി വററിക്കഴിഞ്ഞു!

—എം. ആർ. ഭട്ടതിരിപ്പാട്.

MUL
165329
165329
38257
032:3x NO
J2
UNIVERSITY LIBRARY
- 8 MAR 1956
MADRAS

18 JUN 1956